പതിനാലാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2016-2019)

## പതിനേഴാമത് റിപ്പോർട്ട്

**[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2008-2011)യുടെ പത്തൊൻപതാമത് റിപ്പോർട്ടിലെ (വിവരസാങ്കേതികവിദ്യാ വകുപ്പിനെ സംബന്ധിച്ച്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ]**

(2018 ജൂൺ 19-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

പതിനാലാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2016-2019)

**പതിനേഴാമത് റിപ്പോർട്ട്**

[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2008-2011)യുടെ പത്തൊൻപതാമത് റിപ്പോർട്ടിലെ
(വിവരസാങ്കേതികവിദ്യാ വകുപ്പിനെ സംബന്ധിച്ച്) ശിപാർശകളിന്മേൽ/
നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച്]

1216/2018.

# ഉള്ളടക്കം


| | | | |
|---|---|---|---|
| | | | പേജ് |
| സമിതിയുടെ ഘടന | | .. | v |
| മുഖവുര | | .. | vii |
| അദ്ധ്യായം 1 | : റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം 2 | : ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | 1 |

# എസ്റ്റിമേറ്റ്സ് കമ്മിറ്റി (2016-2019)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. എസ്. ശർമ്മ

<u>അംഗങ്ങൾ</u> :

ശ്രീ. പി. കെ. അബ്ദു റബ്ബ്

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. കെ. സി. ജോസഫ്

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. കെ. രാജൻ

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. സി. കെ. ശശീന്ദ്രൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി

ശ്രീമതി രജനി വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

# മുഖവുര

പന്ത്രണ്ടാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2008-2011)യുടെ പത്തൊൻപതാമത് റിപ്പോർട്ട് (വിവരസാങ്കേതികവിദ്യാ വകുപ്പിനെ സംബന്ധിച്ച്) 2011 ജനുവരി 3-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 52 ശിപാർശകൾ/നിർദ്ദേശങ്ങളാണ് ഉണ്ടായിരുന്നത്. പ്രസ്തുത ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിച്ച നടപടികളും അവയിന്മേൽ സമിതി ആരാഞ്ഞ അധികവിവരങ്ങളും അവയുള്ള മറുപടികളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ട് 2018 ജൂൺ 12-ാം തീയതി കൂടിയ സമിതി യോഗം അംഗീകരിച്ചു.

തിരുവനന്തപുരം,
2018 ജൂൺ 12.

എസ്. ശർമ്മ,
*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

# റിപ്പോർട്ട്

## അദ്ധ്യായം 1

പന്ത്രണ്ടാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2008-2011)-യുടെ 19-ാമത് റിപ്പോർട്ട് (വിവരസാങ്കേതികവിദ്യാ വകുപ്പിനെ സംബന്ധിച്ച്) 3-1-2011-ൽ സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 52 ശിപാർശകൾ/നിർദ്ദേശങ്ങളാണ് ഉണ്ടായിരുന്നത്.

ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ അനന്തരനടപടികൾ സ്വീകരിക്കുന്നതിന് റിപ്പോർട്ടിന്റെ അച്ചടിച്ച പ്രതികൾ 8-2-2011-ൽ സർക്കാരിലേയ്ക്ക് അയച്ചു കൊടുത്തു. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന സമാഹൃതക്കുറിപ്പുകൾ 20-9-2012, 7-11-2013, 3-9-2014, 5-11-2014, 28-1-2015, 22-11-2016, 27-12-2016, 12-6-2018 എന്നീ തീയതികളിൽ കൂടിയ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. കൂടാതെ താഴെ പറയുന്ന ശിപാർശ കൂടി സർക്കാരിന് നൽകുന്നതിന് സമിതി തീരുമാനിച്ചു:

<u>കേന്ദ്ര ഇൻഫർമേഷൻ ടെക്നോളജി ആക്ടിന് വിധേയമായി സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിനും തക്കതായ ശിക്ഷ നൽകുന്നതിനും ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

സമിതിയുടെമേൽ ശിപാർശയിന്മേൽ അനന്തര നടപടി സ്വീകരിച്ച് താമസംവിനാ മറുപടി ലഭ്യമാക്കേണ്ടതാണ്.

സമിതി (2008-2011)യുടെ 19-ാമത് റിപ്പോർട്ടിലെ ശിപാർശകളും, അവയ്ക്കു സർക്കാർ ലഭ്യമാക്കിയ മറുപടികളും ഈ റിപ്പോർട്ടിന്റെ രണ്ടാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം 2

**സമിതിയുടെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ. (ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളാണ്.)**

### ശിപാർശ 1 (ഖണ്ഡിക 67)

വിവിധ സർക്കാർ വകുപ്പുകളിൽ വിവരസാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക, വിവിധ സർക്കാർ വകുപ്പുകളെ ബന്ധിപ്പിച്ചുകൊണ്ട് നെറ്റ്‌വർക്ക് സംവിധാനം കാര്യക്ഷമമാക്കുക എന്നിവ വകുപ്പിന്റെ പ്രധാന ലക്ഷ്യങ്ങളിൽപ്പെടുന്നു. കൂടാതെ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ സ്വന്തമായി തയ്യാറാക്കുന്ന

ഓഫീസുകൾക്ക് അതുമായി ബന്ധപ്പെട്ട സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, എല്ലാ വകുപ്പുകളും ഉപയോഗിക്കുന്ന ഐ.ടി. ആപ്ലിക്കേഷനുകൾ ലഭ്യമാക്കുക, ഇ-പ്രൊക്യുയർമെന്റ്സ്, ഓൺലൈൻ ആപ്ലിക്കേഷനുകൾ തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കുക, ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കി വരുന്ന സേവനങ്ങൾക്കാവശ്യമായ സാങ്കേതിക സഹായം നൽകുക, ജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്ന തരത്തിലുള്ള അക്ഷയ കേന്ദ്രങ്ങൾ, ജനസേവന കേന്ദ്രങ്ങൾ എന്നിവ പ്രവർത്തിപ്പിക്കുക എന്നിവയും ഐ.ടി. വകുപ്പിന്റെ ലക്ഷ്യങ്ങളാണ്. ജനസേവന കേന്ദ്രങ്ങൾ ഇപ്പോൾ ജില്ലാ ആസ്ഥാനങ്ങളിൽ മാത്രമാണ് പ്രവർത്തിക്കുന്നതെന്നും മതിയായ ജീവനക്കാരുടെ അപര്യാപ്തമൂലം കൗണ്ടറുകളുടെ എണ്ണം പകുതിയായി കുറച്ചിരിക്കുകയാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുകയും ഇപ്പോൾ ജില്ലാ ആസ്ഥാനങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്ന ഈ സംവിധാനം താലൂക്ക് തലങ്ങളിലേക്കും വ്യാപിപ്പിക്കുന്നത് നല്ലതായിരിക്കുമെന്നു സമിതി കരുതുന്നു. കേരള-മഹാത്മാ-കണ്ണൂർ സർവ്വകലാശാലകളുടെ സേവനങ്ങൾ മാത്രമാണ് ജനസേവന കേന്ദ്രങ്ങൾവഴി നൽകി വരുന്നത്. മറ്റു സർവ്വകലാശാലകളുടെ സേവനം കൂടി ജനസേവന കേന്ദ്രം വഴി നൽകുന്നത് ഉചിതമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

വിവരസാങ്കേതികവിദ്യയുടെ പ്രയോജനം സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് 2000-ാമാണ്ടിൽ കേരള സർക്കാർ ഐ.ടി. മിഷന്റെ കീഴിൽ ഫ്രണ്ട്സ് ജനസേവന കേന്ദ്രം എന്ന ഏകജാലക സംവിധാനം തിരുവനന്തപുരത്ത് സ്ഥാപിച്ചത്. പൊതുജനങ്ങൾക്ക് വിവിധ ഓഫീസുകളിൽ പോകാതെ തന്നെ വിവിധ വകുപ്പുകളിലേക്കുള്ള നികുതികളും ബില്ലുകളും ഒരു കേന്ദ്രത്തിൽ തന്നെ അടയ്ക്കുവാനും അവരുടെ സമയവും ധനവും ലാഭിക്കാനും ഇതുവഴി കഴിയുന്നു. തിരുവനന്തപുരത്ത് ആരംഭിച്ച FRIENDS (Fast Reliable Instant Efficient Network for Disbursement of Services) പദ്ധതിക്ക് ലഭിച്ച ജനപിന്തുണ കണക്കിലെടുത്ത് 2001-ൽ മറ്റെല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ ആരംഭിച്ചു. ഫ്രണ്ട്സിലെ കമ്പ്യൂട്ടർവൽകൃത കൗണ്ടറുകൾ ഞായറാഴ്ചകൾ ഉൾപ്പെടെ എല്ലാ ദിവസവും രാവിലെ 9 മുതൽ വൈകിട്ട് 7 വരെ പ്രവർത്തിച്ചു വരുന്നു. എന്നാൽ ഈ കേന്ദ്രങ്ങളിലൂടെ നൽകി വരുന്ന സേവനങ്ങൾ അതാത് വകുപ്പുകൾ/ സ്ഥാപനങ്ങൾ അവരവരുടെ തന്നെ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയതിനാൽ ഫ്രണ്ട്സിലെ സംവിധാനം ഉപയോഗിക്കേണ്ടിവരുന്ന എണ്ണത്തിൽ ഗണ്യമായ കുറവ് വന്ന സാഹചര്യത്തിൽ ഈ സംവിധാനം താലൂക്ക് തലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നത് പ്രായോഗികമായിരിക്കുമെന്ന് കരുതുന്നില്ല. നിലവിൽ സർവ്വകലാശാലകളുടെ ഫീസ് സ്വീകരിക്കുന്നതിന് സൗകര്യം

ഏർപ്പെടുത്തിയിട്ടുണ്ട്. എൻ.ഐ.സി.യുടെ സഹകരണ ത്തോടെ വികസിപ്പിച്ചെടുത്ത ഫ്രണ്ട്സിന്റെ പുതിയ സോഫ്റ്റ്‌വെയറായ ഫ്രീസ് (FREEZ) പ്രവർത്തനം ആരംഭിച്ചതോടെ തൽസമയം ഡിപ്പാർട്ടുമെന്റുകളിലേക്ക് ഓൺലൈനായി വിവരങ്ങൾ കൈമാറാൻ സാധിക്കുന്നുണ്ട്. കേരളത്തിലെ എല്ലാ ജില്ലകളിലുമുള്ള ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിലും അക്ഷയ സെന്ററുകളിലും പുതിയ സോഫ്റ്റ്‌വെയർ പ്രവർത്തനം ആരംഭിച്ചു. കൂടാതെ പുതിയ സേവനങ്ങൾ വളരെ എളുപ്പത്തിൽ കൂട്ടിച്ചേർക്കാനും കഴിയും. വെബ്ബ് അധിഷ്ഠിത സംവിധാനത്തിലൂടെ ഏത് സ്ഥലത്തു നിന്നുമുള്ള പണമിടപാടും എല്ലാ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിലൂടെയും നടത്തുന്നതിനുള്ള സൗകര്യം ലഭിക്കും. വിവിധ സേവനങ്ങൾ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിലും അക്ഷയാ സെന്ററുകളിലും ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## ശിപാർശ 2 (ഖണ്ഡിക 68)

കമ്പ്യൂട്ടർ സാക്ഷരത ഉറപ്പുവരുത്തുന്നതിനായി രൂപം നൽകിയ പദ്ധതിയാണ് അക്ഷയയെന്നും, 14 ജില്ലകളിലും അക്ഷയ കേന്ദ്രങ്ങൾ ആരംഭിച്ചു കഴിഞ്ഞതായും സമിതി മനസ്സിലാക്കുന്നു. നികുതിദാതാക്കൾക്ക് നികുതിയടക്കുന്നതിനും വൈദ്യുതി, വെള്ളം തുടങ്ങിയവുമായി ബന്ധപ്പെട്ട ബില്ലുകൾ അടയ്ക്കുന്നതിനും ജനസേവന കേന്ദ്രങ്ങൾ നഗരപ്രദേശത്തെ ജനങ്ങൾ പ്രയോജനപ്പെടുത്തുന്നതുപോലെ ഇ-പേയ്മെന്റിനുള്ള സൗകര്യങ്ങൾ അക്ഷയ കേന്ദ്രങ്ങളിൽ ഏർപ്പെടുത്തുന്നപക്ഷം ഗ്രാമീണ മേഖലയിലെ ജനങ്ങൾക്കും ജനസേവന കേന്ദ്രങ്ങൾവഴി ഇന്നു ലഭ്യമാക്കുന്ന എല്ലാ സേവനങ്ങളും അക്ഷയ കേന്ദ്രങ്ങൾ വഴി ലഭ്യമാക്കുന്നതാണ്.

## സർക്കാർ സ്വീകരിച്ച നടപടി

ഒട്ടേറെ സേവനങ്ങൾ ഇന്ന് ഓൺലൈനായി ലഭിക്കുന്നതിനും ഇ-പേയ്മെന്റ് സൗകര്യം ഉപയോഗിച്ച് സർക്കാരിൽ പണമടക്കുന്നതിന് അക്ഷയയിലൂടെ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. യൂണിവേഴ്സിറ്റി പരീക്ഷകൾക്കുള്ള ഫീസ്, വെള്ളക്കരം, കറന്റ് ബിൽ, ഫോൺ ബില്ലുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി ലഭിക്കുന്ന സേവനങ്ങൾക്കുള്ള ഫീസ് എന്നിവ അക്ഷയയിലൂടെ അടയ്ക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

## ശിപാർശ 3 (ഖണ്ഡിക 70)

സെക്രട്ടേറിയറ്റിൽ നെറ്റ്‌വർക്ക് കണക്ഷൻ പൂർത്തിയായതായും, തിരുവനന്തപുരം കളക്ടറേറ്റിൽ നെറ്റ്‌വർക്ക് കണക്ഷന് അനുമതി നൽകിയതായും സമിതി മനസ്സിലാക്കുന്നു. വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു വരുന്ന കെ-സ്വാൻ (Kerala State Wide Network) എന്ന പ്രോജക്ട് 2006 മുതൽ പ്രവർത്തിച്ചു വരുന്നതായും, റവന്യൂ വകുപ്പ്,

ആഭ്യന്തര വകുപ്പ്, ഐ.ടി. മിഷൻ, അഡ്വക്കേറ്റ് ജനറൽ ഓഫീസ്, വികാസ് ഭവൻ, പബ്ലിക് ഓഫീസ് എന്നിവിടങ്ങളിൽ പ്രസ്തുത സംവിധാനത്തിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞതായും സമിതി മനസ്സിലാക്കുന്നു. കളക്ടറേറ്റുകളുമായി ബന്ധപ്പെട്ട് നെറ്റ്‌വർക്ക് കണക്ഷൻ ഉണ്ടായതുപോലെ, ജില്ലാ താലൂക്ക്തല ഓഫീസുകളിലും നെറ്റ്‌വർക്ക് കണക്ഷൻ ഉണ്ടാകേണ്ടതാവശ്യമാണെന്നു സമിതി കരുതുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേന്ദ്രസർക്കാരിന്റെ അംഗീകാരത്തോടുകൂടി രാജ്യത്താകമാനം സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് (KSWAN) ലഭ്യമാക്കുന്നതിന്റെ ഭാഗമായി കേരള സർക്കാർ കെസ്വാൻ (KSWAN) പദ്ധതിക്ക് രൂപം കൊടുത്തു. ഇത് സംസ്ഥാന സർക്കാരിന്റെ ഡിജിറ്റൽ ബാക്ക്ബോൺ ആയി പ്രവർത്തിച്ചു വരുന്നു. നാളിതുവരെ 3320 ഓഫീസുകൾ കെസ്വാനിലൂടെ കണക്ട് ചെയ്തിട്ടുണ്ട്. നിലവിൽ 45-ൽ പരം വകുപ്പുകൾ കെസ്വാൻ connectivity ഉപയോഗിച്ചു വരുന്നു. രാജ്യത്ത് ആദ്യമായി NOFN (National Optical Fiber Network) സംവിധാനംവഴി ഇടുക്കി ജില്ല രാജ്യത്തെ ആദ്യ Digital District എന്ന നേട്ടം കൈവരിച്ചു. എല്ലാ വില്ലേജ് ഓഫീസുകളെയും NOFN സംവിധാനംവഴി digital ശൃംഖലയിലേയ്ക്ക് ബന്ധിപ്പിച്ചു. ഇന്ത്യ ഗവൺമെന്റിന്റെ വിവര സാങ്കേതിക വകുപ്പിന്റെ സഹകരണത്തോടെ കേരള സംസ്ഥാന ഐ.ടി. മിഷൻ നടപ്പിലാക്കി കൊണ്ടിരിക്കുന്ന ഒരു ജനസേവന പദ്ധതിയാണ് മൊബൈൽ ഗവേണൻസ്. ഇത് പ്രകാരം SMS അടിസ്ഥാനമാക്കിയുള്ള സേവനങ്ങൾ ആണ് മുഖ്യമായും നിർവഹിക്കുന്നത്. വിവിധ സർക്കാർ വകുപ്പുകൾ സന്ദേശങ്ങൾ ജനങ്ങൾക്ക് എത്തിക്കുന്ന രീതിയിലും (Push Services) ജനങ്ങൾക്ക് ആവശ്യമായ സന്ദേശങ്ങൾ സർക്കാരിൽ നിന്നും അഭ്യർത്ഥിച്ചു കരസ്ഥമാക്കാനുള്ള രീതിയിലും (Pull Services) ഉള്ള സൗകര്യങ്ങൾ ഈ സേവന ശൃംഖലയിലൂടെ നൽകി വരുന്നു. കേരളത്തിനെ പ്രതിനിധീകരിച്ചു 537252 എന്ന ഷോർട്ട് കോഡ്‌വഴി ആണ് ഈ സേവനങ്ങൾ പ്രവർത്തിക്കുന്നത്. https://esms.kerala.gov.in എന്ന പോർട്ടലാണ് കേരള സർക്കാരിന്റെ വിവിധങ്ങളായ മൊബൈൽ അധിഷ്ഠിത സേവനങ്ങൾക്ക് ഒരു പൊതുവേദി ആവുന്നത്. ഈ പോർട്ടലിൽ ലോഗിൻ ചെയ്ത് സന്ദേശങ്ങൾ അയയ്ക്കാൻ ഉപയോഗിക്കുന്നതിലുപരി വെബ്ബ് സർവ്വീസുകൾ നൽകി വിവിധ ഗവൺമെന്റ് വിഭാഗങ്ങൾക്ക് അവരവരുടെ സോഫ്റ്റ്‌വെയറുകളുമായി യോജിപ്പിക്കുവാനും സൗകര്യം നൽകുന്നുണ്ട്. ഇത് കൂടാതെ ഗവൺമെന്റിന്റെ വിവിധ സേവനങ്ങൾ ഇന്റർനെറ്റിൽ ലഭ്യമാണ്. അവ വിവിധ മൊബൈൽ സേവന മാർഗ്ഗങ്ങളായ മൊബൈൽ ആപ്ലിക്കേഷൻ, ഇന്റർ ആക്ടീവ് വോയിസ് റെസ്പോൺസ്, USSD തുടങ്ങിയ മാർഗ്ഗങ്ങളിലൂടെയും ജനങ്ങളിലേക്കെത്തിക്കാനുള്ള കർമ്മ പരിപാടികളും ആസൂത്രണം ചെയ്തു വരുന്നു. കേരള ഗവൺമെന്റിന്റെ എല്ലാ സർവീസുകളും മൊബൈൽ അധിഷ്ഠിത

സേവനങ്ങളായി ജനങ്ങളിലേക്കെത്തിക്കാൻ ഒരു പൊതുവായ വേദി ഈ പ്രൊജക്ട് വഴി തയ്യാറാവുകയാണ്. പ്രധാനമായും SMS വഴിയും 2G, 3G, Wifi തുടങ്ങിയ മാർഗ്ഗങ്ങളിലൂടെയുള്ള ഇന്റർനെറ്റ് വഴിയും മൊബൈൽ ഒരു അടിസ്ഥാന ഘടകമാക്കിയാണ് ഇത്തരം സേവനങ്ങൾ ജനങ്ങളിൽ എത്തിക്കുന്നത്. സ്മാർട്ട് ഫോണുകൾ കേരളത്തിലെ ജനങ്ങൾക്കിടയിൽ വ്യാപകമായതിനെ തുടർന്നാണ് ഇത്തരം നീക്കങ്ങൾ ഫലപ്രാപ്തിയിലേക്ക് എത്തുന്നത്. പ്രധാനമായും ജനോപകാരപ്രദമായ മൊബൈൽ ആപ്ലിക്കേഷനുകൾ വഴിയാണ് ഇത്തരം സേവനങ്ങൾ ജനങ്ങളിലേക്കെത്തിക്കാൻ വിഭാവനം ചെയ്യുന്നത്.

ഇപ്പോൾ കേരള ഗവൺമെന്റ് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ഇതിനകം തന്നെ മൊബൈൽ ഗവേണൻസിന്റെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. ജനങ്ങളുമായി വിവരങ്ങൾ കൈമാറാനും, ഓൺലൈൻ സേവനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്താനും മറ്റും ഈ സേവനം നിസ്തുലമായ പങ്കാണ് വഹിക്കുന്നത്. നിലവിൽ 140-ഓളം ഗവൺമെന്റ് സ്ഥാപനങ്ങളും പദ്ധതികളും ഈ സേവനത്തിന്റെ വരിക്കാരാണ്. കൂടുതൽ സങ്കീർണ്ണമായ മൊബൈൽ പേയ്മെന്റ് ഗേറ്റ് വേ സ്മാർട്ട് ഡോക്യുമെന്റ്സ് തുടങ്ങിയ പദ്ധതികൾ അടുത്തതായി മൊബൈൽ ഗവേണൻസിനു കീഴിൽ പുതുതായി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. ഇത്തരം പദ്ധതികൾ ജനങ്ങൾക്ക് പല തലങ്ങളിലും ഉപകാരപ്രദമായ കാര്യങ്ങളാണ്. ജനജീവിതം " Always Online " എന്ന മൊബൈൽ രംഗത്തെ സവിശേഷത ഉപയോഗപ്പെടുത്തി കൂടുതൽ ആയാസരഹിതമാക്കുക എന്നതാണ് മൊബൈൽ ഗവേണൻസിന്റെ മുഖ്യ ലക്ഷ്യം തന്നെ.

<u>ശിപാർശ 4 (ഖണ്ഡിക 71)</u>

വില്ലേജ് ഓഫീസ് വരെയുള്ള നെറ്റ്‌വർക്ക് സംവിധാനം സമയബന്ധിതമായി പൂർത്തിയാക്കുവാനായി, തദ്ദേശസ്വയംഭരണ വകുപ്പും പഞ്ചായത്തുകളുമായി ബന്ധിപ്പിച്ചുകൊണ്ട് ചില പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും ഫണ്ടിന്റെ അഭാവത്താൽ പ്രവർത്തനങ്ങൾ ഒന്നും ഇതുവരെ നടന്നിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. വിവിധ പഞ്ചായത്തുകളെ നെറ്റ്‌വർക്കുമായി ബന്ധിപ്പിക്കുന്ന (അക്ഷയ വഴി) ഇ-ഡിസ്ട്രിക്ട് എന്ന ഒരു പരിപാടി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഇ-ഡിസ്ട്രിക്ട് നാഷണൽ ഇ-ഗവേണൻസ് പ്ലാനിനു കീഴിലെ മിഷൻ മോഡ് പദ്ധതിയാണ്. ജില്ലാതലത്തിലുള്ള സർക്കാർ സേവനങ്ങൾ വളരെ ലളിതമായി ഓൺലൈൻവഴി പൊതുജനങ്ങൾക്ക് എത്തിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിയിലൂടെ ഓൺലൈൻ വെബ്ബ് പോർട്ടലും അക്ഷയയുംവഴി വളരെ വിപുലമായി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യണമെന്നും ഉദ്ദേശിക്കുന്നു. നാഷണൽ ഇ-ഗവേണൻസ്

പ്ലാനിന്റെ നിർദ്ദേശങ്ങൾ പ്രകാരം കേരളാ സർക്കാർ ഇ-ഡിസ്ട്രിക്റ്റ് പദ്ധതി നടപ്പിലാക്കുകയും അതിലൂടെ ജനങ്ങൾക്ക് അക്ഷയ കേന്ദ്രങ്ങൾ വഴിയോ അല്ലെങ്കിൽ ഓൺലൈൻ പോർട്ടൽ വഴിയോ വീട്ടിലിരുന്നു തന്നെ സർക്കാർ സേവനങ്ങൾ സുതാര്യമായും, നിഷ്പക്ഷമായും, വേഗതയിലും ലഭ്യമാക്കാവുന്നതുമാണ്. 23 റവന്യൂ സർട്ടിഫിക്കറ്റുകളുമായി ഡിസംബർ 17, 2010-ൽ കണ്ണൂരും, ഫെബ്രുവരി 8, 2011-ൽ പാലക്കാടും ഇ-ഡിസ്ട്രിക്റ്റ് പദ്ധതി പ്രവർത്തനം ആരംഭിച്ചു. പദ്ധതിവഴി ലഭ്യവായ സേവനങ്ങൾ നൽകുന്നതിന് കേരള സർക്കാർ വിവരസാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട നിയമ ഭേദഗതികൾ വരുത്തി.

ഇ-ഡിസ്ട്രിക്റ്റ്‌വഴി വിതരണം ചെയ്യുന്ന എല്ലാ സർട്ടിഫിക്കറ്റിലും അത് നൽകുന്ന ഉദ്യോഗസ്ഥന്റെ ഡിജിറ്റൽ സിഗ്നേച്ചർ രേഖപ്പെടുത്തിയിട്ടുണ്ടാകും. ഡിജിറ്റൽ സിഗ്നേച്ചർ അഥവാ ഒപ്പ് സ്വീകാര്യതയ്ക്കായി കേരള സർക്കാർ ഓർഡറുകൾ (G.O. No.24/2010/ITD, Dt. 4-8-2010) പുറത്തിറക്കിയിട്ടുണ്ട്. ഇ-ഡിസ്ട്രിക്റ്റ് സെർവ്വറുകളുടെ മുടക്കമില്ലാത്ത പ്രവർത്തനത്തിനായി ഡാറ്റാബേസ്, സിസ്റ്റം അഡ്മിനിസ്ട്രേറ്റർമാരെ നിയമിച്ചിട്ടുണ്ട്. ജില്ലാതല സഹായ സേവനങ്ങൾക്കായി എല്ലാ ജില്ലകളിലും 5 സപ്പോർട്ട് എഞ്ചിനീയർ മാരെയും നിയമിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ഉദ്യോഗസ്ഥർക്കും അക്ഷയ നടത്തിപ്പുകാർക്കും പരിശീലകരെയും കേരളാ ഐ.റ്റി. മിഷന്റെ കീഴിൽ ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ജില്ലകളിലും ഇ-ഡിസ്ട്രിക്റ്റ് മാർഗനിർദ്ദേശങ്ങൾ അനുസരിച്ച് ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റികളും പ്രവർത്തിക്കുന്നു. ഡിസംബർ 2012 മുതൽ മാർച്ച് 2013 വരെയുള്ള കാലയളവിൽ 23 സർട്ടിഫിക്കറ്റ് സേവനങ്ങൾ കേരളമൊട്ടാകെ 14 ജില്ലകളിലേക്കും വ്യാപിപ്പിക്കാനായി; ഒക്ടോബർ 2013-ഓടെ ഇ-ഡിസ്ട്രിക്റ്റ് പോർട്ടലിനെ ഇ-പേയ്മെന്റ് ഗേറ്റ് വേ, മൊബൈൽ ഗേറ്റ് വേ, ആധാർ തുടങ്ങിയവുമായി ബന്ധിപ്പിക്കുവാൻ സാധിച്ചു. അത് വഴി ജനങ്ങൾക്ക് അക്ഷയ കേന്ദ്രങ്ങൾ സന്ദർശിക്കാതെ തന്നെ വീട്ടിലിരുന്ന് വെബ് പോർട്ടൽ മുഖേന സേവനങ്ങൾ ലഭ്യമാക്കാവുന്നതാണ്. ഇ-ഡിസ്ട്രിക്റ്റ് പോർട്ടലിൽ തന്നെ വിവരാവകാശം (RTI)-വും പബ്ലിക് ഗ്രീവൻസ് സേവനങ്ങളും 500-ലധികം സർക്കാർ ഫീസ് അടയ്ക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തി. ഇതുവഴി ഇ-ഡിസ്ട്രിക്റ്റ് ഓൺലൈൻ പോർട്ടൽ നിലവിൽ കൊണ്ടുവരുന്ന ആദ്യ സംസ്ഥാനം എന്ന പദവി കേരളത്തിനു ലഭിച്ചു. കൂടാതെ വിവരാവകാശം (RTI), പബ്ലിക് ഗ്രീവൻസ് സേവനങ്ങളും ആദ്യമായി ഓൺലൈനിൽ കൊണ്ടുവന്ന സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളത്തിന് സ്ഥാനം ലഭിച്ചു. പിന്നോക്ക സമുദായ വകുപ്പിന്റെ കീഴിലുള്ള മൈനോരിറ്റി സർട്ടിഫിക്കറ്റുകളും ഇ-ഡിസ്ട്രിക്റ്റ് പോർട്ടൽ വഴി 2014 ജൂലൈ മുതൽ നൽകാനായി. ഇ-ഡിസ്ട്രിക്റ്റ് പദ്ധതിയിലൂടെ ഒന്നര കോടിയിൽപരം ഓൺലൈൻ സർട്ടിഫിക്കറ്റ് ഇടപാടുകൾ പൂർത്തീകരിച്ചു

23. റവന്യൂ സർട്ടിഫിക്കറ്റുകളും ഒരു മൈനോരിറ്റി സർട്ടിഫിക്കറ്റും ഇപ്പോൾ പൂർണ്ണമായും ഓൺലൈനായി ലഭിക്കുന്നു. വിവരാവകാശം (RTI), പബ്ലിക് ഗ്രീവൻസ്, മറ്റു പണം ഒടുക്കൽ സേവനങ്ങൾ എന്നിവയെ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനായുള്ള നടപടികൾ പുരോഗമിക്കുന്നു. കേന്ദ്ര വിവര സാങ്കേതിക വകുപ്പിന്റെ നിർദ്ദേശപ്രകാരമുള്ള മറ്റു സേവനങ്ങൾ തുടങ്ങുന്നതിനായുള്ള നടപടികൾ ആസൂത്രണം ചെയ്തു വരികയാണ്.

<u>അവശേഷിക്കുന്ന സേവനങ്ങളുടെ നിലവിലെ സ്ഥിതി</u>

1. റവന്യൂ കോടതി കേസുകൾ പരിഗണിക്കുന്നതിനായുള്ള പദ്ധതി STQC സർട്ടിഫിക്കറ്റ് ലഭിച്ചു. 2015 മാർച്ച് അവസാനത്തോടുകൂടി ഈ സേവനം ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

2. പബ്ലിക് ഗ്രീവിയൻസ് സേവനം കണ്ണൂർ കളക്ടറേറ്റിൽ നിലവിൽ വരുത്തി, മറ്റു കളക്ടറേറ്റുകളിലേക്കും നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

3. റേഷൻ കാർഡ് സംബന്ധമായ സേവനങ്ങൾ ഇപ്പോൾ തന്നെ അപേക്ഷകൾ അനുസരിച്ച് നൽകുന്നുണ്ട്. ഇനി അത് State Service Delivery Gate Way/State പോർട്ടലുമായി ബന്ധിപ്പിക്കേണ്ടതായുണ്ട്.

ഏകീകൃതമായ ഒരു ചട്ടക്കൂടിനുള്ളിൽ ഇ-ഡിസ്ട്രിക്ട് പദ്ധതിയെ കൊണ്ടു വരുന്നതിനായി കേന്ദ്ര വിവര സാങ്കേതിക വകുപ്പ് എല്ലാ ഇ-ഡിസ്ട്രിക്ട് സേവനങ്ങളും സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ (SSDG)യുമായി ബന്ധിപ്പിച്ച് സ്റ്റേറ്റ് പോർട്ടലിൽ കൂടിയാവണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ഇപ്പോൾ ലഭ്യമായ എല്ലാ സർക്കാർ സേവനങ്ങളും സ്റ്റേറ്റ് പോർട്ടൽ വഴി നൽകുന്നതിന് പദ്ധതിയിട്ടിട്ടുണ്ട്. അതിനുവേണ്ടി സ്റ്റേറ്റ് പോർട്ടലിന്റെ ഇ-പേയ്മെന്റ് ഗേറ്റ് വേ കണക്ഷൻ, മൊബൈൽ ഗേറ്റ്‌വേ, ആധാർ ഡാറ്റാബേസ് കണക്ഷൻ എന്നിവയുമായി ബന്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഗവൺമെന്റ് സ്വീകരിച്ചു വരികയാണ്.

<u>അപെക്സ് കമ്മിറ്റിയിൽ അംഗീകരിച്ചിട്ടുള്ള സേവനങ്ങളുടെ പട്ടിക/നിർബന്ധമായവ സർട്ടിഫിക്കറ്റുകൾ</u>

1. ജാതി
2. റസിഡൻസ്
3. ഐഡന്റിറ്റി

4. റിലേഷൻഷിപ്പ്

5. നേറ്റിവിറ്റി

6. പിൻതുടർച്ചാവകാശം

7. സോൾവൻസി

8. ലൊക്കേഷൻ

9. ഡോമിസിൽ

10. വരുമാനം

11. പൊസ്സെഷൻ

12. കമ്മ്യൂണിറ്റി

13. പൊസ്സെഷൻ &നോൺ അറ്റാച്ച്മെന്റ്

14. മിശ്ര വിവാഹം

15. ലൈഫ്

16. വാല്യുവേഷൻ

17. വിധവ

18. വൺ &സെയിം

19. കാസ്റ്റ് കൺവേർഷൻ

20. ടെസ്റ്റിറ്റ്യൂട്ട്

21. ഫാമിലി മെമ്പർഷിപ്പ്

22. ആശ്രിതം

23. നോൺ റീ-മാര്യേജ്

<u>റവന്യൂ കോടതി കേസുകൾ</u>

1. നോട്ടീസ് വിതരണം

2. കേസുകൾ പട്ടികപ്പെടുത്തൽ

3. കേസുകൾ നിർത്തിവയ്ക്കൽ

4. കൃത്യനിർവ്വഹണം വീക്ഷണം

5. കേസുകളുടെ വിധിയും സ്റ്റേയും

റേഷൻ കാർഡ്

1. പുതിയ റേഷൻ കാർഡ് വിതരണം

2. ഡ്യൂപ്ലിക്കേറ്റ് റേഷൻ കാർഡുകളുടെ പട്ടികപ്പെടുത്തൽ

3. കൂട്ടിച്ചേർക്കൽ/നീക്കം ചെയ്യൽ/പേര് മാറ്റൽ

വിവരാവകാശം

1. RTI-ക്ക് വേണ്ടിയുള്ള ആപ്ലിക്കേഷനുകൾ

പബ്ലിക് ഗ്രീവിയൻസ്

1. ഗ്രീവിയൻസ് പരാതികൾ

നിർബന്ധിതമല്ലാത്തവ

1. മോട്ടോർ വാഹന വകുപ്പ്

2. നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ഫീസ് പിരിയ്ക്കൽ

3. ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ഫീസ് പിരിയ്ക്കൽ

4. നികുതി പിരിയ്ക്കൽ

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്

1. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിലേക്കുള്ള വിവിധ തരം ഫീസ് പിരിയ്ക്കൽ

യൂണിവേഴ്സിറ്റി സേവനങ്ങൾ

1. പരീക്ഷ/പൊതു/വകുപ്പുതല പണമടയ്ക്കൽ

അവശ്യ സേവനങ്ങൾ

1. വെള്ളക്കരം

2. കറണ്ട് ബിൽ

3. ലാൻഡ് ഫോൺ ബിൽ

4. മൊബൈൽ ബിൽ

5. വയർലെസ്സ് ബിൽ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവനങ്ങൾ

1. കോർപ്പറേഷൻ
2. മുനിസിപ്പാലിറ്റി/പഞ്ചായത്ത് തുടങ്ങിയവയുള്ള ഫീസ് അടയ്ക്കൽ.

ശിപാർശ 5 (ഖണ്ഡിക 72)

ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി ജീവനക്കാർക്ക് പരിശീലനം നൽകി വരുന്നുണ്ടെങ്കിലും ഐ.ടി. വകുപ്പ് നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പല ഓഫീസുകളിലും പാലിക്കപ്പെടുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഇ-ഗവേണൻസ് വിജയകരമായി നടപ്പാക്കുവാൻ ഉന്നത നിലവാരം പുലർത്തുന്ന പരിശീലനം ജീവനക്കാർക്ക് നൽകേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സമിതി കരുതുന്നു. ഇതിനായി കുറഞ്ഞ കാലയളവിലേക്കുള്ള പരിശീലനവും ദീർഘകാല പരിശീലനവും നൽകുന്നത് സേവന രംഗത്ത് മെച്ചപ്പെട്ട പ്രവർത്തനം കാഴ്ച വയ്ക്കുവാൻ ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നു. ശരിയായ സേവനം ശരിയായ സമയത്ത്, ശരിയായ മുതൽമുടക്കിൽ ലഭിക്കുകയെന്നുള്ളത് ഓരോ പൗരന്റെയും അവകാശവും അത്തരം സേവനം ഏതൊരു ഭരണക്രമത്തിന്റെയും സുതാര്യത ഉറപ്പു വരുത്തുന്ന ഒന്നുമാണ്.

സർക്കാർ സ്വീകരിച്ച നടപടി

നിലവിലുള്ള പരിശീലന പദ്ധതികൾക്ക് പുറമേ നാഷണൽ ഇ-ഗവേണൻസ് പ്രോഗ്രാമിന്റെ ഭാഗമായി capacity building scheme സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. സർക്കാരിന്റെ വിവിധ തലങ്ങളിൽ ജോലി ചെയ്യുന്നവർക്കായി പരിശീലന പരിപാടികൾ capacity building scheme-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഐ.ടി. മേഖലയിൽ ജീവനക്കാരുടെ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനെ ലക്ഷ്യമിട്ടാണ് capacity building scheme നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി വിവിധ സംസ്ഥാനങ്ങളിൽ സ്റ്റേറ്റ് ഇ-ഗവേണൻസ് മിഷൻ ടീം (SeMT) രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഇ-ഗവേണൻസ് അനുശാസിക്കുന്ന മറ്റ് ഇ-ഗവേണൻസ് പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു. ഐ.ടി. വെർച്വൽ കേഡർ എന്ന സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്.

ശിപാർശ 6 (ഖണ്ഡിക 73)

കണ്ണൂർ ജില്ലയിൽ ആരംഭിച്ച മലയാളം കമ്പ്യൂട്ടിംഗ് ഇപ്പോൾ 8 ജില്ലകളിൽ കൂടി വ്യാപിപ്പിച്ചിട്ടുണ്ടെന്നും, മുൻപ് ഏഴെട്ട് ഫോണ്ടുകൾ ഉപയോഗിക്കുന്ന പ്രവണത ഉണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ യൂണിക്കോഡ് സ്റ്റാൻഡേർഡ് ഫോണ്ട് ഉപയോഗിക്കുവാനാണ് നിർദ്ദേശിച്ചിരിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. മലയാളം കമ്പ്യൂട്ടിംഗ് പ്രചരിപ്പിക്കുവാനുള്ള വിവിധ പ്രചരണ പരിപാടികൾ, അക്ഷയ കേന്ദ്രങ്ങൾ വഴി

എല്ലാ ജില്ലകളിലും നടന്നു വരുന്നതായി സമിതി മനസ്സിലാക്കുന്നു. 'എന്റെ ഗ്രാമം' പദ്ധതി സ്കൂൾ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും, പ്രസ്തുത പദ്ധതിയെ സംബന്ധിച്ച വിവരങ്ങൾ ഓരോ പഞ്ചായത്തിലും മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ട നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കണ്ണൂർ ജില്ലയിൽ ആരംഭിച്ച മലയാളം കമ്പ്യൂട്ടിംഗ് ഇപ്പോൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്. വിവിധ തരം ഫോണ്ടുകൾ ഉപയോഗിക്കുന്ന പ്രവണത ഉണ്ടായിരുന്ന സ്ഥാനത്ത് യൂണിക്കോഡ് സ്റ്റാൻഡേർഡ് ഫോണ്ട് ഉപയോഗിക്കുക എന്നതാണ് മലയാളം കമ്പ്യൂട്ടിംഗ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം നിരവധി വകുപ്പുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഗവൺമെന്റ് സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് ട്രെയിനിംഗ് നൽകുന്നതിനായി ട്രെയിനിംഗ് സെന്റർ സ്ഥാപിച്ചിട്ടുണ്ട്.

<u>ശിപാർശ 7 (ഖണ്ഡിക 74)</u>

വെബ്സൈറ്റുകൾക്ക് സുരക്ഷാ പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുവാനുള്ള സുരക്ഷാ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കണമെന്ന് എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. വെബ്സൈറ്റുകൾ സുരക്ഷിതമാക്കുന്നതിനു വേണ്ടി പ്രവർത്തിച്ചിരുന്ന CERT (Computer Emergency Response Team)ന്റെ പ്രവർത്തനം ഇപ്പോൾ നിലച്ചിരിക്കുകയാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ CERT-ന്റെ പ്രവർത്തനം പുനരാരംഭിക്കേണ്ടത് ഇന്നത്തെ സാഹചര്യത്തിൽ ഏറ്റവും ആവശ്യമാണെന്നു സമിതി കരുതുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സൈബർ സെക്യൂരിറ്റിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി 2010 മേയ് മാസത്തിൽ കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം (CERT-K) കേരളയുടെ പ്രവർത്തനങ്ങൾക്ക് മുഖ്യമന്ത്രി തുടക്കം കുറിച്ചു. ആഗോള തലത്തിൽ സൈബർ ഭീകരാക്രമണങ്ങൾ ചെറുക്കുവാൻ ഉപരോധ മാർഗ്ഗങ്ങൾ സ്വീകരിച്ചു വരുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം-ഇന്ത്യ എന്ന വിഭാഗത്തെ കേന്ദ്ര സർക്കാർ സജ്ജമാക്കി കഴിഞ്ഞു. ഇതിനു സമാനമായ സംവിധാനമാണ് സംസ്ഥാന സർക്കാർ CERT-K യിലൂടെ ഏർപ്പെടുത്തുന്നത്. സൈബർ കുറ്റകൃത്യങ്ങളും, ആക്രമണങ്ങളും ഫലപ്രദമായി നേരിടുന്നതിനുള്ള നൈപുണ്യം കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം-കേരളയ്ക്കുണ്ട്. CERT-കേരളയിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്തം കൃത്യമായി പാലിച്ചുവരുന്നുണ്ട്.

<u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>

സൈബർ സുരക്ഷാ ക്രമീകരണങ്ങൾ വിപുലപ്പെടുത്തുന്നതിനായി ദീർഘകാലാടിസ്ഥാനത്തിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

<u>അധികവിവരത്തിന്മേലുള്ള മറുപടി</u>

സൈബർ ഭീകരാക്രമണങ്ങളെ ചെറുക്കാൻ ദേശീയതലത്തിൽ കേന്ദ്ര സർക്കാർ സജ്ജമാക്കിയിട്ടുള്ള കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം-ഇന്ത്യ (CERT-In) എന്ന വിഭാഗത്തിനു സമാനമായി സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമാണ് സെർട്ട്-കെ. സൈബർ ആക്രമണങ്ങളെ പ്രതിരോധിക്കുന്നതിനാവശ്യമായ വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സെൻട്രൽ ക്രൈസിസ് മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കി സൈബർ സെക്യൂരിറ്റി നടപ്പിലാക്കുന്നതിനും വേണ്ട പ്രവർത്തനങ്ങളാണ് സെർട്ട്-കെ വിഭാവനം ചെയ്യുന്നത്.

സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ ഹോസ്റ്റ് ചെയ്തിരിക്കുന്ന സർക്കാർ വെബ്സൈറ്റുകളിലെ സുരക്ഷാ ഓഡിറ്റിംഗ് നടത്തി സാങ്കേതിക ശിപാർശകളും ഉപദേശങ്ങളും സെർട്ട്-കെ നൽകി വരുന്നു.

സർക്കാർ സ്ഥാപനങ്ങളിലെ സാങ്കേതിക ഉപയോക്താക്കൾക്ക് ഇൻഫർമേഷൻ സെക്യൂരിറ്റി സംബന്ധിച്ച് പരിശീലനങ്ങളും സെർട്ട്-കെ നൽകുന്നുണ്ട്.

സ്റ്റേറ്റ് ഡാറ്റാ സെന്റർ-1-ൽ ഹോസ്റ്റ് ചെയ്തിരുന്ന കേരള ഗവൺമെന്റ് വെബ്സൈറ്റുകൾ, വെബ് ആപ്ലിക്കേഷൻ, ഓപ്പറേറ്റിംഗ് സിസ്റ്റം/വെബ് സെർവർ/ ഡെവലപ്മെന്റ് പ്ലാറ്റ്ഫോമുകൾ എന്നിവയുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന മാസ്റ്റർ ഡേറ്റാ റിപ്പോസിറ്ററി സെർട്ട്-കെ തയ്യാറാക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ പോരായ്മകൾ പരിഹരിക്കുന്നതിനായി ഡേറ്റാ സെന്ററിന് നിർദ്ദേശം നൽകി വെബ്സൈറ്റുകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് വേണ്ടിയുള്ള നടപടികൾ ത്വരിതഗതിയിൽ നടപ്പിലാക്കുക, സർക്കാരിന്റെ വെബ്സൈറ്റുകൾക്കു നേരെയുള്ള ആക്രമണങ്ങൾ തൽസമയം നിരീക്ഷിച്ച് ആക്രമണ സാധ്യത നിർമാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി സെക്യൂരിറ്റി ഓപ്പറേഷൻസ് സെന്റർ സ്ഥാപിക്കുക എന്നിവ ലക്ഷ്യമിടുന്നുണ്ട്.

ഇതോടൊപ്പം സമയോചിതമായി സുരക്ഷാ നിർദ്ദേശങ്ങളുടെ രൂപകല്പനയിലൂടെ സൈബർ ആക്രമണങ്ങളുടെ സംഭവ്യത കുറയ്ക്കുകയും അതിലൂടെ സുരക്ഷ ഉറപ്പുവരുത്തുകയും ചെയ്യുക, വിവര സുരക്ഷാ മേഖലയിൽ കപ്പാസിറ്റി ബിൽഡിംഗ് വർദ്ധിപ്പിക്കുക എന്നിവയും സെർട്ട്-കെ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

സർക്കാർ ഉടമസ്ഥതയിലുള്ള എല്ലാ സ്ഥാപനങ്ങളുടെയും വെബ്സൈറ്റുകളുടെയും ഓൺലൈൻ സേവനങ്ങളുടെയും സുരക്ഷ സമയബന്ധിതമായി ഉറപ്പുവരുത്തുന്നതിനും സെക്യൂരിറ്റി ഓഡിറ്റിംഗ് നടത്തുന്നതിനുമായി സെർട്ട്-കെയും പുറമേ സെർട്ട്-ഇന്ത്യ എംപാനൽ ചെയ്തിട്ടുള്ളതും കേരളത്തിൽ പ്രവർത്തന മേഖലയുള്ളതുമായ സെക്യൂരിറ്റി ഏജൻസികളെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. ഇപ്രകാരം സെക്യൂരിറ്റി ഏജൻസിയെ നിയമിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി ഐ.ടി. മിഷൻ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

<u>ശിപാർശ 8 (ഖണ്ഡിക 75)</u>

മൊബൈൽ ഫോണിലൂടെ ആരോഗ്യ സംബന്ധമായ വിവരങ്ങളും നിർദ്ദിഷ്ട പ്രദേശത്തെ മെഡിക്കൽ സൗകര്യങ്ങളെക്കുറിച്ചും വിവരം നൽകുന്ന പദ്ധതിയെ ഡോ.എസ്.എം.എസ്. തിരുവനന്തപുരമൊഴികെയുള്ള എല്ലാ ജില്ലകളിലും പ്രവർത്തനമാരംഭിച്ചതായി മനസ്സിലാക്കുന്നു. ആരോഗ്യ മേഖലയിൽ ടെലിമെഡിസിൻ സമ്പ്രദായം വ്യാപകമാകേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മൊബൈൽ ഫോണിലൂടെ ആരോഗ്യ സംബന്ധമായ വിവരങ്ങളും നിർദ്ദിഷ്ട പ്രദേശത്തെ മെഡിക്കൽ സൗകര്യങ്ങളെ കുറിച്ചും വിവരം നൽകുന്ന പദ്ധതിയായ ഡോ.എസ്.എം.എസ്. തിരുവനന്തപുരം ജില്ല ഒഴികെ കേരളത്തിലെ എല്ലാ ജില്ലകളിലും നടപ്പിലാക്കി കഴിഞ്ഞു. ഈ സംവിധാനം ആരോഗ്യ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്.

<u>ശിപാർശ 9 (ഖണ്ഡിക 76)</u>

സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ അന്താരാഷ്ട്ര തലത്തിൽ വ്യാപകമാകുന്ന ഈ കാലഘട്ടത്തിൽ, സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ പ്രചരണത്തിനായി ഐ.സി. ഫോസ് എന്നൊരു സ്ഥാപനം രൂപീകരിച്ചിട്ടുണ്ടെന്നു സമിതിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞു. സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ പ്രചരണത്തിനായി ത്വരിത നടപടി സ്വീകരിക്കുന്നത് ഉചിതമായിരിക്കുമെന്നു സമിതി അഭിപ്രായപ്പെടുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2011 മേയ് 12-ാം തീയതി കൂടിയ ഐ.സി. ഫോസിന്റെ ഗവേണിങ് ബോഡി മീറ്റിംഗിലെ തീരുമാന പ്രകാരം രൂപീകരിച്ച എക്സ്പേർട്ട് കമ്മിറ്റിയുടെ ശിപാർശ പ്രകാരം കൺസൾട്ടൻസി, ട്രെയിനിംഗ്, അഡ്വോക്കസി, അന്താരാഷ്ട്ര ബന്ധപ്പെടൽ എന്നീ മേഖലകളിൽ സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ വ്യാപനത്തിനും ഉന്നമനത്തിനും വേണ്ടി വിവിധങ്ങളായ പരിപാടികൾ ഐ.സി. ഫോസ് നടപ്പിലാക്കി വരുന്നു.

ശിപാർശ 10 (ഖണ്ഡിക 77)

ചില സാങ്കേതിക കാരണങ്ങളാൽ കടലാസ് രഹിത ഓഫീസ് സംവിധാനം സെക്രട്ടേറിയറ്റിൽ പൂർണ്ണമായി നടപ്പാക്കുവാൻ സാധിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. 2011 മാർച്ച് മാസത്തിനകം എല്ലാ വകുപ്പുകളിലും പ്രസ്തുത സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ള സാഹചര്യത്തിൽ അതിനുവേണ്ട ഊർജ്ജിത ശ്രമങ്ങൾ ചെയ്യുന്നത് ഉത്തമമായിരിക്കുമെന്ന അഭിപ്രായമാണ് സമിതിക്കുള്ളത്.

സർക്കാർ സ്വീകരിച്ച നടപടി

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും കടലാസ് രഹിത ഫയൽ സംവിധാനമായ ഇ-ഓഫീസ് നടപ്പാക്കുന്നതിന് G.O.(Rt.)No. 10/2013/TD, dated 24-8-2013 പ്രകാരം ഉത്തരവായിട്ടുണ്ട്. ടി സോഫ്റ്റ്‌വെയർ രണ്ട് ഘട്ടങ്ങളായിട്ടാണ് നടപ്പിലാക്കുന്നത്. പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിന് എല്ലാ വകുപ്പുകളിലെയും കമ്പ്യൂട്ടർ അപ്ഗ്രേഡ് ചെയ്യേണ്ടതുണ്ട്. ആയത് കെൽട്രോണിന്റെ സഹായത്തോടെ സമയബന്ധിതമായി നടപ്പാക്കി വരുന്നു. കൂടാതെ ഇതു സംബന്ധിച്ച് ട്രെയിനിംഗും നൽകി വരുന്നു. ഇപ്പോൾ ധനകാര്യം, വിവര സാങ്കേതികവിദ്യ, വ്യവസായം, തദ്ദേശസ്വയംഭരണം, ഭക്ഷ്യവും പൊതുവിതരണവും, ആരോഗ്യ-കുടുംബക്ഷേമം, സ്റ്റോർ പർച്ചേസ്, പിന്നോക്ക വിഭാഗ വികസനം തുടങ്ങി 19 വകുപ്പുകളിൽ പൂർണ്ണമായോ, ഭാഗികമായോ കടലാസ്-രഹിത ഫയൽ സംവിധാനമായ ഇ-ഓഫീസ് ഉപയോഗിച്ചു വരുന്നു. NIC-യുടെ ഇ-ഓഫീസ് എന്ന സോഫ്റ്റ്‌വെയർ സെക്രട്ടേറിയറ്റിൽ ഘട്ടം ഘട്ടമായി നടപ്പാക്കിവരുന്നു.

ശിപാർശ 11 (ഖണ്ഡിക 78)

ഇപ്പോൾ 70 ശതമാനത്തോളം ഉദ്യോഗസ്ഥർ മാത്രമേ വിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്നുള്ളുവെന്നും, ഉദ്യോഗസ്ഥരുടെ മനോഭാവത്തിൽ മാറ്റം വരാതെ ഫയൽ നീക്കം എന്ന സംവിധാനം വിജയകരമായി നടപ്പാക്കുവാൻ സാധിക്കുകയില്ലെന്നും സമിതി മനസ്സിലാക്കുന്നു. ഫയൽ സമർപ്പണം കമ്പ്യൂട്ടറിൽ കൂടിയാകണമെന്ന് കർശന നിർദ്ദേശം നൽകുകയും അതിന് ആവശ്യമായ പരിശീലനം നൽകേണ്ടതും ഏറ്റവും ആവശ്യമാണെന്നും സമിതി കരുതുന്നു. കൂടാതെ ഉദ്യോഗസ്ഥർ കമ്പ്യൂട്ടറിൽ വിവരങ്ങൾ രേഖപ്പെടുത്താത്തതാണ് കമ്പ്യൂട്ടർ വഴിയുള്ള ഫയൽ നീക്കം അസാധ്യമാക്കുന്നതെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥരുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു.

സർക്കാർ സ്വീകരിച്ച നടപടി

മുഖ്യമന്ത്രിയുടെ നൂറ് ദിന കർമ്മ പരിപാടിയുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവുകൾ അതതു ദിവസം തന്നെ ഐഡിയാസിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള

നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു നടപ്പിലാക്കുന്നതിന് എല്ലാ വകുപ്പുകളിലും ഒരു നോഡൽ ഓഫീസറെ നിയമിക്കുകയുണ്ടായി. കൂടാതെ ഉത്തരവുകൾ അപ്‌ലോഡ് ചെയ്യുവാൻ എല്ലാ വകുപ്പുകളിലെയും ടൈപ്പിസ്റ്റ്, അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ തുടങ്ങിയവർക്ക് വേണ്ട ട്രെയിനിംഗ് നൽകിയിട്ടുണ്ട്. ആയത് കൃത്യമായി പാലിക്കുന്നതിന് എല്ലാ വകുപ്പുകൾക്കും നിർദ്ദേശവും നൽകിയിട്ടുണ്ട്.

## ശിപാർശ 12 (ഖണ്ഡിക 79)

ഇപ്പോൾ ഐ.ടി. പാർക്കുകൾ കേന്ദ്രീകരിച്ചുള്ള ഇ-വേസ്റ്റ് ശേഖരണത്തിനായി M/s ആഷ്-റീസൈക്ലേഴ്സ്, ബാംഗ്ലൂർ എന്ന സ്ഥാപനത്തെ ഏർപ്പാടാക്കിയിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ ഐ.ടി. പാർക്കുകൾക്ക് പുറത്തുള്ള ഇ-വേസ്റ്റ് സംസ്കരണത്തിനുള്ള സംവിധാനങ്ങൾ കൂടി ഏർപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് സമിതി നിരീക്ഷിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ഇ-വേസ്റ്റ് മാനേജ്മെന്റ് കാര്യക്ഷമമായി നടപ്പിലാക്കാൻ താഴെ പറയുന്ന കാര്യങ്ങൾ ചെയ്യാവുന്നതാണ്:

1. ഇ-വേസ്റ്റ് സ്വീകരിക്കുന്നതിനായി വിവിധ അംഗീകൃത ഏജൻസികളെ കണ്ടെത്തുന്നതിനായി സംസ്ഥാന പരിസ്ഥിതി മലിനീകരണ നിയന്ത്രണ ബോർഡിനെ ചുമതലപ്പെടുത്താവുന്നതാണ്.

2. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ വിദഗ്ദ്ധരുടെ നേതൃത്വത്തിൽ കമ്പനികളിലെ ഉദ്യോഗസ്ഥർക്കായി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കാവുന്നതാണ്.

3. ഇ-വേസ്റ്റ് മാനേജ്മെന്റിന്റെ വിവിധ വശങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന ഒരു ലഘുലേഖ തയ്യാറാക്കി വിതരണം ചെയ്യാവുന്നതാണ്.

4. ശരിയായ രീതിയിലുള്ള ഡിസ്പോസൽ ഉറപ്പുവരുത്താനായി പരിസ്ഥിതി മലിനീകരണ നിയന്ത്രണ ബോർഡ് ഇതിന്റെ സംസ്ഥാനതല മേൽനോട്ടം സംസ്ഥാന മലിനീകരണ ബോർഡിനെ ചുമതലപ്പെടുത്താവുന്നതാണ്.

5. പഴയ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വീണ്ടും ഉപയോഗിക്കുന്നതിനായി സ്കൂളുകളിൽ മറ്റും വിതരണം നടത്താൻ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

## ശിപാർശ 13 (ഖണ്ഡിക 82)

തിരുവനന്തപുരം ടെക്നോപാർക്കിന് കീഴിൽ ടെക്നോപാർക്ക് ഫേസ്-I, ടെക്നോപാർക്ക് ഫേസ്-II, ടെക്നോപാർക്ക് ഫേസ്-III, ടെക്നോപാർക്ക് കൊല്ലം, ടെക്നോസിറ്റി എന്നിങ്ങനെ അഞ്ചു ക്യാമ്പസുകൾ പ്രവർത്തിക്കുന്നതായും തിരുവനന്തപുരം ടെക്നോപാർക്കിന്റെ വികസനത്തിനാവശ്യമായ സ്ഥലം ഇപ്പോൾ ലഭ്യമായിട്ടുണ്ടെന്നും, എന്നാൽ ഭൂമി ഏറ്റെടുക്കലിനു വേണ്ടി വലിയ തുക നഷ്ടപരിഹാരമായി നൽകേണ്ടി വരുന്നത്, ടെക്നോപാർക്കിന്റെ വികസനത്തിന് തടസ്സമായി നിൽക്കുന്ന ഒരു ഘടകമാണെന്നും സമിതിക്കു മനസ്സിലാക്കുവാൻ സാധിച്ചു. ഇതിനു ആവശ്യമായ ഒരു ബഡ്ജറ്റ് സഹായം സർക്കാരിന്റെ ഭാഗത്തു നിന്ന് ഉണ്ടാകേണ്ടിയിരിക്കുന്നു. ടെക്നോപാർക്കിലെ ജീവനക്കാർ ഭൂരിഭാഗവും മലയാളികളാണെങ്കിലും, മലയാളികളല്ലാത്ത ഉദ്യോഗസ്ഥരുടെ മക്കൾക്കു പഠിക്കുവാൻ നിലവാരമുള്ള സി.ബി.എസ്.ഇ. സ്കൂളുകൾ തിരുവനന്തപുരത്ത് കൂടുതൽ ആരംഭിക്കേണ്ടതാണെന്നും, ജീവനക്കാർക്ക് സമയത്ത് ഓഫീസിൽ വന്നു പോകുവാൻ ആവശ്യമായ രീതിയിൽ റോഡിന്റെ വികസനവും, റെയിൽവേ ലൈനുകൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവയുടെ വികസനവും പ്രധാനമാണെന്നും സമിതി വിശ്വസിക്കുന്നു. ടെക്നോപാർക്കിൽ ഇപ്പോൾ നടന്നു വരുന്ന വികസന പദ്ധതികൾ പൂർത്തിയാകുമ്പോൾ കഴിഞ്ഞ വർഷത്തെ 2000 കോടി രൂപയുടെ സ്ഥാനത്ത് 4500 കോടി രൂപയുടെ കയറ്റുമതി ഈ വർഷമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്തെ ടെക്നോപാർക്കിന്റെ വികസനം മുൻനിർത്തി 2012-13-ൽ 146,69,00,000/- രൂപയും 2013-14-ൽ 161,10,00,000/- രൂപയും, 2014-15-ൽ 134,45,00,000/-രൂപയും ബഡ്ജറ്റ് വിഹിതമായി നീക്കിവച്ചിട്ടുണ്ട്. കൂടാതെ പദ്ധതി പ്രദേശത്ത് ഗതാഗത സൗകര്യ വികസനം ലക്ഷ്യമാക്കി ലൈറ്റ് മെട്രോ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ടെക്നോപാർക്കിൽ നിന്നും എ.സി. സ്ലീപ്പർ ബസ്സുകൾ കെ.എസ്.ആർ.ടി.സി. ഏർപ്പെടുത്തിയിട്ടുണ്ട്. പ്രദേശത്തെ മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി വിവിധ വകുപ്പുകൾ വിപുലമായ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നുണ്ട്.

## ശിപാർശ 14 (ഖണ്ഡിക 83)

കൊച്ചി ഇൻഫോപാർക്കിനും പല പുതിയ പദ്ധതികളുണ്ടെന്നും, ഇൻഫോപാർക്ക് കൊച്ചി ഒന്നാംഘട്ടം കാക്കനാട്ട് പൂർത്തിയായിട്ടുണ്ടെന്നും, കൊച്ചി രണ്ടാം ഘട്ടം സമീപ പ്രദേശമായ കുന്നത്തുനാട്, പുത്തൻകുരിശ് വില്ലേജുകളിലായി 160 ഏക്കർ സ്ഥലത്ത്

ആരംഭിച്ചിട്ടുണ്ടെന്നും സമിതിക്ക മനസ്സിലാക്കവാൻ സാധിച്ച ഇതിനു പുറമേ ഇൻഫോപാർക്ക്-തൃശ്ശൂർ (കൊരട്ടി), ഇൻഫോപാർക്ക്-ചേർത്തല, ഇൻഫോപാർക്ക്-അമ്പലപ്പുഴ എന്നിവയും പ്രാരംഭ ഘട്ടത്തിലാണെന്ന് സമിതിക്ക ബോധ്യമായി. കൊരട്ടി പാർക്കിന് ഇപ്പോൾ ലഭിച്ചിട്ടുള്ള 20 ഏക്കറിനു പുറമേ, 10 ഏക്കർ കൂടി ലഭിക്കേണ്ടതുണ്ടെന്നും, കൊരട്ടി പാർക്ക് പ്രത്യേക സാമ്പത്തിക മേഖല (SEZ-Special Economic Zone) അല്ലാത്തതു കൊണ്ട് ആയതിന്റെ ഭാവിയിലുള്ള വികസനം ബുദ്ധിമുട്ടിലാകുമെന്നും സമിതിക്ക മനസ്സിലാക്കവാൻ കഴിഞ്ഞു. കൂടാതെ മേൽ പാർക്കുകളുടെയെല്ലാം പ്രവർത്തനത്തിന് സർക്കാരിന്റെ സാമ്പത്തിക സഹായവും ബഡ്ജറ്ററി സഹായവും കൂടാതെ നിക്ഷേപകർക്ക് ഉപകാരപ്രദമായ ഏക ജാലക സംവിധാനവും (Single Window Clearance) അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും അനുപേക്ഷണീയമാണ്.

## സർക്കാർ സ്വീകരിച്ച നടപടി

ഇൻഫോപാർക്ക്, കൊച്ചി ഒന്നാംഘട്ടം - എറണാകുളം ജില്ലയിലെ കാക്കനാട് വില്ലേജിൽ 100.86 ഏക്കറിലായി ഏകദേശം 35 ലക്ഷം ച.അടി വിസ്തീർണ്ണമുള്ള ഐ.ടി. മന്ദിരം പണി തീർത്തിട്ടുണ്ട്. 10 ലക്ഷം ച.അടി മന്ദിരങ്ങളുടെ പണി പുരോഗമിക്കുന്നു. ഇൻഫോപാർക്ക് കൊച്ചി രണ്ടാം ഘട്ടത്തിൽ 125 ഏക്കർ അക്വയർ ചെയ്ത സ്ഥലത്ത് അവർ ഇപ്പോൾ 4 ലക്ഷം ച.അടി ഐ.ടി. കെട്ടിട നിർമ്മാണം പുരോഗമിക്കുന്നു. ഇൻഫോപാർക്ക് തൃശ്ശൂർ (കൊരട്ടി) 30 ഏക്കർ സ്ഥലത്ത് സ്ഥിതി ചെയ്യുന്നു. ഇവിടെ ഉണ്ടായിരുന്ന പഴയ കെട്ടിടങ്ങൾ പുനരുദ്ധരിച്ച് ഏകദേശം 45000 ച.അടി ഐ.ടി. സ്പേസ് ഒരുക്കിയിട്ടുണ്ട്. ഇവിടെ 29 കമ്പനികളിലായി 600 ഐ.ടി. ജീവനക്കാർ ഇപ്പോൾ ജോലി ചെയ്യുന്നു. ഇൻഫോപാർക്ക് കൊച്ചിയുടെ ഒന്നാം ഘട്ടത്തിലെ 82 ഏക്കർ സ്ഥലം, രണ്ടാം ഘട്ടത്തിലെ 102 ഏക്കർ സ്ഥലം, ഇൻഫോപാർക്ക് ചേർത്തലയിലെ 60 ഏക്കർ സ്ഥലം, ഇൻഫോപാർക്ക് തൃശ്ശൂർ-കൊരട്ടിയിൽ 18 ഏക്കർ സ്ഥലം എന്നിവയെ സെസ്സ് മേഖലയിൽ ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രത്യേക സാമ്പത്തിക മേഖലയിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുമായി മുന്നോട്ട് വരുന്നവർക്ക് Statutory Approval Sanction ചെയ്യുന്നത് വേഗത്തിലാക്കുവാൻ Single Window Clearance Board രൂപീകരിച്ചിട്ടുണ്ട്.

## സമിതി ആവശ്യപ്പെട്ട അധികവിവരം

കൊച്ചി, തൃശ്ശൂർ (കൊരട്ടി), ചേർത്തല എന്നിവിടങ്ങളിലെ ഇൻഫോ പാർക്കുകളിൽ എത്ര സ്പേസ് ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും ടെക്നോലോഡ്ജ്, ഐ.ടി. പാർക്ക് എന്നിവ തുടങ്ങുവാൻ സർക്കാർ എത്ര സ്ഥലം ഏറ്റെടുത്തിട്ടുണ്ടെന്നും, എത്ര പാർക്കുകളാണ് ആരംഭിക്കുന്നത് എന്നും ഈ പദ്ധതിക്കായി എത്രത്തോളം സ്ഥലം ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നും ഇത്തരം കേന്ദ്രങ്ങൾ ഐ.ടി. കമ്പനികൾ വരാനുള്ള സാധ്യതയുണ്ടോയെന്നുമുള്ള വിവരങ്ങൾ സമിതി ആവശ്യപ്പെട്ടു.

<u>അധികവിവരത്തിന്മേലുള്ള മറുപടി</u>

കൊച്ചിയിലെ കാക്കനാട് സർക്കാർ നൽകിയ നൂറ് ഏക്കറിലാണ് ഇൻഫോപാർക്ക് ഒന്നാംഘട്ടം സ്ഥിതി ചെയ്യുന്നത്. ഇവിടെ ഇൻഫോപാർക്ക് 9 ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള മൂന്ന് കെട്ടിടങ്ങൾ നിർമ്മിക്കുകയും ഈ സ്ഥലം ബിസിനസ് തുടങ്ങുന്നതിന് ഐ.ടി. കമ്പനികൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ബംഗളൂരു ആസ്ഥാനമായ ബ്രിഗേഡ് ഗ്രൂപ്പ് ഇൻഫോപാർക്കുമായി ചേർന്നാണ് സംസ്ഥാനത്തെ ആദ്യ വേൾഡ് ട്രേഡ് സെന്റർ വികസിപ്പിച്ചെടുക്കുന്നത്. ഐ.ടി. ആവശ്യങ്ങൾക്കായി 7.7 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള രണ്ട് ഐ.ടി. മന്ദിരങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ലുലു വേൾഡ് ട്രേഡ് സെന്റർ, ഐ.ബി.എസ്., ജിയോ ഇൻഫോ പാർക്ക് കെട്ടിടങ്ങൾ പൂർത്തിയാകുന്നതോടെ ഇൻഫോപാർക്ക് ആദ്യ ഘട്ടം 70000 തൊഴിലവസരങ്ങൾ പ്രദാനം ചെയ്യും.

80 ലക്ഷം ചതുരശ്ര അടി ആധുനിക പ്രവർത്തന വ്യാപ്തിയും 80000 തൊഴിലവസരങ്ങളും നൽകുന്നതാണ് ഇൻഫോപാർക്ക് രണ്ടാം ഘട്ടം. ജോലി ചെയ്യാൻ നേരിട്ട് കയറി ചെല്ലാവുന്ന സാഹചര്യങ്ങളുള്ള 'വാക്ക് ടു വർക്ക്' ആശയത്തോടെയാണ് ഇത് സജ്ജീകരിച്ചിട്ടുള്ളത്. ഇൻഫോപാർക്കിന്റെ നാലു ലക്ഷം ചതുരശ്ര അടിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് കമ്പനികൾ പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്.

ചേർത്തലയിൽ ഇൻഫോപാർക്ക് 66 ഏക്കറിൽ പുതിയ ക്യാമ്പസ് വികസിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ഇവിടെ 2.4 ലക്ഷം ചതുരശ്ര അടിയിൽ ഇൻഫോപാർക്ക് നിർമ്മിച്ച ആദ്യ കെട്ടിടത്തിൽ 25 കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. ഇവ 250 പേർക്ക് തൊഴിൽ നൽകുന്നു. 'റെഡി ടു മൂവ് ഇൻ-പ്ലഗ് ആൻഡ് പ്ലേ' സംവിധാനത്തിൽ സ്റ്റാർട്ടപ്പുകൾക്ക് വ്യവസായം തുടങ്ങാം. ചെറുകിട-ഇടത്തരം കമ്പനികൾക്ക് പ്രവർത്തനം വ്യാപിപ്പിക്കാൻ കൂടുതൽ സ്ഥലം നൽകുന്ന തരത്തിലുള്ള 'വാം ഷെൽ' സംവിധാനവും ഇവിടെയുണ്ട്.

തൃശ്ശൂർ ഇൻഫോപാർക്കിന് 30 ഏക്കർ സ്ഥലമാണുള്ളത്. 70000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ആദ്യ കെട്ടിടത്തിൽ വ്യവസായങ്ങൾ എളുപ്പം തുടങ്ങാനുള്ള പ്ലഗ് ആൻഡ് പ്ലേ സാഹചര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. 850 തൊഴിലവസരങ്ങളാണ് ഇവിടെ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. കൂടുതൽ സ്ഥലത്തിന് വേണ്ടിയുള്ള ആവശ്യം വർദ്ധിച്ചതിനെ തുടർന്ന് 3.3 ലക്ഷം ചതുരശ്ര അടിയിൽ പ്രത്യേക സാമ്പത്തിക മേഖലാ പദവിയിലുള്ള കെട്ടിടം പൂർത്തീകരിച്ച് 35 കമ്പനികൾ പ്രവർത്തനം തുടങ്ങി കഴിഞ്ഞിട്ടുണ്ട്.

<u>ശിപാർശ 15 (ഖണ്ഡിക 90 & 91)</u>

അനുവദിച്ച ഫണ്ട് പൂർണ്ണമായി വിനിയോഗിക്കാത്തതാണ് വിവരസാങ്കേതിക വിദ്യയുടെ ഭരണ നിർവ്വഹണത്തിന് ആക്കം വർദ്ധിപ്പിക്കാനുള്ള സർക്കാരിന്റെ

ഉദ്യമങ്ങൾക്ക് തടസ്സം നേരിട്ടതിന് കാരണമായതെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ വർഷാവർഷം അനുവദിക്കുന്ന ബഡ്ജറ്റ് വിഹിതം ശരിയായ വിധത്തിൽ വിനിയോഗിക്കുവാനും പാഴാക്കാതിരിക്കുവാനും വകുപ്പ് അവധാനതയോടുകൂടി പ്രവർത്തിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ടെക്നോപാർക്കും ഇൻഫോപാർക്കും വർഷാവർഷങ്ങളിൽ ഗവൺമെന്റ് അനുവദിക്കുന്ന തുക ശരിയായ വിധത്തിൽ ഉപയോഗിച്ചിട്ടുണ്ട്.

സൈബർ പാർക്കിന് 2009-2011 കാലഘട്ടത്തിൽ 27.5 കോടി രൂപ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് അനുവദിച്ചു. ഫാസ്റ്റ്ട്രാക്ക് പ്രോസസ്സിലൂടെയും അക്വിസിഷനിലൂടെയും ഭൂരിഭാഗം സ്ഥലവും ലഭിച്ചെങ്കിലും ചില ഭൂവുടമകൾ അക്വിസിഷൻ നടപടികൾക്കെതിരെ ഹൈക്കോടതിയിൽ കേസ് ഫയൽചെയ്തു. അതിനാൽ പാർക്കിലേക്കുള്ള മെയിൻ എൻട്രൻസ് റോഡിന്റെ പ്രവർത്തനം ചെയ്യാൻ സാധിച്ചില്ല. ആദ്യകെട്ടിടമായ കോമൺ ഫെസിലിറ്റി സെന്ററിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഇതിനാൽ തടസ്സം നേരിട്ടു. മാർച്ച് മാസം 2012-ഓടെ അക്വിസിഷനെതിരെയുള്ള കേസ് ഹൈക്കോടതി സൈബർ പാർക്കിന് അനുകൂലമായി തീർപ്പാക്കുകയും 22 മീറ്റർ വീതിയുള്ള റോഡിന്റെ പ്രവൃത്തികൾ ത്വരിതഗതിയിൽ പൂർത്തീകരിച്ചു വരുന്നു. കോമൺ ഫെസിലിറ്റി സെന്ററിന്റെയും 2.85 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ.ടി. ബിൽഡിംഗിന്റെയും പണി ത്വരിതഗതിയിൽ നടന്നു വരുന്നു. കാസർഗോഡ് സൈബർപാർക്കിലെ സ്ഥലമാറ്റ ഉത്തരവിൽ സർവ്വെ നമ്പരിൽ വന്ന പിശകുമൂലം അത് തിരുത്തികിട്ടുന്നതിന് കുറച്ച് കാലതാമസം നേരിട്ടു. ജൂലൈ 2012-ഓടെ അത് തിരുത്തികിട്ടുകയും അതിന്റെ പ്രത്യേക സാമ്പത്തിക മേഖലാ പദവിക്കുള്ള അപേക്ഷയും മറ്റും SEZ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്.

## ശിപാർശ 16 (ഖണ്ഡിക 92)

ഭരണ തലത്തിലെ ഏറ്റവും താഴെത്തട്ടിലുള്ളതും പൊതുജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്നതുമായ സർക്കാർ സംവിധാനമെന്ന നിലയിൽ വില്ലേജ് ഓഫീസുകൾക്ക് നമ്മുടെ വികസന പരിപ്രേക്ഷ്യത്തിൽ നിസ്തുലമായ ഒരു പങ്ക് വഹിക്കാനുണ്ട്. എന്നാൽ വില്ലേജ് ഓഫീസുകളിൽ കമ്പ്യൂട്ടർ സംവിധാനം ഫലപ്രദമായി നടപ്പിൽ വരുത്തുവാൻ കഴിഞ്ഞിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ജില്ലാ കളക്ടറേറ്റുമായുള്ള നെറ്റ്വർക്ക് സംവിധാനം സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാലാണ് വിവര സാങ്കേതികവിദ്യയുടെ ഗുണഫലങ്ങൾ ജനങ്ങൾക്ക് അനുഭവവേദ്യമാക്കാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. കളക്ടറേറ്റ് മുതൽ വില്ലേജ് ഓഫീസ് വരെയുള്ള നെറ്റ്വർക്ക് സംവിധാനം സമയബന്ധിതമായി പൂർത്തിയാക്കുവാൻ

വിഘാതമായി നിൽക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് തിരിച്ചറിയുവാനും ഫണ്ടിന്റെ അഭാവമാണ് തടസ്സമായി നിൽക്കുന്നതെങ്കിൽ ഇതിലേയ്ക്കാവശ്യമായ ഫണ്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വിവരസാങ്കേതികവിദ്യയുടെ ഗുണഫലങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി സ്റ്റേറ്റ് പോർട്ടൽ, SSDG, e-district എന്നീ പദ്ധതികൾ ഐ.ടി. വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കുന്നതോടെ കളക്ടറേറ്റുകളിലും വില്ലേജ് ഓഫീസുകളിലും ഉൾപ്പെടെ ഓഫീസുകൾ e-governance പദ്ധതികൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിന് പൂർണ്ണ സജ്ജമാകും.

<u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>

1. സംസ്ഥാനത്തെ മുഴുവൻ വില്ലേജ് ആഫീസുകളും കളക്ടറേറ്റുകളും നെറ്റ്വർക്ക് സംവിധാനം വഴി ബന്ധപ്പെടുത്തിയിട്ടുണ്ടോ;

2. എത്ര ജില്ലകളിൽ പ്രസ്തുത നടപടി പൂർത്തിയാക്കിയിട്ടുണ്ട്;

3. ടി നടപടി പൂർത്തിയാക്കാത്ത മറ്റ് ജില്ലകളിൽ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കും?

4. ഐ.ടി. വകുപ്പ് നേരിട്ടാണോ അതോ ഐ.ടി. വകുപ്പിനു വേണ്ടി സ്വകാര്യ ഏജൻസികൾ വഴിയാണോ ഇത് നടപ്പിലാക്കുന്നത്?

<u>അധികവിവരത്തിന്മേലുള്ള മറുപടി</u>

1. ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസിലും വി.പി.എൻ. (Virtual Private Network) കണക്ടിവിറ്റി നൽകിയിട്ടുണ്ട്. എല്ലാ കളക്ടറേറ്റിലും താലൂക്ക് ഓഫീസിലും കെ.എസ്.വാൻ (KSWAN) കണക്ടിവിറ്റി ലഭ്യമാക്കിയിട്ടുണ്ട്.

2. 14 ജില്ലകളിലും പൂർത്തിയാക്കിയിട്ടുണ്ട്.

3. എല്ലാ ജില്ലകളിലും കണക്ടിവിറ്റി നൽകിയിട്ടുണ്ട്.

4. ഐ.ടി. വകുപ്പിനുവേണ്ടി കേന്ദ്ര സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനങ്ങളായ ബി.എസ്.എൻ.എൽ., റെയിൽടെൽ കോർപ്പറേഷൻ ഓഫ് ഇന്ത്യ എന്നിവ മുഖേനയാണ് കണക്ടിവിറ്റി നൽകിയിരിക്കുന്നത്.

<u>ശിപാർശ 17 (ഖണ്ഡിക 94)</u>

ഐ.ടി. വകുപ്പ് മുൻകയ്യെടുത്ത് സർക്കാർ ഉദ്യോഗസ്ഥർക്ക് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടെങ്കിലും പലപ്പോഴും അത്തരം പരിശീലനം പ്രായോഗിക തലത്തിലേയ്ക്ക് എത്തിക്കാൻ വിവിധ കാരണങ്ങളാൽ കഴിയുന്നില്ല. ചിലയിടങ്ങളിൽ കമ്പ്യൂട്ടർ നെറ്റ്‌വർക്ക് സംവിധാനങ്ങളുടെ അപര്യാപ്തതമൂലവും പ്രസ്തുത സൗകര്യങ്ങൾ ലഭ്യമായ സ്ഥലങ്ങളിൽ പുതിയ ഒരു ജോലി സംസ്കാരത്തിലേക്ക് മാറാനുള്ള ഉദ്യോഗസ്ഥരുടെ വൈമനസ്യവുമാണ് ഇതിന് കാരണങ്ങളെന്ന് സമിതി മനസ്സിലാക്കുന്നു. സെക്രട്ടേറിയറ്റ്, കളക്ടറേറ്റ് എന്നിവ പോലെ കമ്പ്യൂട്ടർ സൗകര്യങ്ങൾ ലഭ്യമായ ഓഫീസുകളിൽ ഈ സംവിധാനം വിജയിക്കണമെങ്കിൽ എല്ലാ തലത്തിലുള്ള ഉദ്യോഗസ്ഥരുടെ മനോഭാവത്തിൽ മാറ്റം വരേണ്ടതുണ്ടെന്ന് സമിതി അഭിപ്രായപ്പെടുന്നു. മാറ്റത്തിനെതിരെ മുഖം തിരിച്ചു നൽകുന്ന ഉദ്യോഗസ്ഥർക്കെതിരെ വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഒരു ജോലി സംസ്കാരത്തിലേക്ക് കൊണ്ടുവരാൻ തുടർച്ചയായുള്ള പരിശീലന കളരികളും ബോധവൽക്കരണവും അവലോകനവും ആവശ്യമാണെന്ന് സമിതി കരുതുന്നു. ഈ ദിശയിലുള്ള പ്രവർത്തനങ്ങൾ ഓരോ വകുപ്പിലും നടപ്പിൽ വരുത്തുവാൻ വകുപ്പ് മേധാവികൾ ശ്രമിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വിവരസാങ്കേതികവിദ്യയുടെ ഉപയോഗം സർക്കാർ തലത്തിൽ ത്വരിതപ്പെടുത്തുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെ സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളിൽ നിന്നും തെരഞ്ഞെടുത്ത ഉദ്യോഗാർത്ഥികളെയും അല്ലാതെയുള്ള വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി ഇ-ഗവേണൻസിൽ അവബോധം ഉണ്ടാക്കുക, ഇ-ഗവേണൻസ് പദ്ധതികൾ നല്ലരീതിയിൽ നടപ്പിലാക്കുക എന്നീ ലക്ഷ്യത്തോടെ ഒരു വർഷത്തെ ബിരുദാനന്തര ബിരുദ ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിലൂടെ എല്ലാ വർഷവും 15 സർക്കാർ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി വരുന്നു.

<u>ശിപാർശ 18 (ഖണ്ഡിക 95)</u>

സെക്രട്ടേറിയറ്റിൽ ഫയൽ നീക്കത്തെക്കുറിച്ച് സ്റ്റേറ്റ്മെന്റ് എടുത്ത് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർക്ക് എല്ലാ മാസവും കൈമാറാറുണ്ടെങ്കിലും 70 ശതമാനം ഉദ്യോഗസ്ഥർ മാത്രമേ വിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്നുള്ളൂവെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഫയൽ നീക്കം, കമ്പ്യൂട്ടർവഴി നടപ്പാക്കുവാൻ ആവശ്യമായ നടപടി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഫയൽ സമർപ്പണം കമ്പ്യൂട്ടർ വഴിയാക്കണമെന്ന് കർശന നിർദ്ദേശം നൽകുകയും വിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്താത്തതാണ് കമ്പ്യൂട്ടർ വഴിയുള്ള ഫയൽ നീക്കം അസാദ്ധ്യമാക്കുന്ന തെങ്കിൽ അത്തരം ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുകയും ചെയ്യണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടികൾ</u>

<u>പൊതുമരാമത്ത് വകുപ്പിൽ നിന്നും 3-3-2012-ൽ ലഭിച്ച മറുപടി</u>

സെക്രട്ടേറിയറ്റിലെ ഫയൽ നീക്കം കമ്പ്യൂട്ടർ വഴിയായിരിക്കണമെന്ന് ശിപാർശ ചെയ്തതിന്റെ വെളിച്ചത്തിൽ 29-12-2011-ൽ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി ഒരു സ്റ്റാഫ് മീറ്റിംഗ് വിളിച്ചു ചേർക്കുകയും, സെക്രട്ടേറിയറ്റിൽ പൊതുമരാമത്ത് വകുപ്പിലെ ഫയൽ നീക്കം 2012 ജനുവരി ഒന്നു മുതൽ പൂർണ്ണമായും IDEAS മുഖേനയാകണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. പ്രസ്തുത നിർദ്ദേശം എല്ലാ സെക്ഷനുകളും പാലിച്ചുവെങ്കിലും കർശന നിർദ്ദേശം എന്ന നിലയ്ക്ക് 7-2-2012 തീയതിയിൽ 29888/സി3/2011/പൊ.മ.വ. നമ്പറിൽ ഒരു സർക്കുലർ പുറപ്പെടുവിക്കുകയും, ആയത് പൊതുമരാമത്ത് വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥന്മാർക്കും എല്ലാ സെക്ഷനുകൾക്കും നൽകുകയും ചെയ്തിട്ടുണ്ട്.

എന്നിരുന്നാലും കമ്പ്യൂട്ടർ നെറ്റ്‌വർക്ക് സംവിധാനങ്ങളുടെ അപര്യാപ്തതയും, പ്രസ്തുത സംവിധാനത്തിൽ പലപ്പോഴും ഉണ്ടാകാറുള്ള സാങ്കേതിക തടസ്സങ്ങളും പരിശീലന കുറവുമാണ് കമ്പ്യൂട്ടർ വഴിയുള്ള ഫയൽ നീക്കങ്ങൾക്കും ഉദ്യോഗസ്ഥരുടെ ഇക്കാര്യത്തിലുള്ള കാര്യക്ഷമതയ്ക്കും യഥാർത്ഥത്തിൽ തടസ്സം സൃഷ്ടിക്കുന്ന വസ്തുതകൾ. ഇത്തരം പ്രശ്നങ്ങൾ തരണം ചെയ്യുന്നതിന് പരമാവധി ശ്രമിക്കുന്നുണ്ട്.

<u>വിവരസാങ്കേതികവിദ്യാ വകുപ്പിൽ നിന്നും 6-11-2012-ൽ ലഭിച്ച മറുപടി</u>

ഐഡിയാസ് മുഖാന്തരം കമ്പ്യൂട്ടർ വഴിയുള്ള ഫയൽനീക്കം ഉറപ്പാക്കുന്നതിന് സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പ് തലവൻമാർക്കും ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് 6-7-2011, 9-5-2012, 12-6-2012, 3-10-2012 തീയതികളിൽ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഐഡിയാസ് മുഖാന്തരം കമ്പ്യൂട്ടർ വഴിയുള്ള ഫയൽനീക്കം ഉറപ്പാക്കുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും കൂടുന്ന സെക്രട്ടറിമാരുടെ യോഗം വിലയിരുത്തുന്നുണ്ട്. കമ്പ്യൂട്ടർ വഴിയുള്ള ഫയൽ നീക്കം നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടത് അതാത് വകുപ്പുകളാണ്.

<u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>

കമ്പ്യൂട്ടർ വഴിയുള്ള ഫയൽ നീക്കം നടപ്പാക്കുന്നതിൽ വീഴ്ച വരുത്തുന്ന വകുപ്പുകൾ ഏതൊക്കെ; ടി വകുപ്പുകളിൽ ഈ രീതി നടപ്പിലാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ എന്തൊക്കെയാണ്; കമ്പ്യൂട്ടർ വഴിയുള്ള ഫയൽ നീക്കം നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തിയ എത്ര വകുപ്പുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>അധിക വിവരത്തിന്മേലുള്ള മറുപടി</u>

എൻ.ഐ.സി. വികസിപ്പിച്ചെടുത്ത ഫയൽ പ്രോസസിംഗ് ആപ്ലിക്കേഷനായ ഇ-ഓഫീസ് 2014 മാർച്ച് മാസം മുതൽ ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ നടപ്പിലാക്കി. ഘട്ടംഘട്ടമായി സെക്രട്ടേറിയറ്റിലെ വകുപ്പുകളിൽ നടപ്പിലാക്കിയ പദ്ധതി, 2017 മാർച്ചോടു കൂടി എല്ലാ വകുപ്പുകളിലും സെക്ഷനുകളിലും ഏർപ്പെടുത്തുകയുണ്ടായി. ഇതിനുവേണ്ടി സെക്രട്ടേറിയറ്റിൽ ഹാർഡ് വെയർ, നെറ്റ് വർക്കിംഗ് സംവിധാനങ്ങൾ സമയാസമയങ്ങളിൽ അപ്ഡേറ്റ് ചെയ്യുകയുണ്ടായി. 2017 ഏപ്രിൽ മാസം മുതൽ വകുപ്പുകളിലും സെക്ഷനുകളിലും ലഭ്യമാകുന്ന ഓരോ തപാലുകളും, കടലാസുകളും സ്കാൻ ചെയ്ത് ഇ-ഓഫീസിൽ കൂടി മാത്രമേ കൈകാര്യം ചെയ്യാൻ പാടുള്ളൂ എന്ന കർശന നിർദ്ദേശം സെക്രട്ടേറിയറ്റിൽ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും നൽകുകയുണ്ടായി. എന്നാൽ രഹസ്യവും നിർണ്ണായക സ്വഭാവമുള്ളതുമായ ഫയലുകളും, സ്കാൻ ചെയ്ത് ഇലക്ട്രോണിക്സ് രൂപത്തിൽ കൈകാര്യം ചെയ്യുവാൻ പ്രയാസമായ വലിയ ഫയലുകളും ഫിസിക്കലായി കൈകാര്യം ചെയ്യുന്നതിന് വകുപ്പുകൾക്ക് അനുവാദം നൽകിയിട്ടുള്ളതൊഴിച്ചാൽ സെക്രട്ടേറിയറ്റിൽ എല്ലാ വകുപ്പുകളും സെക്ഷനുകളും ഇ-ഓഫീസ് സംവിധാനം മുഖേനയാണ് ഫയൽ കൈകാര്യം ചെയ്തു വരുന്നത്.

<u>ശിപാർശ 19 (ഖണ്ഡിക 96)</u>

വെബ്സൈറ്റുകളുടെ സുരക്ഷ ആധുനികലോകം നേരിട്ടിട്ടുള്ള ഒരു പ്രധാന വെല്ലുവിളിയാണെന്നത് തർക്കമറ്റ വസ്തുതയാണ്. രാജ്യസുരക്ഷയെ സംബന്ധിച്ചതുപോലുള്ള തന്ത്രപ്രധാനരേഖകൾ വരെ ചോർത്തപ്പെടുകയും വെബ്സൈറ്റുകൾ തകർക്കപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇത്തരം വിധ്വംസക പ്രവർത്തനങ്ങൾക്കെതിരെ ഐ.ടി. ഗ്രൂപ്പ് ജാഗരൂകരാകേണ്ടതുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. വെബ്സൈറ്റുകൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനും CERT-Kerala (Computer Emergency Response Team-Kerala) മുൻപ് പ്രവർത്തിച്ചിരുന്നുവെന്നും, ആയതിന്റെ പ്രവർത്തനം ഇപ്പോൾ നിലച്ചിരിക്കുകയാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വെബ്സൈറ്റുകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി CERT-Kerala യുടെ പ്രവർത്തനം പുനരാരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

CERT-Kerala യുടെ പ്രവർത്തനം നടന്നുവരുന്നുണ്ട്.

ശിപാർശ 20 (ഖണ്ഡിക 99)

നിലവിലുള്ള നിയമങ്ങൾ സൈബർ കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിനും മതിയായശിക്ഷ നൽകുന്നതിനും പര്യാപ്തമല്ല എന്നത് കണക്കിലെടുത്ത് കേന്ദ്ര ഇൻഫർമേഷൻ ടെക്നോളജി ആക്ടിനു വിധേയമായി ഐ.ടി. വകുപ്പ് തന്നെ മുൻകൈ എടുത്ത് സംസ്ഥാനത്ത് ഫലപ്രദമായ നിയമനിർമ്മാണം നടത്താനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

കേന്ദ്ര വിവരസാങ്കേതികവിദ്യാ നിയമനത്തിന് അനുസൃതമായി വിധേയമായി സംസ്ഥാനത്ത് നിയമനിർമ്മാണം നടത്തുന്നതിനുള്ള നയപരമായ തീരുമാനം ഒന്നുമായില്ല.

ശിപാർശ 21 (ഖണ്ഡിക 100)

സോഫ്റ്റ്‌വെയർ സുരക്ഷാ സംവിധാനം പരിശോധനയ്ക്കുള്ള ചുമതല കേന്ദ്ര സർക്കാർ സ്ഥാപനമായ ഇ.ആർ.ടി.എൽ.-ന് നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

സോഫ്റ്റ്‌വെയർ സുരക്ഷാ സംവിധാനം പരിശോധന ഇ.ആർ.ടി.എൽ.-ന് പകരം STQC എന്ന കേന്ദ്ര സർക്കാർ സ്ഥാപനം ഇപ്പോൾ ചെയ്തുവരുന്നുണ്ട്.

ശിപാർശ 22 (ഖണ്ഡിക 101 & 102)

കടലാസ് രഹിത ഇലക്ട്രോണിക്സ് ഫയൽ നീക്കത്തിനുള്ള സംവിധാന മേർപ്പെടുത്തുന്നതിനു മുന്നോടിയായി നടപടിക്രമങ്ങൾ സംബന്ധിച്ച ഉത്തരവുകൾ പുറപ്പെടുവിക്കുകയും സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളായ വിവരസാങ്കേതികം, പൊതുമരാമത്ത്, ഉന്നതവിദ്യാഭ്യാസം, ധനകാര്യം, നോർക്ക, ഭക്ഷ്യ സിവിൽസപ്ലൈസ്, സഹകരണം എന്നീ വകുപ്പുകളിൽ മെസ്സേജ് സോഫ്റ്റ്‌വെയർ നടപ്പാക്കുകയും ചെയ്തുവെങ്കിലും ഇക്കാര്യത്തിൽ കാര്യമായ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് സമിതി സംശയിക്കുന്നു.

കടലാസ് രഹിത ഫയൽ പ്രോസസിംഗ്/ഫയൽ നീക്കം ത്വരിതപ്പെടുത്തുന്നതിന് നിലവിലുള്ള സോഫ്റ്റ്‌വെയറിലെ തകരാറുകൾ പരിഹരിച്ചുകൊണ്ട് വികസിപ്പിച്ചെടുത്ത സ്വതന്ത്ര സോഫ്റ്റ്‌വെയറായ ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി (ഖണ്ഡിക 101 & 102)

ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ മൂന്ന് വകുപ്പുകളിൽ (വിവര സാങ്കേതികം, ഉന്നതവിദ്യാഭ്യാസം, ഭക്ഷ്യവും പൊതുവിതരണവും) നാളിതുവരെ ഡി.ഡി.എഫ്.എസ്. സോഫ്റ്റ്‌വെയർ നടപ്പാക്കിയിട്ടുണ്ട്. 2010 ഡിസംബർ മുതലാണ് ഇത് നടപ്പിലാക്കിയത്. കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (NIC) വികസിപ്പിച്ച "MESSAGE" എന്ന സോഫ്റ്റ്‌വെയർ സെക്രട്ടേറിയറ്റിലെ 7 വകുപ്പുകളിൽ നടപ്പിലാക്കാനായിരുന്നു കെൽട്രോണുമായി കരാർ ഒപ്പിട്ടത്. കെൽട്രോൺ തിരുവനന്തപുരം ടെക്നോപാർക്കിലുള്ള ഓസ്സിൻ ടെക്നോളജീസ് എന്ന സ്വകാര്യ കമ്പനിയുടെ ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം എന്ന് പേരുള്ള സോഫ്റ്റ്‌വെയർ ആണ് ഇപ്പോൾ സെക്രട്ടേറിയറ്റിൽ നടപ്പിലാക്കുന്നത്. കെൽട്രോണുമായി ഏർപ്പെട്ട കരാർ പ്രകാരം "MESSAGE" സോഫ്റ്റ്‌വെയറിന്റെ ബൗദ്ധിക സ്വത്തവകാശം കേരള സർക്കാരിൽ നിക്ഷിപ്തമാണോ എന്ന് സംശയം നിലനിന്നിരുന്നു. എന്നാൽ STQC ടെസ്റ്റിംഗിന് വിധേയമായിട്ടില്ലാത്ത ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം സോഫ്റ്റ്‌വെയർ സർക്കാരിന്റെ അനുമതിയില്ലാതെ പല സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും നടപ്പിലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് DDFS സംബന്ധിച്ച വിഷയം വിശദമായി പരിശോധിക്കുന്നതിനായി ചീഫ് സെക്രട്ടറി, മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി, വിവര സാങ്കേതിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഐ.റ്റി. മിഷൻ ഡയറക്ടർ, എൻ.ഐ.സി.യുടെ സ്റ്റേറ്റ് ഇൻഫർമേഷൻ ഓഫീസർ, കെൽട്രോൺ മാനേജിംഗ് ഡയറക്ടർ തുടങ്ങിയവർ ഉൾപ്പെട്ട ഒരു കമ്മിറ്റിയെ നിയോഗിച്ചു. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്. സർക്കാർ തീരുമാനമാകുന്നമുറയ്ക്ക് മറ്റ് വകുപ്പുകളിൽ ഓൺലൈൻ സംവിധാനം നടപ്പിലാക്കുന്നതാണ്.

## സമിതി ആവശ്യപ്പെട്ട അധിക വിവരം

1. തിരുവനന്തപുരം ടെക്നോപാർക്കിലെ ഓസ്സിൻ ടെക്നോളജീസ് എന്ന സ്വകാര്യ കമ്പനിയുടെ ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം എന്ന സോഫ്റ്റ്‌വെയറാണ് ഇപ്പോൾ സെക്രട്ടേറിയറ്റിൽ നടപ്പിലാക്കുന്നത്. ഡി.ഡി.എഫ്.എസ്. നടപ്പിലാക്കാൻ കെൽട്രോണുമായി എന്നാണ് കരാറുണ്ടാക്കിയത്;

2. സ്വകാര്യ കമ്പനികൾവഴിയാണ് ഇത് നടപ്പിലാക്കുന്നത് എന്ന വിവരം കെൽട്രോൺ സർക്കാരിനെ അറിയിച്ചിരുന്നോ;

3. സ്വകാര്യ കമ്പനികൾ വഴി ഡി.ഡി.എഫ്.എസ്. നടപ്പിലാക്കുമ്പോൾ രഹസ്യമായി സൂക്ഷിക്കേണ്ട സർക്കാർ വിവരങ്ങൾ പരസ്യമാകാനിടയുള്ളതിനാൽ എന്തെങ്കിലും മുൻകരുതലുകൾ എടുത്തിട്ടുണ്ടോ? മേൽപ്പറഞ്ഞവയ്ക്കുള്ള മറുപടി അടിയന്തരമായി ലഭ്യമാക്കുക.

<u>അധിക വിവരത്തിന്മേലുള്ള മറുപടി</u>

1. 31-1-2009-ലെ സ.ഉ.(സാധാ) നമ്പർ 22/2009/ITD ഉത്തരവ് പ്രകാരം എൻ.ഐ.സി. ഡെവലപ് ചെയ്ത MESSAGE എന്ന ഡിജിറ്റൽ ഫയൽ പ്രോസസിംഗ് സംവിധാനം സെക്രട്ടേറിയറ്റിൽ ഏർപ്പെടുത്തുകയും, ആയത് നടപ്പിലാക്കുന്നതിനുള്ള പൂർണ്ണ ചുമതല കെൽട്രോണിന് നൽകുകയും ചെയ്തിട്ടുണ്ടായിരുന്നു. ആയതിൻ പ്രകാരം 27-7-2009-ൽ ഐ.റ്റി. വകുപ്പും കെൽട്രോണുമായി ഒരു ഉടമ്പടി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ടായിരുന്നു. സെക്രട്ടേറിയറ്റിൽ ഏഴ് വകുപ്പുകളിലായി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരിക്കുന്ന MESSAGE സംവിധാനത്തിന്റെ മേൽനോട്ടം, 7-9-2009-ലെ സ.ഉ. (സാധാ) നമ്പർ 188/2009/ITD നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ച APEX കമ്മിറ്റിയ്ക്കായിരുന്നു. ടി കമ്മിറ്റി MESSAGE സംവിധാനത്തിന്റെ പ്രവർത്തനം വിലയിരുത്തുകയും, ചില പോരായ്മകൾ കണ്ടെത്തിയതിനെ തുടർന്ന് MESSAGE പരിഷ്കരിച്ച് പുതിയ പതിപ്പ് ഏർപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കുവാൻ KELTRON-ന് നിർദ്ദേശം നൽകിയിട്ടുമുണ്ടായിരുന്നു. ആയത് പ്രകാരം കെൽട്രോണുമായി ബിസിനസ്സിൽ ഏർപ്പെട്ടിരുന്ന M/s. OSPYN Technology Ltd. എന്ന സ്വകാര്യ കമ്പനി നിർമ്മിച്ച DDFS-എന്ന ജനറൽ പർപ്പസ് ഫയൽ ഫ്ലോ സോഫ്റ്റ് വെയർ സെക്രട്ടേറിയറ്റിൽ ഏർപ്പെടുത്തുന്നതിന് KELTRON ശിപാർശ ചെയ്യുകയുണ്ടായി. ആയത് സർക്കാർ പരിശോധിച്ച് ആദ്യ ഘട്ടത്തിൽ രണ്ട് വകുപ്പുകളിലായി DDFS സംവിധാനം ഏർപ്പെടുത്തുകയുണ്ടായി. ഇതിനുവേണ്ടി കെൽട്രോണുമായി പുതിയ കരാറിൽ ഏർപ്പെട്ടിരുന്നില്ല. പ്രത്യേകിച്ച് ഫണ്ടുകളൊന്നും ഇതിനുവേണ്ടി നീക്കിവച്ചിരുന്നില്ല. കെൽട്രോണുമായുള്ള നടപ്പ് കരാർ വ്യവസ്ഥ പ്രകാരമുള്ള തുകകൾ മാത്രമാണ് ഇതിനുവേണ്ടി അനുവദിച്ചിരുന്നത്. സെക്രട്ടേറിയറ്റിൽ വിവരസാങ്കേതിക വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്, ഭക്ഷ്യ പൊതുവിതരണ വകുപ്പ് എന്നിവിടങ്ങളിലാണ് DDFS നടപ്പിലാക്കിയിരുന്നത്.

2. അറിയിച്ചിട്ടുണ്ടായിരുന്നു.

3. DDFS സോഫ്റ്റ് വെയറിന്റെ ആപ്ലിക്കേഷൻ സെർവ്വറുകളും ഡാറ്റാബേസ് സെർവ്വറുകളും പൂർണ്ണമായും സർക്കാരിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമായിരുന്നു. സർവ്വറുമായി ബന്ധപ്പെട്ട ഹാർഡ്‌വെയർ സെക്രട്ടേറിയറ്റിനുള്ളിൽതന്നെ ഇൻസ്റ്റാൾ ചെയ്തു കൊണ്ടാണ് മൂന്ന് വകുപ്പുകളിലായി DDFS പദ്ധതി നടപ്പിലാക്കിയത്. ആയതിനാൽ ടി ആപ്ലിക്കേഷന്റെ ഡാറ്റാബേസിലേക്കുള്ള അനധികൃത പ്രവേശനം സാധ്യമല്ലാത്തതാണ്. ഈ ഉറപ്പിലാണ് സെക്രട്ടേറിയറ്റിലെ മൂന്ന് വകുപ്പുകളിൽ (ഉന്നത വിദ്യാഭ്യാസ വകുപ്പ്, വിവര സാങ്കേതിക വകുപ്പ്, ഭക്ഷ്യവും പൊതുവിതരണവും വകുപ്പ്) DDFS നടപ്പിലാക്കിയത്. എന്നാൽ 2014-ഓടുകൂടി ഇ-ഓഫീസ് (e-office) ഫയൽ പ്രോസസ്സിംഗ് സംവിധാനം

നടപ്പിലാക്കിയപ്പോൾ, DDFS പദ്ധതി നിർത്തലാക്കുകയും മേൽ സൂചിപ്പിച്ച മൂന്ന് വകുപ്പുകളും ഇ-ഓഫീസ് സംവിധാനത്തിലേക്ക് മാറുകയും ചെയ്യുകയുണ്ടായി. DDFS പദ്ധതിയിൽ കൈകാര്യം ചെയ്തു വന്ന മുഴുവൻ ഫയലുകളും തപാലുകളും റെക്കോർഡുകളും ഇ-ഓഫീസിലേക്ക് മൈഗ്രേറ്റ് (MIGRATE) ചെയ്തിട്ടുണ്ട്.

## ശിപാർശ 23 (ഖണ്ഡിക 103)

ഫയലുകളുടെ നീക്കം മനസ്സിലാക്കാനും കളക്ടറേറ്റിലെ വിവിധ വകുപ്പുകളുടെ ജോലി പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും സഹായകരമായ ഡി. സി. സ്യൂട്ട് എന്ന സോഫ്റ്റ്‌വെയർ തിരുവനന്തപുരം കളക്ടറേറ്റിലൊഴികെ പ്രവർത്തനക്ഷമമാണെന്ന് മനസ്സിലാക്കുന്നു. ഈ സംവിധാനം തിരുവനന്തപുരം കളക്ടറേറ്റിലും ഏർപ്പെടുത്താനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

നടപടി സ്വീകരിച്ചു വരുന്നു.

## ശിപാർശ 24 (ഖണ്ഡിക 104)

നാഷണൽ ഇ-ഗവേണൻസിന്റെ ഭാഗമായി ജി.ടു.ജി., ജി.ടു.സി., ജി.ടു.ബി. സേവനങ്ങൾ നടപ്പിലാക്കുന്നതിനായി പുതിയ ഡേറ്റാ സെന്റർ സ്ഥാപിക്കുന്നതിനുള്ള കേന്ദ്രാനുമതി ലഭിക്കുകയും ആയതിന് 55.68 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ജി.ടു.ജി., ജി.ടു.സി., ജി.ടു.ബി. സേവനങ്ങൾ നൽകുന്ന വകുപ്പുകളിൽ ഡേറ്റാ സംഭരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടികൾ

### ഗതാഗത വകുപ്പിൽ നിന്നും ലഭിച്ച മറുപടി

നാഷണൽ ഇ-ഗവേണൻസിന്റെ ഭാഗമായി മോട്ടോർ വാഹന വകുപ്പിൽ വിവിധ ജി.ടു.ജി., ജി.ടു.സി., ജി.ടു.ബി. സേവനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ തെരഞ്ഞെടുത്ത സേവനങ്ങൾ വകുപ്പിന്റെ വെബ്സൈറ്റായ www.keralamvd.gov.in വഴി പൊതുജനങ്ങൾക്ക് അപേക്ഷിക്കാനുള്ള സൗകര്യവും നൽകിയിട്ടുണ്ട്. ഇതുവഴി ശേഖരിക്കുന്ന വിവരങ്ങളെല്ലാം തന്നെ തിരുവനന്തപുരത്തുള്ള സ്റ്റേറ്റ് ഡാറ്റാ സെന്ററിലാണ് സംഭരണം ചെയ്യുന്നത്. പ്രസ്തുത വെബ്സൈറ്റ് ഹോസ്റ്റ് ചെയ്തിരിക്കുന്നതും അവിടെയാണ്. ഇതു കൂടാതെ വകുപ്പിന്റെ വിവിധ ഓഫീസുകളുടെ ലോക്കൽ സെർവറുകളിൽ ശേഖരിക്കുന്ന വിവരങ്ങളും 10 മിനിട്ട് ഇടവിട്ട് ആട്ടോമാറ്റിക്കായി ഡാറ്റാ സെന്ററിലെ സെൻട്രൽ സെർവറിൽ ശേഖരിച്ചുവരുന്നു.

വിവരങ്ങൾ ശേഖരിക്കുന്നതിനായി 2008-ൽ തന്നെ 5 സെർവറുകൾ സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ വിന്യസിച്ചിട്ടുണ്ട്. വിവരങ്ങളുടെ തോത് കൂടിവരുന്നത് കണക്കിലെടുത്ത് കൂടുതൽ സെർവറുകൾ വിന്യസിക്കുവാനുള്ള നടപടികളും എടുത്തുവരുന്നു. ഇതു കൂടാതെ ടെക്നോപാർക്കിൽ പുതുതായി തുടങ്ങുന്ന ഡാറ്റാ സെന്ററിലും വകുപ്പിന് സ്ഥലം ലഭ്യമാക്കുന്നതിനുവേണ്ട നടപടികളും എടുക്കുന്നുണ്ട്. വകുപ്പിലെ ലൈസൻസ് രജിസ്ട്രേഷൻ സംബന്ധമായ ഡാറ്റാ ഏതാണ്ട് പൂർണ്ണമായി ശേഖരിച്ചു കഴിഞ്ഞു. ബാക്കിയുള്ളതു ചെയ്യുന്നതിന് കുടുംബശ്രീയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 31-3-2012-ന് മുമ്പ് മുഴുവൻ ഡാറ്റായും ശേഖരിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

## തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച മറുപടി

### I. നഗരസഭകളിൽ നിന്നു ലഭിക്കുന്ന ജി.ടു.ജി., ജി.ടു.സി., ജി.ടു.ബി. സേവനങ്ങൾ

#### (1) ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റുകളുടെ വിതരണം

കേരളത്തിലെ എല്ലാ നഗരസഭകളിലെയും (60 മുൻസിപ്പാലിറ്റികളും, 5 കോർപ്പറേഷനുകളും) ജനന-മരണ-വിവാഹ രജിസ്ട്രേഷനുകളും അനുബന്ധ സേവനങ്ങളും സർട്ടിഫിക്കറ്റുകളുടെ വിതരണവും ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച സേവന സിവിൽ രജിസ്ട്രേഷൻ സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് പൂർണ്ണമായും നിർവഹിക്കുന്നത്. രജിസ്ട്രേഷനുശേഷം വിവരങ്ങൾ www.cr.lsgkerala.gov.in എന്ന വെബ്സൈറ്റ് വഴിയായും ബന്ധപ്പെട്ടവർക്ക് ലഭ്യമാക്കി വരുന്നു. വെബ്സൈറ്റിൽനിന്നും ഡൗൺലോഡ് ചെയ്ത് എടുക്കുന്ന ജനന-മരണ സർട്ടിഫിക്കറ്റുകൾ ആധികാരിക രേഖയായി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. 1970 മുതലുള്ള മുൻകാല വിവരങ്ങളുടെ കമ്പ്യൂട്ടറൈസേഷൻ എല്ലാ നഗരസഭകളിലും പുരോഗതിയിലാണ്. പൂർത്തിയാകുന്ന വർഷങ്ങളിലെ റിക്കോർഡുകളും വെബ്സൈറ്റ്‌വഴി ബന്ധപ്പെട്ടവർക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായാൽ മൊബൈൽ നമ്പർ നൽകിയിട്ടുള്ളവർക്ക് അതിലേക്ക് എസ്.എം.എസ്. ആയും വിവരങ്ങൾ അറിയിച്ചുകൊടുക്കുന്നുണ്ട്. മാത്രവുമല്ല നവജാത ശിശുക്കളുടെ മാതാവിന്/പിതാവിന് അവർ നൽകിയിട്ടുള്ള മൊബൈൽ നമ്പറിലേക്ക് പ്രതിരോധ കുത്തിവെയ്പ്പ് സംബന്ധമായ ഓർമ്മപ്പെടുത്തൽ സന്ദേശവും നൽകി വരുന്നു.

പൊതു വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ പ്രകാരം രജിസ്ട്രേഷന് അപേക്ഷിക്കുന്ന ദമ്പതികൾക്ക് അത് ഇ-ഫയലിംഗിലൂടെ നൽകുന്നതിനുള്ള സംവിധാനം കൊച്ചി കോർപ്പറേഷൻ ഒഴികെയുള്ള എല്ലാ നഗരസഭകളിലും പ്രവർത്തനക്ഷമമാണ്. കൊച്ചി കോർപ്പറേഷനിലും ഈ സംവിധാനം ഉടൻ നിലിൽ വരുന്നതാണ്. രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ www.cr.lsgkerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

(2) പെൻഷൻ വിതരണം

കേരളത്തിലെ എല്ലാ നഗരസഭകളിലേക്കുമുള്ള (60 മുനിസിപ്പാലിറ്റികളിലും 5 കോർപ്പറേഷനുകളിലും) ക്ഷേമ പെൻഷനുകളുടെ വിതരണം ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച സേവന-ക്ഷേമ പെൻഷൻ സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് നിർവഹിക്കുന്നത്. സർക്കാരിൽനിന്നും പെൻഷൻ അലോട്ട്മെന്റുകൾ ലഭിക്കുന്ന മുറയ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ബില്ലുകൾ തയ്യാറാക്കി പെൻഷൻ തുക ഇ-മണിയോർഡറായി പോസ്റ്റാഫീസുകളിലൂടെ പെൻഷണർമാർക്ക് വിതരണം നടത്തുന്നു. വിവരങ്ങൾ www.welfarepension.lsgkerala.gov.in എന്ന വെബ്‌സൈറ്റിലും ലഭ്യമാകുന്നു. എല്ലാ ക്ഷേമപെൻഷനുകളും പെൻഷണർമാരുടെ ആധാർ നമ്പർകൂടി ഉൾപ്പെടുത്തി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലൂടെ വിതരണം നടത്തുന്നതിനുള്ള വിതരണം അവസാനഘട്ടത്തിലാണ്.

(3) കെട്ടിട നിർമ്മാണ അപേക്ഷകളുടെ അനുമതി

കെട്ടിട നിർമ്മാണ പെർമിറ്റുകൾ നൽകുന്നത് സാങ്കേതം എന്ന വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയർ ഐ.കെ.എം. വികസിപ്പിച്ച് കേരളത്തിലെ എല്ലാ നഗരസഭകളിലും വിന്യസിച്ചിട്ടുണ്ട്. തിരുവനന്തപുരം കോർപ്പറേഷനിലെ 3 സോണലുകൾ, കളമശ്ശേരി നഗരസഭാ എന്നിവിടങ്ങളിൽ ഈ സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് കെട്ടിട നിർമ്മാണ പെർമിറ്റുകൾ നൽകുന്നത്. മറ്റ് നഗരസഭകളിൽ ഇത് പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ ബന്ധപ്പെട്ട നഗരസഭകളും നഗരകാര്യവകുപ്പും സ്വീകരിച്ചു വരുന്നു.

(4) അസ്സസ്മെന്റ്-വസ്തു നികുതി ഒടുക്കം, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റും നൽകൽ

വസ്തുനികുതിദായകരുടെ അടിസ്ഥാന വിവരങ്ങൾ ഐ.കെ.എം.ന്റെ 'സഞ്ചയ' സോഫ്റ്റ്‌വെയർ ഉപയോഗിച്ച് 15 നഗര സഭകളിൽ (തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കോഴിക്കോട് കോർപ്പറേഷനുകൾ, കളമശ്ശേരി, തൃപ്പൂണിത്തുറ, മൂവാറ്റുപുഴ, ആലുവ, ഗുരുവായൂർ, ഒറ്റപ്പാലം, പാലക്കാട്, കാഞ്ഞങ്ങാട്, പെരിന്തൽമണ്ണ, പയ്യന്നൂർ, കണ്ണൂർ നഗരസഭകൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നികുതി അടവ് നികുതി കുടിശ്ശിക തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ കെട്ടിട ഉടമകൾക്ക് www.tax.lsgkerala.gov.in എന്ന വെബ്‌സൈറ്റിൽനിന്നും അറിയാൻ കഴിയുന്നതാണ്. ഈ സ്ഥലങ്ങളിലെ വസ്തു ഉടമകൾക്ക് പ്രസ്തുത വെബ്‌സൈറ്റിൽനിന്നും ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഡൗൺലോഡ് എടുക്കുവാൻ കഴിയും. പ്രസ്തുത സർട്ടിഫിക്കറ്റിന് സർക്കാർ നിയമസാധുത നൽകിയിട്ടുണ്ട്. ഇവയിൽ തിരുവനന്തപുരം, കൊല്ലം, കോഴിക്കോട് കോർപ്പറേഷനുകളിലും, മൂവാറ്റുപുഴ, ആലുവ, ഒറ്റപ്പാലം, പെരിന്തൽമണ്ണ, മട്ടന്നൂർ, കാഞ്ഞങ്ങാട്, കാസർഗോഡ് എന്നീ മുനിസിപ്പാലിറ്റികളും നികുതിദായകർക്ക് ഓൺലൈനായി (ഇ-പേയ്മെന്റ്) നികുതി

അടയ്ക്കുന്നതിനുള്ള സൗകര്യവും ലഭ്യമാണ്. മുകൾ ലിസ്റ്റിലുള്ള മറ്റു നഗരസഭകളിൽ ഐ.കെ.എം.-ന്റെ സഹകരണത്തോടെ ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

വസ്തു നികുതി സംബന്ധമായ വ്യവസ്ഥകൾ വാർഷിക വാടക ഇനത്തിൽനിന്നും മാറ്റി കെട്ടിട വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലേക്ക് മാറ്റി സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആ ഉത്തരവ് നടപ്പാക്കുന്നതിൽ വന്ന കാലതാമസംമൂലം മറ്റു നഗരസഭകളിൽ ഇതു സംബന്ധമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് സാധിച്ചിട്ടില്ല. അതു സംബന്ധമായ അന്തിമ ഉത്തരവുകൾ സർക്കാർ ഇപ്പോൾ പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ വസ്തു നികുതിദായകരുടെ അടിസ്ഥാന വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ നഗരസഭകൾ ഉടൻ തന്നെ സ്വീകരിക്കുന്നതാണ്. അടിസ്ഥാന വിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തി അംഗീകരിച്ച് വെബ്സൈറ്റിലേക്ക് എത്തിക്കുന്ന മുറയ്ക്ക് ഇ-പേയ്മെന്റ് സംവിധാനം ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സംവിധാനം എന്നിവ ഏർപ്പെടുത്താൻ കഴിയും.

## (5) ലൈസൻസുകൾ നൽകൽ

ലൈസൻസുകൾ നൽകുന്നതിനുള്ള സഞ്ചയ ഡി. & ഒ. സോഫ്റ്റ്‌വെയർ ഐ.കെ.എം. വികസിപ്പിച്ച് വിന്യസിപ്പിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, ഗുരുവായൂർ എന്നീ നഗരസഭകളിൽ അതു പ്രവർത്തിച്ചു വരുന്നു. ഈ സംവിധാനം ഏർപ്പെടുത്തുന്നതിന് പ്രവർത്തനങ്ങൾ മറ്റു നഗരസഭകൾ സ്വീകരിച്ചു വരുന്നു.

## (6) റസിഡൻസ് സർട്ടിഫിക്കറ്റ്

ഇ-ഗവേണൻസിലൂടെ റസിഡൻസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അടിസ്ഥാന വിവരങ്ങൾ ശേഖരിക്കാനുള്ള സാമൂഹ്യ സോഫ്റ്റ്‌വെയർ ഐ.കെ.എം. വികസിപ്പിച്ചിട്ടുണ്ട്. പൈലറ്റ് അടിസ്ഥാനത്തിൽ പെരിന്തൽമണ്ണ നഗരസഭയിൽ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. സർട്ടിഫിക്കറ്റ് വിതരണം സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരുന്നു.

## II. ഗ്രാമപഞ്ചായത്തുകളിൽ നിന്നു ലഭിക്കുന്ന ജി.ടു.ജി., ജി.ടു.സി., ജി.ടു.ബി. സേവനങ്ങൾ

(ജനന-മരണ-വിവാഹ-സർട്ടിഫിക്കറ്റുകളുടെ വിതരണം)

കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും (1978) ജനന-മരണ-വിവാഹ രജിസ്ട്രേഷനുകളും അനുബന്ധ സേവനങ്ങളും സർട്ടിഫിക്കറ്റുകളുടെ വിതരണവും ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച സേവന സിവിൽ രജിസ്ട്രേഷൻ സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് പൂർണ്ണമായും നിർവഹിക്കുന്നത്. രജിസ്ട്രേഷനു ശേഷം

വിവരങ്ങൾ www.cr.lsgkerala.gov.in എന്ന വെബ്സൈറ്റ് വഴിയായും ബന്ധപ്പെട്ടവർക്ക് ലഭ്യമാക്കി വരുന്നു. വെബ്സൈറ്റിൽനിന്നും ഡൗൺലോഡ് ചെയ്ത് എടുക്കുന്ന ജനന-മരണ സർട്ടിഫിക്കറ്റുകൾ ആധികാരിക രേഖയായി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. 1970 മുതലുള്ള മുൻകാല വിവരങ്ങളുടെ കമ്പ്യൂട്ടറൈസേഷൻ എല്ലാ പഞ്ചായത്തുകളിലും പുരോഗതിയിലാണ്. പൂർത്തിയാകുന്ന വർഷങ്ങളിലെ റിക്കോർഡുകളും വെബ്സൈറ്റ്വഴി ബന്ധപ്പെട്ടവർക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായാൽ മൊബൈൽ നമ്പർ നൽകിയിട്ടുള്ളവർക്ക് അതിലേക്ക് എസ്.എം.എസ്.ആയും വിവരങ്ങൾ അറിയിച്ചുകൊടുക്കുന്നുണ്ട്. മാത്രമല്ല നവജാത ശിശുക്കളുടെ മാതാവിന്/പിതാവിന് അവർ നൽകിയിട്ടുള്ള മൊബൈൽ നമ്പറിലേക്ക് പ്രതിരോധ കുത്തിവയ്പ്പ് സംബന്ധമായ ഓർമ്മപ്പെടുത്തൽ സന്ദേശവും നൽകി വരുന്നു.

പൊതു വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ പ്രകാരം രജിസ്ട്രേഷന് അപേക്ഷിക്കുന്ന ദമ്പതികൾക്ക് അത് ഇ-ഫയലിംഗിലൂടെ നൽകുന്നതിനുള്ള സംവിധാനവും എല്ലാ ഗ്രാമപഞ്ചായത്തുകളിലും പ്രവർത്തനക്ഷമമാണ്. രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ www.cr.lsgkerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ഇൻഫർമേഷൻ കേരള മിഷൻ മുഖേന നടപ്പിലാക്കി വരുന്ന വിവിധ സേവനങ്ങൾക്ക് ആവശ്യമായ മുൻകാല വിവരങ്ങൾ പ്രധാനമായും വേണ്ടിവരുന്നത് സേവന സിവിൽ രജിസ്ട്രേഷനുമായി ബന്ധപ്പെട്ടാണ്. ഇതിനാവശ്യമായ ഡേറ്റാ സംഭരണ ചുമതല അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ് നൽകിയിട്ടുള്ളത്. സംസ്ഥാനത്ത് ആകെയുള്ള 1029 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 1970 മുതലുള്ള ഡാറ്റാ സംഭരിക്കുകയും ആയത് ഓൺലൈൻ ആക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

<u>വിവര സാങ്കേതികവിദ്യാ വകുപ്പിൽനിന്നും ലഭിച്ച മറുപടി</u>

ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുന്ന വകുപ്പുകളിൽ Data Digitization കാര്യമായ നിലയിൽ തന്നെ പുരോഗമിച്ചു വരുന്നുണ്ട്.

ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ റേഷൻ കാർഡുമായി ബന്ധപ്പെട്ട വിവരങ്ങൾ, റവന്യൂ വകുപ്പിലെ വിവിധ സർട്ടിഫിക്കറ്റുകൾ നൽകുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ, തദ്ദേശസ്വയംഭരണ വകുപ്പിലെ ജനന മരണ സർട്ടിഫിക്കറ്റുകൾ, മോട്ടോർ വാഹനവകുപ്പിൽ നിന്നും നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകളായ വിവരങ്ങൾ തുടങ്ങിയ സുപ്രധാന വകുപ്പുകളിലെ Data Digitization പ്രക്രിയ ഏതാണ്ട് അന്തിമ ഘട്ടത്തിലാണ്.

ശിപാർശ 25 (ഖണ്ഡിക 105)

ഒരു ദശാബ്ദത്തിലേറെയായി പ്രവർത്തിച്ചുവരുന്ന വിവരസാങ്കേതിക വിദ്യാവകുപ്പിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ വിവരസാങ്കേതികവിദ്യയെ ഒരു വ്യവസായമെന്ന നിലയിൽ വികസിപ്പിച്ചുകൊണ്ടുവരുന്നതിലും ബഡ്ജറ്റ് വിഹിത വിനിയോഗത്തിനനു സൃതമായി വളർച്ച കൈവരിക്കുന്നതിലും എത്ര മാത്രം വിജയം നേടിയെന്നത് അവലോകനത്തിന് വിധേയമാക്കേണ്ടതുണ്ടെന്ന് സമിതി കരുതുന്നു. തമിഴ്നാട്, കർണ്ണാടക, ആന്ധ്രപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങൾ ഈ കാലയളവിൽ ആർജ്ജിച്ച നേട്ടങ്ങൾ വിലയിരുത്തുമ്പോൾ വിവരസാങ്കേതികവിദ്യ നമ്മുടെ സംസ്ഥാനത്ത് ഒരു വ്യവസായമെന്ന നിലയിൽ വേണ്ടത്ര പുരോഗതി കൈവരിച്ചുവോ എന്ന് സംശയം നിലനിൽക്കുന്നുവെന്ന് സമിതി അഭിപ്രായപ്പെടുന്നു.

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്ത് ഐ.ടി. വ്യവസായ മേഖല കാലാകാലങ്ങളിൽ അവലോകനം ചെയ്യുതിനുശേഷമാണ് വ്യവസായ വികസനത്തിനുതകുന്ന നയങ്ങൾക്ക് സർക്കാർ രൂപം നൽകി വരുന്നത്. വിദ്യാർത്ഥികൾക്കിടയിൽ സംരംഭകത്വം വികസിപ്പിക്കുക, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നീ ഉദ്ദേശത്തോടെ സ്റ്റുഡൻസ് എന്റർപ്രണർഷിപ്പ് നയം വിഭാവനം ചെയ്യുതും, പ്ലാൻ ഫണ്ടിന്റെ 3% ഇ-ഗവേണൻസിനുവേണ്ടി ചെലവഴിക്കണമെന്ന് തീരുമാനം കൈക്കൊണ്ടതും 2012-ലെ ഐ.ടി. നയത്തിലാണ്. ഇൻകുബേഷൻ സെന്ററിന്റെ Start up Village തുടങ്ങിയ നൂതനപദ്ധതികളും ആവിഷ്കരിച്ചതോടെയും ഐ.ടി. വ്യവസായ വികസനത്തിന് സഹായമാകുന്ന സബ്സിഡികൾ നൽകുന്ന സ്കീം ആവിഷ്കരിച്ചതോടെയും, നിലവിലുള്ള ഐ.ടി. പാർക്കുകൾ വികസിപ്പിക്കുകയും പുതിയ ഐ.ടി. പാർക്കുകൾ തുടങ്ങുവാനുള്ള നടപടികൾ കൈകൊള്ളുകയും ചെയ്യുതോടെ ഐ.ടി. വ്യവസായം ഒരു വൻ കുതിച്ചുചാട്ടമാണ് കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ സംസ്ഥാനത്ത് നടത്തിയത്.

ശിപാർശ 26 (ഖണ്ഡിക 106)

ഐ.ടി.യുടെ വളർച്ചയ്ക്കായുള്ള 2005-06, 2006-07, 2007-08 വർഷങ്ങളിൽ അനുവദിച്ച തുക പൂർണ്ണമായി വിനിയോഗിക്കാതിരുന്നതിന് തൃപ്തികരമായൊരു വിശദീകരണം വകുപ്പിന്റെ ഭാഗത്തു നിന്നുണ്ടായിട്ടില്ല. ഭരണപരമായ കാരണങ്ങൾ കൊണ്ട് പദ്ധതികൾ തുടങ്ങാൻ വൈകിയതിനാൽ അവ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞില്ല എന്ന വാദം സാധൂകരിക്കാവുന്നതല്ല എന്ന് സമിതി നിരീക്ഷിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സംസ്ഥാനത്ത് ഐ.ടി. വികസനം പൂർണ്ണ തോതിൽ സാധ്യമാക്കണമെങ്കിൽ എല്ലാ വകുപ്പുകളുടെയും സഹകരണം കൂടിയേ തീരൂ. വകുപ്പുകളുടെ ഡാറ്റാ കൈമാറ്റം, ഡാറ്റാ പങ്കുവയ്ക്കൽ തുടങ്ങിയവ ഇ-ഗവേണൻസിന്റെ ലക്ഷ്യം പൂർത്തീകരണത്തിന് വളരെ അത്യന്താപേക്ഷിതമാണ്. പാർക്കുകളുടെയും മറ്റും അടിസ്ഥാന സൗകര്യ വികസനത്തിന് തടസ്സം നേരിടുന്നത് പ്രധാനമായും ഭൂമി ഏറ്റെടുക്കൽ വൈകുന്നതുകൊണ്ടാണ്. പുതിയ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ നേരിടുന്ന എതിർപ്പുകളും കമ്പ്യൂട്ടറൈസേഷനോട് വച്ചുപുലർത്തുന്ന തെറ്റായ മനോഭാവം വികസനത്തെ പിന്നോക്കം വലിക്കുന്ന ഘടകങ്ങളിൽ ഒന്നാണ്. ഈ തടസ്സങ്ങളെല്ലാം നിലനിൽക്കുമ്പോഴും രാജ്യത്ത് തന്നെ ഐ.ടി. മേഖലയിൽ ശ്രദ്ധേയമായ നേട്ടം കൈവരിക്കുവാൻ നമ്മുടെ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.

വിവിധ വകുപ്പുകളുടെ കാര്യക്ഷമമായ ഏകോപനത്തിനു ഐ.ടി. പദ്ധതികളുടെ സമയബന്ധിത പൂർത്തീകരണത്തിനും മുഖ്യമന്ത്രി ചെയർമാനായും മന്ത്രിമാർ അംഗങ്ങളുമായി ഇ-ഗവേണൻസ് എംപവേർഡ് കമ്മിറ്റിയും, ചീഫ് സെക്രട്ടറി ചെയർമാനായി ഉദ്യോഗസ്ഥ തലത്തിൽ ഒരു അപ്പക്സ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികളുടെ മേൽനോട്ടത്തിൽ ഇ-ഗവേണൻസ് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും മാർഗ്ഗ തടസ്സങ്ങൾ പരിഹരിക്കുന്നതിനും നടപടികൾ കൈകൊള്ളുന്നുണ്ട്.

<u>ശിപാർശ 27 (ഖണ്ഡിക 107)</u>

ആഗോള വ്യാപകമായ സാഹചര്യങ്ങളെ ആശ്രയിച്ചാണ് വിവര സാങ്കേതിക രംഗത്തെ വളർച്ചയും തളർച്ചയും നിലകൊള്ളുന്നത് എന്നത് കണക്കിലെടുത്താൽപ്പോലും വിവരസാങ്കേതികരംഗത്തെ വളർച്ചയ്ക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കി കൊടുക്കുക എന്ന ഒരു സംരംഭകന്റെ പങ്ക് ഐ.ടി. വകുപ്പ് പൂർണ്ണമായി നിർവ്വഹിച്ച എന്ന് പറയുവാൻ കഴിയില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തയാണ് ഐ.ടി. വ്യവസായ വികസനത്തെ പ്രതികൂലമായി ബാധിക്കുന്ന ഒരു ഘടകമായത്.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തിരുവനന്തപുരത്തെ ടെക്നോപാർക്കിന്റെ ഫേസ്-I, II, III, Technocity Kollam Technopark എന്നീ പദ്ധതികൾ താഴെപ്പറയുന്ന അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

Phase-I ടെക്നോപാർക്ക്, തിരുവനന്തപുരം

ടെക്നോപാർക്ക് ഫേസ്-I ലെ അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായും സജ്ജീകരിച്ചു കഴിഞ്ഞതാണ്.

Phase-II

പ്രത്യേക സാമ്പത്തിക പദവിയിലുള്ള 86 ഏക്കർ Phase-II Campus-ൽ UST Global, Infosys Ltd. എന്നീ കമ്പനികൾ IT/ITES സംരംഭങ്ങൾക്കായി അവരുടെ അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിച്ച് പ്രവർത്തിച്ചു വരുന്നു.

Phase-III

Phase-III എന്ന പദ്ധതികളിലെ വൈദ്യുതി വിതരണത്തിനായുള്ള 110KV സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്തു. ഇവിടെനിന്നും രണ്ട് 12.5 MVA ട്രാൻസ്ഫോർമറുകളും മറ്റ് അനുബന്ധ ഇലക്ട്രിക് പാനലുകളും സ്ഥാപിച്ചിട്ടുണ്ട്. ഇതിനായി ഏകദേശം 8.5 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. കൂടാതെ ടെക്നോപാർക്ക് Phase-III യിലെ തന്നെ 1 മില്ല്യൻ ച.അടി വിസ്തീർണ്ണത്തിൽ നിർമ്മിച്ചിരുന്ന ഗംഗ-യമുന എന്ന കെട്ടിട സമുച്ചയത്തിനാവശ്യമായ വൈദ്യുത വിതരണത്തിനാവശ്യമായുള്ള ട്രാൻസ്ഫോർമറുകൾ ഡി.ജി. സെറ്റുകൾ തുടങ്ങിയവ സ്ഥാപിക്കുന്നതിനായി 13,31,41,194 രൂപയുടെ ടെൻഡർ കോൺട്രാക്റ്റ് ബ്ലൂസ്റ്റാർ ലിമിറ്റഡ് എന്ന കമ്പനികൾക്ക് നൽകിക്കഴിഞ്ഞു. ഇതിന്റെ പ്രവർത്തനങ്ങൾ ഭാഗികമായി പൂർത്തിയാക്കി വൈദ്യുതി വിതരണം ആരംഭിച്ചിട്ടുണ്ട്.

കൂടാതെ ഈ കാമ്പസിലേക്കുള്ള വൈദ്യുതി വിതരണത്തിനായി 11 KV വൈദ്യുതി ശൃംഖലയും രൂപീകരിച്ചിട്ടുണ്ട്. ഇത് 2012 നവംബറിൽ കമ്മീഷൻ ചെയ്തു. ഈ കാമ്പസിൽ സ്ഥലമെടുത്ത് കെട്ടിടം നിർമ്മിക്കുന്ന ഐ.ടി. സംരംഭങ്ങൾക്ക് ഇതിൽ സജ്ജമാക്കിയിരിക്കുന്ന Ring main Unites-ൽ നിന്നും അവർക്കാവശ്യമായ വൈദ്യുതി ലഭ്യമാക്കാവുന്നതാണ്. ഈ പദ്ധതിയുടെ മൊത്തം ചെലവ് 10 കോടി ആണ്.

ടെക്നോസിറ്റി, തിരുവനന്തപുരം

ടെക്നോപാർക്കിന് കീഴിലുള്ള പുതിയ സംരംഭമായ ടെക്നോപാർക്കിന് വേണ്ടി തടസ്സമില്ലാത്ത വൈദ്യുതി, കുടിവെള്ളം, വിശാലമായ റോഡുകൾ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പ്രവർത്തികൾ തുടങ്ങിക്കഴിഞ്ഞു. കേരള വാട്ടർ അതോറിറ്റിയുമായി ഏകോപിച്ച് 9.2 ദശലക്ഷം ലിറ്റർ ജലം പ്രതിദിനം വിതരണം ചെയ്യുന്നതിനുള്ള പണികൾ അവസാനഘട്ടത്തിലാണ്. PWD യുമായി ഒത്തു ചേർന്ന് പള്ളിപ്പുറം ജംഗ്ഷനിൽനിന്നുമുള്ള റോഡുകളുടെ വീതി വികസിപ്പിക്കുന്നതിന് ധാരണയായിട്ടുണ്ട്. ഇതിന് പുറമേ ടെക്നോപാർക്ക് നേരിട്ട് 110 KV Substation,

റോഡുകൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും തീരുമാനം ആയിട്ടുണ്ട്. ഭാവിയിൽ പദ്ധതി പ്രദേശത്ത് വരാൻ പോകുന്ന വികസന പ്രവർത്തനങ്ങൾ കണക്കിലെടുത്താണ് ഈ പദ്ധതികൾ എല്ലാം തന്നെ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

## ടെക്നോപാർക്ക്, കൊല്ലം

അഷ്ടമുടി കായലിന്റെ തീരത്ത് 44 ഏക്കറിൽ വികസിപ്പിച്ചെടുത്ത ടെക്നോപാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. ടെക്നോപാർക്കിൽ ഗ്രീൻ സർട്ടിഫിക്കേഷനിൽ വികസിപ്പിച്ചെടുത്ത് ഐ.ടി. ബിൽഡിംഗിന്റെ നിർമ്മാണവും കഴിഞ്ഞിരിക്കുകയാണ്. ടെക്നോപാർക്കിൽ ബിൽഡിംഗിനോടൊപ്പം 11 KV Substation-ഉം Sewage treatment Plant-ഉം സ്ഥാപിച്ചിട്ടുണ്ട്.

## ശിപാർശ 28 (ഖണ്ഡിക 108)

ജനവാസമേറിയതും എന്നാൽ ഭൂമിയുടെ ലഭ്യത കുറവായതുമായ കേരളം പോലെയുള്ള ഒരു സംസ്ഥാനത്ത് ഐ. ടി. വ്യവസായ സംരംഭങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിൽ കാലതാമസം നേരിടുന്നതായി സമിതി മനസ്സിലാക്കുന്നു. കോടതിക്കേസ്സുകളും നിയമപരമായ മറ്റ് നൂലാമാലകളും ഈ രംഗത്തേക്ക് കടന്നുവരുന്ന സ്വകാര്യ സംരംഭകരെ പിന്നോട്ടു വലിക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉയർന്നുവന്നിട്ടുള്ള ടെക്നോ/സൈബർ/ഇൻഫോ പാർക്കുകൾ ഐ. ടി. വ്യവസായ സംരംഭകരെ ആകർഷിക്കുന്നുണ്ടെങ്കിലും തടസ്സമില്ലാത്ത വൈദ്യുതി, കുടിവെള്ളം, വിശാലമായ റോഡുകൾ തുടങ്ങിയ മറ്റ് അനുബന്ധ സൗകര്യങ്ങൾകൂടി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ഉറപ്പുവരുത്തേണ്ടത് ഐ. ടി. വകുപ്പിന്റെ ചുമതലയാണെന്ന് സമിതി കരുതുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2010-ൽ തുടങ്ങി വച്ച Phase II-കൊച്ചി അക്വിസിഷൻ നടപടികൾ എല്ലാംതന്നെ ഇൻഫോപാർക്ക് സമയബന്ധിതമായി പൂർത്തിയാക്കിയിട്ടുണ്ട്. അനുബന്ധ സൗകര്യങ്ങളിൽ ഉൾപ്പെട്ട റോഡുകളും, വൈദ്യുതി, കുടിവെള്ളം തുടങ്ങിയവ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി, ടെണ്ടറുകൾ വിളിച്ച് പൂർത്തിയാക്കി കഴിഞ്ഞിട്ടുണ്ട്. ഇതിലേയ്ക്കായി വകയിരുത്തിയ മുഴുവൻ ഫണ്ടും അതാത് വർഷങ്ങളിൽ തന്നെ ഫലപ്രദമായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ചേർത്തല ഐ. ടി. പാർക്കിനു വേണ്ടിയുള്ള സ്ഥലം KSIDC-ൽ നിന്നാണ് ഏറ്റെടുത്തത്. ഈ പാർക്കിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. വെള്ളം, റോഡ് എന്നിവ പാർക്കിൽ ലഭ്യമാക്കിക്കഴിഞ്ഞു. കൊരട്ടി ഐ. ടി. പാർക്കിനു വേണ്ടി 30 ഏക്കർ ഭൂമി KSITIL നൽകിയിട്ടുണ്ട്. 3.3 ലക്ഷം ച.അടി. വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി അതിലും നിരവധി കമ്പനികൾ പ്രവർത്തിക്കുന്നു. വെള്ളം, വൈദ്യുതി മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ പൂർത്തിയാക്കി കഴിഞ്ഞു.

സൈബർ പാർക്കിൽ KSITIL പാട്ടത്തിന നൽകിയ 0.97 ഏക്കർ സ്ഥലത്ത് കെ. എസ്. ഇ.ബി. സബ്സ്റ്റേഷന്റെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. കേരള വാട്ടർ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ പുതിയ വാട്ടർ ലൈൻ സൈബർ പാർക്കിൽ എത്തിക്കാനുള്ള പദ്ധതി ടെണ്ടർ നടപടി ഘട്ടത്തിലാണ്. സൈബർ പാർക്കിൽ 2.5 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഒരു under ground sump & overhead ടാങ്ക് സ്ഥാപിക്കാൻ KSITIL ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കണ്ണൂർ ഐ. ടി. പാർക്കിനുവേണ്ടി 25 ഏക്കർ ഭൂമിയും, കാസർഗോഡ് ഐ. ടി. പാർക്കിനുവേണ്ടി 100 ഏക്കർ ഭൂമിയും KSITIL നൽകിയിട്ടുണ്ട്. പാർക്കിനുള്ളിലെ കുളത്തിൽനിന്നും വെള്ളത്തിന്റെ ലഭ്യത ഉറപ്പാക്കാൻ കഴിയുന്നതാണ്.

കൊല്ലം ഐ. ടി. പാർക്കിനുള്ള അടിസ്ഥാന സൗകര്യവികസനം ടെക്നോപാർക്ക്‌വഴി നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്.

സർക്കാരിന്റെ പുതിയ ഐ. ടി. നയമനുസരിച്ച് സംസ്ഥാനത്ത് വർദ്ധിച്ച തോതിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ഐ. ടി. കയറ്റുമതി ഉയർത്തുന്നതിനുമായി താഴെ പറയുന്ന വൻകിട പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്:

1. ഐ. ടി. പാർക്കുകളിൽ കമ്പനികൾക്കായി കൂടുതൽ കെട്ടിടങ്ങൾ പണിയുക.

2. ഐ.ടി. പാർക്കുകളിലേയ്ക്ക് മെച്ചപ്പെട്ട ഗതാഗത സൗകര്യങ്ങൾ ഏർപ്പെടുത്തുക

3. ഊർജ്ജ സംരക്ഷണം ഉറപ്പ് വരുത്തുക.

4. ഐ.ടി. പശ്ചാത്തല സൗകര്യം ഒരുക്കുന്നതിൽ സ്വകാര്യ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക.

5. ഐ.ടി. ഹബ്ബുകൾക്ക് ചുറ്റുമുള്ള സാമൂഹിക പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്തുക. സുരക്ഷ ഉറപ്പുവരുത്തുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുക

6. പ്രധാന ദേശീയ അന്താരാഷ്ട്ര നഗരങ്ങളുമായുള്ള വ്യോമഗതാഗത ശൃംഖല മികവുറ്റതാക്കുക.

ഐ.ടി. പാർക്കുകളെ ലൈസൻസി ആക്കണമെന്നുള്ള നയപരമായ നിർദ്ദേശം റഗുലേറ്ററി കമ്മീഷന് നൽകും. ഐ. ടി./ഐ. ടി. അനുബന്ധ മേഖലയ്ക്കു പ്രത്യേക റേറ്റും താരിഫും ഉറപ്പാക്കണമെന്നും പുതിയ ഐ.ടി. നയത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

## ശിപാർശ 29 (ഖണ്ഡിക 109)

ഐ.ടി. പാർക്കുകൾക്ക് ഭൂമി ഏറ്റെടുക്കുന്നതിന് ഫാസ്റ്റ് ട്രാക്ക് സംവിധാനം ഏർപ്പെടുത്തുക, തടസ്സമില്ലാത്ത വൈദ്യുതി വിതരണം ഉറപ്പുവരുത്തുക, റോഡ്, റെയിൽ, ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ വിവിധ സർക്കാർ ഏജൻസികളുടെ സഹകരണത്തോടെയും ഏകോപനത്തിലൂടെയും ത്വരിതപ്പെടുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ടെക്നോപാർക്ക്, സൈബർപാർക്ക് എന്നിവ ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിലാണ് ഭൂമി ഏറ്റെടുക്കുന്നത്. കൂടാതെ ഇതിനോട് അനുബന്ധിച്ചിട്ടുള്ള പ്രവർത്തനങ്ങൾ വിവിധ സർക്കാർ ഏജൻസികളുടെ സഹകരണത്തോടും ഏകോപനത്തോടും കൂടിയാണ് നടപ്പിലാക്കുന്നത്.

ഇൻഫോപാർക്ക് രണ്ടാം ഘട്ടം പോലെയുള്ള ഐ.ടി. പാർക്കുകളിൽ ഏകദേശം 40 ശതമാനം ഭൂമി ജില്ലാതല പർച്ചേസ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം Direct Purchase ആയി വാങ്ങിക്കുന്ന ഭൂമിയും ബാക്കി വരുന്ന 60 ശതമാനം LA Act പ്രകാരം ഏറ്റെടുക്കുന്ന ഭൂമിയുമാണ്.

## ശിപാർശ 30 (ഖണ്ഡിക 113)

എന്നാൽ ഇത്രയധികം സേവനങ്ങൾ ചെയ്തുവരുന്ന ഐ.ടി. മിഷന്റെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനങ്ങൾക്ക് വിഘാതമാകും വിധം മതിയായ സാങ്കേതിക വിദഗ്ദ്ധരുടെ അഭാവം നിലനിൽക്കുന്നുണ്ടെന്നാണ് സമിതിക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞത്. പല വകുപ്പുകളിൽനിന്ന് ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിലും കോൺട്രാക്ട് അടിസ്ഥാനത്തിലും ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരാണ് ഐ.ടി. മിഷനിലുള്ളത്. ആയതിനാൽ ഐ.ടി. മിഷന്റെ സുഗമമായ പ്രവർത്തനങ്ങൾക്കാവശ്യമായ പരിചയസമ്പന്നരും വിദഗ്ദ്ധരുമായ സ്ഥിരം ഉദ്യോഗസ്ഥരെ നിയമിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടികൾ

### വിവരസാങ്കേതിക വിദ്യാവകുപ്പിൽ നിന്നും 9-10-2014-ൽ ലഭിച്ച മറുപടി

കേരള സ്റ്റേറ്റ് ഐ. ടി. മിഷനിൽ ആവശ്യമായിവരുന്ന തസ്തികകൾ കണ്ടെത്തുന്നതിനും യോഗ്യതകൾ നിശ്ചയിക്കുന്നതിനുമായി വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തിരുവനന്തപുരം ആസ്ഥാനമായുള്ള സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## വിവരസാങ്കേതിക വിദ്യാവകുപ്പിൽനിന്നും 10-9-2015-ൽ ലഭിച്ച മറുപടി

നിരവധി സേവനങ്ങൾ ചെയ്തു വരുന്ന ഐ.ടി. മിഷന്റെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനങ്ങൾക്ക് പല വകുപ്പിൽനിന്ന് ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിലും കോൺട്രാക്ട് അടിസ്ഥാനത്തിലും ജോലി ചെയ്യുന്ന സാങ്കേതിക വൈവിദ്ധ്യമുള്ള ഉദ്യോഗസ്ഥരാണ് ഐ.ടി. മിഷനിൽ കൂടുതലായും ഉള്ളത്. ഇതിനായി പ്രോജക്ട് തലത്തിൽ പി.എം.യു. (പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്) സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്.

## ശിപാർശ 31 (ഖണ്ഡിക 114 & 115)

പ്രത്യേക സാമ്പത്തിക മേഖലയായി പ്രഖ്യാപിക്കാത്ത സ്ഥലങ്ങളിൽ ഭൂമി ഏറ്റെടുക്കൽ പ്രശ്നമായിത്തന്നെ നിലനിൽക്കുന്നുവെന്ന് കൊരട്ടി ഇൻഫോപാർക്കിന്റെ അനുഭവം വ്യക്തമാക്കുന്നുവെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. ഇപ്പോൾ ലഭ്യമായ 20 ഏക്കറിന് പുറമേ 10 ഏക്കർകൂടി കൊരട്ടി ഇൻഫോപാർക്കിന് ലഭിക്കേണ്ടതുണ്ട്. കൊരട്ടി ഇൻഫോപാർക്ക് പ്രത്യേക സാമ്പത്തികമേഖലയായി പ്രഖ്യാപിക്കപ്പെടുന്നപക്ഷം ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ആക്കം വർദ്ധിക്കുന്നതാണ്. ആയതിനാൽ കൊരട്ടി ഇൻഫോപാർക്ക് പ്രത്യേക സാമ്പത്തിക മേഖലയായി പ്രഖ്യാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

വൈഗ ത്രെഡ്സിൽനിന്ന് ഏറ്റെടുത്ത 30 ഏക്കർ സ്ഥലത്ത് ഇൻഫോപാർക്ക് തൃശ്ശൂർ സ്ഥിതിചെയ്യുന്നു. ഇവിടെ ഉണ്ടായിരുന്ന പഴയ കെട്ടിടങ്ങൾ പുനരുദ്ധരിച്ച് ഏകദേശം 60,000 ചതുരശ്ര അടി ഐ.ടി. സ്പേസ് ഒരുക്കിയിട്ടുണ്ട്. ഇവിടെ 30 കമ്പനികളിലായി 600 ഐ.ടി. ജീവനക്കാർ ജോലി ചെയ്യുന്നു. വൈഗ ത്രെഡ്സിൽനിന്ന് റവന്യൂ വകുപ്പ് കൂടുതലായി ഏറ്റെടുത്തിട്ടുള്ള 15 ഏക്കർ സ്ഥലം ഉൾപ്പെടുത്തി ഇവിടെ ഒരു സെസ്സ് മേഖല ഒരുക്കുവാൻ ഇൻഫോപാർക്ക് ഉദ്ദേശിച്ചിരുന്നു. വൈഗ ത്രെഡ്സ് ഇതിനെതിരെ കൊടുത്തിരിക്കുന്ന കേസുകൾ എല്ലാം ഇപ്പോൾ ഹൈക്കോടതിയുടെ പരിഗണനയിലാണ്.

## ശിപാർശ 32 (ഖണ്ഡിക 116)

ഐ.ടി. സംരംഭങ്ങൾ ആരംഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് ഏകജാലക സംവിധാനത്തിലൂടെ അനുമതി നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ഐ.ടി. സംരംഭങ്ങൾ ആരംഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക് എന്നിവിടങ്ങളിൽ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

ശിപാർശ 33 (ഖണ്ഡിക 117 & 118)

2001 മുതലുള്ള കയറ്റുമതിയും സ്ഥലസൗകര്യവും സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു:

| Financial Year | Export (in crores) | Area of built up space (In Sq.ft) | Remarks |
|---|---|---|---|
| Technopark | | | |
| 2001-02 | 175 | 1267000 | |
| 2002-03 | 220 | | |
| 2003-04 | 300 | | |
| 2004-05 | 400 | | |
| 2005-06 | 650 | | |
| 2006-07 | 1000 | 2300000 | |
| 2007-08 | 1200 | 3500000 | |
| 2008-09 | 1426 | 4000000 | |
| 2009-10 | 1648 | 4650000 | |
| Infopark | | | |
| 2005-06 | 67 | 52000 | ഇൻഫോപാർക്ക് 2004-05 കാലഘട്ടത്തിലാണ് പ്രവർത്തനം ആരംഭിച്ചത്. |
| 2006-07 | 195 | | |
| 2007-08 | 247 | 1300000 | |
| 2008-09 | 463 | 2000000 | |
| 2009-10 | 601 | 2450000 | |

മേൽ പട്ടിക പരിശോധിച്ചതിൽ 2001 മുതൽ 2006 വരെയുള്ള കാലയളവിൽ ടെക്നോപാർക്കിൽ സ്ഥലസൗകര്യം വർദ്ധിച്ചതായി കാണുന്നില്ല. എങ്കിലും ഓരോ സാമ്പത്തിക വർഷവും കയറ്റുമതിയിൽ വർദ്ധനവ് കാണുന്നുണ്ട്. എന്നാൽ അതിനുശേഷം സ്ഥലസൗകര്യം രണ്ട് ഇരട്ടിയായും, മൂന്നിരട്ടിയായും വർദ്ധിച്ചിട്ടും കയറ്റുമതിയിൽ ആനുപാതിക വളർച്ച കാണുന്നില്ല. ആയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. വർദ്ധിച്ച സ്ഥലസൗകര്യത്തിന് ആനുപാതികമായി കയറ്റുമതി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2007-08 കാലയളവിൽ ടെക്നോപാർക്കിലെ സ്ഥല സൗകര്യങ്ങൾ വർദ്ധിച്ച എങ്കിലും ആഗോള സാമ്പത്തിക മാന്ദ്യംമൂലം കയറ്റുമതിയിൽ ആനുപാതികമായ വർദ്ധനവ് ഉണ്ടായിട്ടില്ല. 2010-11 കാലയളവിൽ ടെക്നോപാർക്കിലെ കമ്പനികളിൽ നിന്നുമുള്ള സോഫ്റ്റ്വെയർ കയറ്റുമതി ഏകദേശം 1963 കോടിയായി വർദ്ധിച്ചിട്ടുണ്ട്. സ്ഥലലഭ്യത യനുസരിച്ച് കയറ്റുമതിയിലുള്ള വർദ്ധന ഉടൻ ഉണ്ടാകാറില്ല. കാരണം കമ്പനികൾ ആരംഭിച്ച് ഓഫീസ് സജ്ജീകരണങ്ങൾ പൂർത്തിയാക്കി അനുയോജ്യരായ ജീവനക്കാരെ നിയമിച്ച് ആവശ്യമായ പരിശീലനങ്ങൾ നൽകിയ ശേഷം കമ്പനികൾക്ക് ലഭിക്കുന്ന പ്രോജക്ടുകൾക്ക് അനുസരിച്ചാണ് കയറ്റുമതിയിൽ വർദ്ധനവ് ഉണ്ടാകുന്നത് ഇൻഫോസിസ്, റ്റി.സി.എസ്. പോലുള്ള പ്രമുഖ കമ്പനികൾക്ക് മാത്രമേ പെട്ടെന്നുള്ള കയറ്റുമതി വർദ്ധനവ് സാധ്യമാകാറുള്ളൂ.

| Infopark | | | |
|---|---|---|---|
| Finance Year | Export (Rs.Crores) | % | Area of built up space (in sq.ft) |
| 2007-08 | 247.05 | | 1300000 |
| 2008-09 | 462.61 | 87.2 | 2000000 |
| 2009-10 | 619.78 | 53.0 | 2450000 |
| 2010-11 | 900.00 | 45.2 | 3000000 |
| 2011-12 | 1100.00 | 22.0 | 3400000 |

<u>ശിപാർശ 34 (ഖണ്ഡിക 119)</u>

വിവരങ്ങൾ വിരൽത്തുമ്പിൽ എന്ന ആശയം അന്വർത്ഥമാകും വിധം സർക്കാർ രേഖകളുടെ ഡിജിറ്റൈസേഷനിൽ കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. സർക്കാർ രേഖകളുടെ ഡിജിറ്റൈസേഷനിൽ സമയബന്ധിതമായി പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

വിവരങ്ങൾ വിരൽ തുമ്പിൽ അന്വർത്ഥമാകുംവിധം സെക്രട്ടേറിയറ്റിലെ തീർപ്പു കൽപ്പിച്ച ഫയലുകളുടെ ഡിജിറ്റൈസേഷൻ കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. നാളിതുവരെ 34 ഡിപ്പാർട്ടുമെന്റുകളിലെ 1991 മുതൽ 2012 വരെയുള്ള 5,98,836 ഫയലുകൾ (33705842 പേജുകൾ) സ്കാൻ ചെയ്ത് ഡിജിറ്റൈസ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്. യൂസർ നെയിമും പാസ്‌വേർഡും ലഭിച്ചിട്ടുള്ള സെക്രട്ടേറിയറ്റിലെ ഉന്നത ഉദ്യോഗസ്ഥമാർക്ക് സോഫ്റ്റ് വെയറിന്റെ സഹായത്തോടെ ഈ രേഖകൾ ഉപയുക്തമാക്കാവുന്നതാണ്.

## ശിപാർശ 35 (ഖണ്ഡിക 120)

സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാകുന്ന വിവിധ വകുപ്പുകളെ കുറിച്ചുള്ള വിവരങ്ങൾ സി.ഡിറ്റിന്റെ സഹായത്തോടെ നൽകിവരുന്നത് പബ്ലിക് റിലേഷൻസ് വകുപ്പാണ്. എന്നാൽ സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിലെ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നില്ലെന്ന പരാതി ഇപ്പോഴും നിലനിൽക്കുന്നതായും, ആയതിനാൽ വെബ്സൈറ്റിന്റെ പരിപാലനം കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

നിർദ്ദേശം നടപ്പാക്കുന്നതിനായി ശിപാർശയുടെ പകർപ്പ് പബ്ലിക് റിലേഷൻസ് വകുപ്പിന് നൽകിയിട്ടുണ്ട്.

## ശിപാർശ 36 (ഖണ്ഡിക 121)

ഏതൊരു സർക്കാർ വകുപ്പിനും അവരുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യത്തിലെത്തിക്കുന്നതിനും ഉപയോഗിക്കുവാൻ കഴിയുന്നത്ര എളുപ്പത്തിലുള്ളതും ചെലവ് കുറഞ്ഞതുമായ സൗകര്യമാണ് വീഡിയോ കോൺഫറൻസിംഗ് സംവിധാനം എന്ന് സമിതി മനസ്സിലാക്കുന്നു. യാത്രചെലവ് ഗണ്യമായി കുറയ്ക്കുന്നതിനും സമയലാഭത്തിനും ഉപയോഗപ്രദമായ ഈ സംവിധാനം വേണ്ടത്ര വിജയം കണ്ടിട്ടില്ല എന്ന് സമിതി നിരീക്ഷിക്കുന്നു. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ (2008, 2009, 2010 സെപ്റ്റംബർ വരെ) റവന്യൂ വകുപ്പിൽ 37-ഉം പബ്ലിക് ഓഫീസിൽ 75-ഉം ആഭ്യന്തര വകുപ്പിൽ 3-ഉം വീഡിയോ കോൺഫറൻസുകളെ നടന്നിട്ടുള്ളുവെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ ഈ കാലയളവിൽ ഐ.ടി. മിഷനിൽ 498-ഓളം വീഡിയോ കോൺഫറൻസുകൾ നടന്നതായി കാണുന്നു.

വിവിധ വകുപ്പുകളുടെ ഡയറക്ടറേറ്റുകൾ സ്ഥിതിചെയ്യുന്ന ഓഫീസ് സമുച്ചയമായ വികാസ്ഭവനിൽ വീഡിയോ കോൺഫറൻസിംഗിനുള്ള സൗകര്യം (വീഡിയോ കോൺഫറൻസിംഗ് ഉപകരണം ഉൾപ്പെടെ) പ്രവർത്തനരഹിതമായിരുന്നുവെന്നും തൽക്കാലം അത് കാസർകോട്ടേക്ക് മാറ്റിയിരിക്കുകയാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വികാസ്ഭവനിലെ വീഡിയോ കോൺഫറൻസിംഗ് സംവിധാനം പ്രവർത്തനക്ഷമമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം മറ്റ് സർക്കാർ ഓഫീസുകളിലും ഈ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ ആരംഭിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## <u>സർക്കാർ സ്വീകരിച്ച നടപടി</u>

സർക്കാർ നടപടികൾ ത്വരിതഗതിയിലാക്കുന്നതിന്റെ ഭാഗമായി 2004-ൽ സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ച വീഡിയോ കോൺഫറൻസിംഗ് സംവിധാനം 14 ജില്ലാ കളക്ടറേറ്റുകൾ, കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ, നോർത്ത് കമ്മിറ്റി റൂം-സെക്രട്ടേറിയറ്റ്, പബ്ലിക് ആഫീസ്, വികാസ് ഭവൻ, കേരള ഹൗസ്-ന്യൂഡൽഹി, ഏജീസ് ആഫീസ്-എറണാകുളം എന്നിവയെ തമ്മിൽ ബന്ധിപ്പിച്ചിരിക്കുന്നു. എല്ലാ സർക്കാർ വകുപ്പുകൾക്കും സർക്കാർ അധീനതയിലുള്ള വാണിജ്യ സ്ഥാപനങ്ങൾക്കും ഈ സംവിധാനം ഉപയോഗിക്കാവുന്നതാണ്. ഏകദേശം 250-ഓളം വീഡിയോ കോൺഫറൻസുകൾ പ്രതിവർഷം നടത്തി വരുന്നുണ്ട്. വികാസ്ഭവനിൽ സ്ഥിതി ചെയ്യുന്ന ഓഫീസുകൾക്ക് വീഡിയോ കോൺഫറൻസിംഗ് സൗകര്യം ഏറ്റവും അടുത്ത് സ്ഥിതി ചെയ്യുന്ന പബ്ലിക് ആഫീസ്, കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ എന്നിവിടങ്ങളിലെ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്.

## <u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>

വിവിധ വകുപ്പുകളുടെ ആസ്ഥാന കാര്യാലയങ്ങൾ സ്ഥിതി ചെയ്യുന്ന ആഫീസ് സമുച്ചയമായ വികാസ് ഭവനിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ എന്തൊക്കെയാണ്?

## <u>അധികവിവരത്തിന്മേലുള്ള മറുപടി</u>

നിലവിൽ കേരള സ്റ്റേറ്റ് IT മിഷന്റെ നിയന്ത്രണത്തിലും മേൽനോട്ടത്തിനും, വികാസ് ഭവനിൽ ഏർപ്പെടുത്തിയിട്ടുള്ള വീഡിയോ കോൺഫറൻസിംഗ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്.

## ശിപാർശ 37 (ഖണ്ഡിക 122)

പൊതുജനങ്ങൾ ഏറ്റവും കൂടുതൽ ബന്ധപ്പെടുന്ന തദ്ദേശസ്വയംഭരണം, കൃഷി, റവന്യൂ, രജിസ്ട്രേഷൻ, ഭക്ഷ്യ-സിവിൽ സപ്ലൈസ് എന്നീ വകുപ്പുകളിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയാൽ കാലതാമസവും മറ്റുള്ള പരാതികളും ഒഴിവാക്കാൻ സാധിക്കുമെന്ന് സമിതി കരുതുന്നു. ആയതിനാൽ മേൽ വകുപ്പുകളിലെ സേവനങ്ങൾ ഓൺലൈൻ ആക്കുന്ന ഇ-ഡിസ്ട്രിക്ട് പദ്ധതി ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

വിവിധ സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് എളുപ്പം വീടിനടുത്തുള്ള പൊതുജന സേവന കേന്ദ്രത്തിൽ (അക്ഷയ) നിന്നും ഓൺലൈൻവഴി ലഭ്യമാക്കുന്നതാണ് ഈ പദ്ധതി. അതാത് വകുപ്പുകളിൽ നടപ്പിലാക്കിയ കമ്പ്യൂട്ടർവൽക്കരണം പരമാവധി പ്രയോജന പ്പെടുത്തി ബന്ധപ്പെട്ട ഓഫീസുകളിൽ കയറിയിറങ്ങാതെ തന്നെ വിവിധ സർട്ടിഫിക്കറ്റുകളുൾപ്പെടെയുള്ള സേവനങ്ങളാണ് ഈ കേന്ദ്രങ്ങളിലൂടെ ലഭിക്കുക. തുടക്കത്തിൽ കണ്ണൂരും പാലക്കാടുമാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കിയത്. റവന്യൂ വകുപ്പിന്റെ 23 സേവനങ്ങൾ ഈ ജില്ലകളിൽ വിജയകരമായി നടപ്പിലാക്കി വരുന്നുണ്ട്. ഇ-ഡിസ്ട്രിക്ട് പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിലാക്കുവാനും ഇതിന്റെ ഉദ്ഘാടനം 26-11-2012-ൽ നടത്തുവാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ മൂന്ന് ജില്ലകളിൽ നടപ്പിലാക്കുവാനും 2013 ഏപ്രിലിന് മുമ്പായി പൂർണ്ണമായും നടപ്പിലാക്കുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

## സമിതി ആവശ്യപ്പെട്ട അധികവിവരം

1. ഇ-ഡിസ്ട്രിക്ട് പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പ്രാവർത്തികമാക്കിയോ;

2. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനു മുന്നോടിയായി ജീവനക്കാർക്ക് പരിശീലനം നൽകിയിട്ടുണ്ടോ;

3. പ്രസ്തുത പദ്ധതി സംബന്ധിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

4. വിവിധ ക്ഷേമനിധി പദ്ധതികളെക്കൂടി ഇ-ഡിസ്ട്രിക്ട് പദ്ധതിയിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?

## അധിക വിവരത്തിന്മേലുള്ള മറുപടി

1. ഇ-ഡിസ്ട്രിക്ട് പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്.

2. ഉണ്ട്.

3. പത്രകറിപ്പുകൾ, പരസ്യങ്ങൾ, റേഡിയോ, ടെലിവിഷൻ, വെബ്സൈറ്റ്, സോഷ്യൽ മീഡിയ എന്നീ മാധ്യമങ്ങളിലൂടെ പ്രചരണം നടത്തുകവഴി ഈ പദ്ധതിയെക്കുറിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുവാൻ സാധിച്ചിട്ടുണ്ട്.

4. ഇതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

ശിപാർശ 38 (ഖണ്ഡിക 123)

ആരോഗ്യമേഖലയിൽ ഡോ. എസ്. എം. എസ്. എന്ന പദ്ധതി വിജയകരമായി നടന്നുവരുന്ന സാഹചര്യത്തിൽ ടെലി മെഡിസിൻ പദ്ധതി എല്ലാ ജില്ലകളിലും വ്യാപകമാക്കാനുള്ള ശ്രമങ്ങൾകൂടി ഐ. ടി. വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ഐ. ടി. മിഷന്റെ ഡോ. എസ്. എം. എസ്. എന്ന പദ്ധതി ആരോഗ്യമേഖലയിൽ വിജയകരമായി നടന്നുവരികയാണ്. ടെലി-മെഡിസിൻ പദ്ധതി സി-ഡാക്ക് എല്ലാ ജില്ലകളിലുമായി 40-ൽ പരം സെന്ററുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

ശിപാർശ 39 (ഖണ്ഡിക 124)

ഇന്റഗ്രേറ്റഡ് സിറ്റിസൺ സർവ്വീസ് സെന്റർ എന്ന നിലയിൽ 2001-ൽ ആരംഭിച്ച ജനസേവന കേന്ദ്രങ്ങൾ വിവര സാങ്കേതികവിദ്യയുടെ ഗുണഫലങ്ങൾ സാധാരണ ജനങ്ങളിലേക്കെത്തിക്കുന്നതിന് സഹായകമായ രീതിയിൽ പ്രവർത്തിച്ചുവരുന്നുവെങ്കിലും മതിയായ ജീവനക്കാരുടെ അഭാവം ഇവയുടെ ഫലപ്രദമായ പ്രവർത്തനത്തിന് തടസ്സമാകുന്നുവെന്ന് സമിതി നിരീക്ഷിക്കുന്നു. ജനസേവന കേന്ദ്രങ്ങൾ (ഫ്രണ്ട്സ്) ഇപ്പോൾ ജില്ലാ ആസ്ഥാനങ്ങളിൽ മാത്രമാണ് പ്രവർത്തിക്കുന്നതെന്നും ഫ്രണ്ട്സിൽ പങ്കാളികളായ വകുപ്പിൽനിന്നും വർക്കിംഗ് അറേഞ്ചുമെന്റിലാണ് ജീവനക്കാരുടെ നിയമനം നടത്തുന്നതെന്നും, ജീവനക്കാരുടെ അപര്യാപ്തതമൂലം കൗണ്ടറുകളുടെ എണ്ണം പകുതിയായി കുറച്ചുവെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ നിയമിച്ച് കൗണ്ടറുകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്നും കൂടാതെ ജനസേവന കേന്ദ്രത്തിന്റെ പ്രവർത്തനം താലൂക്ക് തലത്തിൽകൂടി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

കേരളത്തിലെ 14 ജില്ലകളിലും ഒന്നു വീതം ഫ്രണ്ട്സ് ജനസേവനകേന്ദ്രം പ്രവർത്തിച്ചു വരുന്നു. പുതിയ കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിക്കാൻ സർക്കാർ തലത്തിൽ തീരുമാനമൊന്നും എടുത്തിട്ടില്ല. ഫ്രണ്ട്സിലെ പങ്കെടുക്കുന്ന വകുപ്പുകളിൽനിന്നും വർക്കിംഗ് അറേയ്ഞ്ചുമെന്റി

ലാണ് ജീവനക്കാരുടെ നിയമനം നടത്തുന്നത്. റവന്യൂ, സിവിൽ സപ്ലൈസ്, കെ. എസ്. ഇ. ബി., മോട്ടോർ വെഹിക്കൽ തുടങ്ങിയ വകുപ്പുകൾ ജീവനക്കാരെ തിരിച്ചുവിളിക്കുന്നത് ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങളുടെ സുഗമമായ നടത്തിപ്പിനെ ബാധിക്കുന്നുണ്ട്. ഇതു സംബന്ധിച്ച കത്തുകൾ വകുപ്പുകൾക്ക് നൽകിയിട്ടുണ്ടെങ്കിലും അനുകൂലമായ നിലപാട് ഉണ്ടായിട്ടില്ല. ജി.ഒ. (എംഎസ്.) നമ്പർ 1/2001/വി.സ.വ., തീയതി 20-1-2001 സർക്കാർ ഉത്തരവ് അടിസ്ഥാനത്തിലാണ് ഫ്രണ്ട്സിൽ ജീവനക്കാരുടെ നിയമനം നടത്തുന്നത്.

<u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>

തിരുവനന്തപുരം ജില്ലയിലുള്ളതുൾപ്പെടെ എല്ലാ ജില്ലകളിലെയും ജനസേവന കേന്ദ്രങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ലെന്നും, തലസ്ഥാന നഗരിയിലെ ജനസേവന കേന്ദ്രത്തിലെ 20 കൗണ്ടറുകളിൽ പകുതി പോലും പ്രവർത്തനക്ഷമമല്ലെന്നും ടോക്കൺ മെഷീൻ മാസങ്ങളായി പ്രവർത്തനരഹിതമാണെന്നും, നെറ്റ് വർക്ക് സംവിധാനം കാര്യക്ഷമമല്ലെന്നും സമിതി അഭിപ്രായപ്പെട്ടു. പുതിയ ജീവനക്കാരെ കണ്ടെത്തി പരിശീലനം നൽകുകയോ, മറ്റ് ഡിപ്പാർട്ടുമെന്റുകളിൽനിന്നും ജീവനക്കാരെ ഡെപ്യൂട്ടേഷനിൽ നിയമിക്കുകയോ, അല്ലെങ്കിൽ അതതു വകുപ്പുകളിൽനിന്നും ജീവനക്കാരെ പുനർ വിന്യസിച്ചോ സംസ്ഥാനത്തെ മുഴുവൻ ജനസേവന കേന്ദ്രങ്ങളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു

<u>അധിക വിവരത്തിന്മേലുള്ള മറുപടി</u>

ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അറ്റകുറ്റപ്പണികൾ പരിഹരിക്കുന്നതിനുമായി സ.ഉ.(സാധാ) നമ്പർ 230/2017/വി.സ.വ. തീയതി 30-9-2017 പ്രകാരം 2,18,45,448 രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ നവീകരിക്കുന്നതിനുള്ള നടപടികൾ കേരള സംസ്ഥാന ഐ.ടി. മിഷൻ സ്വീകരിച്ചു വരികയാണ്. ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിൽ ജീവനക്കാരെ നിയമിക്കുന്നത് ജോലി ക്രമീകരണ വ്യവസ്ഥയിലായിരിക്കേണ്ടതിനാൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനാവശ്യമായ ജീവനക്കാരെ നിയമിക്കണമെന്ന് ബന്ധപ്പെട്ട യൂണിവേഴ്സിറ്റി/രജിസ്ട്രാർമാർ/വകുപ്പ് തലവൻമാർ/സെക്രട്ടറിമാർ എന്നിവരോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

അക്ഷയ സെന്ററുകൾ വ്യാപകമാകുന്ന സാഹചര്യത്തിലും ജനസേവന കേന്ദ്രങ്ങളിലൂടെ ലഭ്യമാക്കുന്ന ഭൂരിഭാഗം സേവനങ്ങളും അക്ഷയ സെന്ററുകളിലൂടെ ലഭ്യമാകുന്ന സാഹചര്യത്തിലും ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം താലൂക്ക് തലത്തിൽക്കൂടി വ്യാപിപ്പിക്കേണ്ട സാഹചര്യം ഇപ്പോൾ നിലവിലില്ല. തിരുവനന്തപുരം ജില്ലയിലെ ജനസേവന കേന്ദ്രത്തിലെ ടോക്കൺ മെഷീന്റെ കേടുപാടുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ശിപാർശ 40 (ഖണ്ഡിക 125)

ജനസേവന കേന്ദ്രങ്ങൾവഴി നൽകുന്ന സേവനങ്ങളിൽ ഓൺലൈനായി പണമിടപാട് നടത്തുന്നതിനുള്ള സൗകര്യങ്ങൾകൂടി ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

വെബ് അധിഷ്ഠിതമായ സോഫ്റ്റ് വെയറിലേക്ക് (ഫ്രീസ്), ഫ്രണ്ട്സിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുകയാണ്. തിരുവനന്തപുരം ഫ്രണ്ട്സിൽ മുഖ്യമന്ത്രി പ്രസ്തുത സംവിധാനം 2010 ജൂൺമാസം 24-ാം തീയതി ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരം കൂടാതെ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, മലപ്പുറം, വയനാട് തുടങ്ങിയ ജില്ലകളിലേക്കും ഫ്രീസ് സോഫ്റ്റ് വെയർ നടപ്പിലാക്കി. മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. പ്രസ്തുത സോഫ്റ്റ് വെയറിന്റെ വിപുലീകരണത്തിലൂടെ പൊതുജനങ്ങൾക്ക് ഇന്റർനെറ്റ് മുഖേന പണമിടപാട് നടത്തുന്നതിനുള്ള സൗകര്യം ഒരുക്കാൻ കഴിയും. ഫ്രണ്ട്സിലെ പങ്കെടുക്കുന്ന വകുപ്പുകൾ അവരുടെ ഡേറ്റകൾ ഒരു കേന്ദ്രീകരണ സർവറിലേക്ക് ഏകോപിപ്പിക്കാൻ തയ്യാറാകുകയാണെങ്കിൽ അതിനുള്ള സാങ്കേതിക സഹായം നൽകുവാൻ ഐ. ടി. മിഷൻ തയ്യാറാണ്.

സമിതി ആവശ്യപ്പെട്ട അധികവിവരം

പ്രസ്തുത ഖണ്ഡികയിലെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടിയുടെ ഇപ്പോഴത്തെ സ്ഥിതി എന്ത്?

അധികവിവരത്തിന്മേലുള്ള മറുപടി

ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾവഴി ലഭ്യമാകുന്ന സേവനങ്ങൾ ഇ-ഡിസ്ട്രിക്റ്റ്, സ്റ്റേറ്റ് പോർട്ടൽ എന്നിവവഴിയും ലഭ്യമാണ്. ഇതിലൂടെ ലഭ്യമാകുന്ന സേവനങ്ങൾക്ക് ഓൺലൈനായി പണമിടപാട് നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ 41 (ഖണ്ഡിക 126)

ജനസേവന കേന്ദ്ര (ഫ്രണ്ട്സ്)ങ്ങളിലൂടെ ഇപ്പോൾ കേരള, മഹാത്മാഗാന്ധി, കോഴിക്കോട് എന്നീ സർവ്വകലാശാലകളുടെ സേവനങ്ങൾ മാത്രമാണ് നൽകി വരുന്നത്. ആയതിനാൽ ഇതിൽ ഇപ്പോൾ ഉൾപ്പെടാത്ത സർവ്വകലാശാലകളെക്കൂടി ഫ്രണ്ട്സിന്റെ പരിധിയിൽ ചേർക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഫ്രണ്ട്സിൽ നിലവിൽ കേരള മഹാത്മാഗാന്ധി, കോഴിക്കോട് എന്നീ സർവ്വകലാശാലകളുടെ സേവനങ്ങളാണ് നൽകുന്നത്. പുതിയ സോഫ്റ്റ് വെയറിന്റെ വിന്യാസത്തോടെ മറ്റ് സർവ്വകലാശാലകളെ ഫ്രണ്ട്സിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശിപാർശ 42 (ഖണ്ഡിക 127)</u>

ടെക്നോപാർക്കുകളുടെ വികസനത്തിന് അനുവദിക്കുന്ന തുകയുടെ ഗണ്യമായൊരു പങ്ക് ടെക്നോപാർക്കിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുക്കേണ്ടിവരുമ്പോൾ, നഷ്ട പരിഹാരമായി നൽകുന്നതിനായി ചെലവഴിക്കേണ്ടിവരുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു ഇക്കാരണത്താൽത്തന്നെ മറ്റ് വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് ഇല്ലാതെവരുന്ന അവസ്ഥയുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ടെക്നോപാർക്കുകൾക്ക് ഭൂമി ഏറ്റെടുക്കുന്നതിന് പുറമേയുള്ള വികസന പ്രവർത്തനങ്ങൾക്കായി കൂടുതൽ തുക ബഡ്ജറ്റ് വിഹിതമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പൂർണ്ണമായും യോജിക്കുന്നു.

<u>ശിപാർശ 43 (ഖണ്ഡിക 128)</u>

റോഡുകളുടെ ശോച്യാവസ്ഥയും വാഹനങ്ങളുടെ ബാഹുല്യവും ബസ്, ട്രെയിൻ തുടങ്ങിയ പൊതുഗതാഗത സൗകര്യങ്ങളുടെ കുറവുംമൂലം ടെക്നോപാർക്കിലെ ഉദ്യോഗസ്ഥർക്ക് സമയത്ത് ഓഫീസിൽ വന്നു പോകുവാൻ ബുദ്ധിമുട്ടനുഭവപ്പെടുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ റോഡുകളുടെ അറ്റകുറ്റപ്പണികൾ എത്രയും വേഗം പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടികൾ</u>

<u>പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭിച്ച മറുപടി</u>

തിരുവനന്തപുരം ടെക്നോപാർക്കിലേയ്ക്കുള്ള പൊതുമരാമത്ത് വകുപ്പ് റോഡുകളെല്ലാം തന്നെ അറ്റകുറ്റപ്പണികൾ നടത്തി ഗതാഗത യോഗ്യമാക്കിയിട്ടുള്ളതായി അറിയിക്കുന്നു .

<u>വിവരസാങ്കേതികവിദ്യാ വകുപ്പിൽനിന്നും ലഭിച്ച മറുപടി</u>

റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.

<u>ശിപാർശ 44 (ഖണ്ഡിക 129)</u>

സമീപ ജില്ലകളിൽനിന്ന് ടെക്നോപാർക്കിൽ ജോലിക്ക് വന്നുപോകുന്നവരുടെ സൗകര്യാർത്ഥം ഓഫീസ് സമയങ്ങളിൽ കൂടുതൽ ട്രെയിൻ സർവ്വീസുകൾ ഏർപ്പെടുത്തുവാനും ടെക്നോപാർക്കിന് സമീപമുള്ള റെയിൽവേസ്റ്റേഷൻ എന്ന നിലയിൽ കഴക്കൂട്ടം റെയിൽവേ സ്റ്റേഷൻ വികസിപ്പിച്ച് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ റെയിൽവേ മന്ത്രാലയത്തിൽ സമ്മർദ്ദം ചെലുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഇത് നടപ്പിലാക്കുന്നതിന് വേണ്ടി റെയിൽവേ അധികൃതരും മറ്റ് ബന്ധപ്പെട്ടവരുമായി ടെക്നോപാർക്ക് നിരന്തരം ബന്ധപ്പെട്ട് വരുന്നു. ചില ട്രെയിനുകൾ കഴക്കൂട്ടത്ത് നിർത്താൻ തുടങ്ങിയിട്ടുണ്ട്. കഴക്കൂട്ടം സ്റ്റേഷൻ വിപുലീകരണത്തിനും കൂടുതൽ ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്.

<u>ശിപാർശ 45 (ഖണ്ഡിക 130)</u>

ടെക്നോപാർക്കിൽ ജോലിചെയ്യുന്ന കേരളീയരല്ലാത്തവരുടെ മക്കൾക്ക് പഠിക്കുവാൻ സി. ബി. എസ്. ഇ സിലബസ്സിലുള്ള സ്കൂളുകൾ തിരുവനന്തപുരത്ത് കുറവാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, സി. ബി. എസ്. ഇ. സിലബസ്സുള്ള കൂടുതൽ സ്കൂളുകൾ ടെക്നോപാർക്കിന്റെ സമീപ പ്രദേശങ്ങളിൽ ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സി. ബി. എസ്. ഇ. സിലബസ്സുള്ള കൂടുതൽ മെച്ചപ്പെട്ട സ്കൂളുകൾ ടെക്നോപാർക്കിന്റെ സമീപപ്രദേശങ്ങളിൽ ആരംഭിക്കുന്നതിനായി ശ്രമിക്കുന്നുണ്ട്.

<u>ശിപാർശ 46 (ഖണ്ഡിക 131)</u>

സർക്കാർ മേഖലയിലുള്ള സ്ഥാപനങ്ങളിലെ ഇ-വേസ്റ്റ് നീക്കം ചെയ്യുന്നതിനെക്കുറിച്ച് മാത്രമാണ് വകുപ്പിൽനിന്ന് ലഭിച്ച മറുപടിയിൽ പരാമർശിച്ചിരിക്കുന്നത്. ഇ-വേസ്റ്റ് സംസ്കരണം, ഐ.ടി. കമ്പനികൾ സ്ഥിതി ചെയ്യുന്ന ടെക്നോ/ഇൻഫോ സൈബർ പാർക്കുകൾ പോലെയുള്ള കെട്ടിട സമുച്ചയങ്ങളിൽ ഒതുങ്ങിനിൽക്കുന്നതായി സമിതി നിരീക്ഷിക്കുന്നു. എന്നാൽ കേരളത്തിൽ സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലും ധാരാളം ഐ. ടി. സംരംഭങ്ങൾ ഉയർന്നുവരുന്നതിനാൽ അവയിൽ നിന്നുമുള്ള ഇ-വേസ്റ്റ് നിർമ്മാർജ്ജനത്തെക്കുറിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ആലോചിച്ച് ആയതിന്റെ ദോഷരഹിതമായ സംസ്കരണത്തിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനമലിനീകരണ നിയന്ത്രണ ബോർഡ് നിലവിൽ ഇ-മാലിന്യവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത് പരിസ്ഥിതി സംരക്ഷണ നിയമം 1986-ന്റെ കീഴിൽ കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത ഹസാർഡ്സ് വേസ്റ്റ് (മാനേജ്മെന്റ്, ഹാൻഡിലിംഗ് ആന്റ് ട്രാൻസ്ബൗണ്ടറി മൂവ്മെന്റ്) ചട്ടങ്ങൾ 2008 പ്രകാരമാണ്. ഇ-വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാൻഡിലിംഗ്) റൂൾസ് കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയം 2011 മേയ് 12-ന് വിജ്ഞാപനം ചെയ്തു. ഈ നിയമം 1-5-2012 മുതലാണ് പ്രാബല്യത്തിൽ വരുന്നത്. സംസ്ഥാനത്ത് ഇ-വേസ്റ്റ് അപകടരഹിതമായി സംസ്കരിക്കുന്നതിന് നടപടി ക്രമങ്ങൾ രൂപപ്പെടുത്തുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റി തീരുമാനപ്രകാരം ഇ-വേസ്റ്റ് സംസ്കരണം ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഒരു പ്രൊപ്പോസൽ തയ്യാറാക്കാൻ KSIDC-യെ ചുമതലപ്പെടുത്തുകയും അതനുസരിച്ച് തയ്യാറാക്കിയ നിർദ്ദേശങ്ങൾ കേന്ദ്ര ഐ. ടി., വനം, പരിസ്ഥിതി വകുപ്പിനും അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര വനം പരിസ്ഥിതി വകുപ്പ് ഇക്കാര്യം പരിശോധിക്കുകയും കോമൺ റീസൈക്ലിംഗ് പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പായി ഇ-വേസ്റ്റ് ഇൻ വെന്ററൈസേഷൻ നടപടി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടത്തേണ്ടതാണെന്നും അറിയിച്ചിട്ടുണ്ട്. ഇ-വേസ്റ്റ് ഇൻ വെന്ററൈസേഷന്റെ നടപടികൾ പുരോഗമിച്ചു വരികയാണ് എന്ന് മലിനീകരണ നിയന്ത്രണ ബോർഡ് അറിയിച്ചിട്ടുണ്ട്.

നിലവിൽ സംസ്ഥാനത്ത് ഇ-വേസ്റ്റ് സംസ്കരിക്കുന്നതിനുള്ള യൂണിറ്റുകളൊന്നും പ്രവർത്തിക്കുന്നില്ല. പാലക്കാട്ടുള്ള എർത്ത് സെൻസ് റീസൈക്കിൾ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ഇ-വേസ്റ്റ് ശേഖരിക്കുന്നതിനും സൂക്ഷിക്കുന്നതിനും പിന്നീട് ബംഗളൂരുവിലെ ഇ-പരിസര എന്ന സ്ഥാപനത്തിന് കൈമാറുന്നതിനുമുള്ള അനുമതി 10-2-2010-ൽ ബോർഡ് നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സ്ഥാപനങ്ങളിൽ നിന്നും ഇ-മാലിന്യം ശേഖരിക്കുന്നു.

എറണാകുളത്ത് അമ്പലമേട്ടിലുള്ള ഹസാർഡ്സ് മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള കോമൺ ഹസാർഡ്സ് വേസ്റ്റ് ട്രീറ്റ്മെന്റ്, സ്റ്റോറേജ്, ഡിസ്പോസൽ സംവിധാനം വിപുലീകരിച്ച് ഇ-മാലിന്യവുംകൂടി ശേഖരിച്ച് സംസ്കരിക്കാനുള്ള സംവിധാനം ഏർപ്പെടുത്താനുള്ള KEIL (Kerala Enviro Infrastructure Limited) ന്റെ പ്രൊപ്പോസൽ ബോർഡിന്റെ പരിഗണനയിലാണ്.

## സമിതി ആവശ്യപ്പെട്ട അധിക വിവരം

1. ഇ-വേസ്റ്റ് ഇൻവെന്ററൈസേഷൻ നടപടികളുടെ നിലവിലെ അവസ്ഥ എന്ത്?

2. എന്തൊക്കെ മാലിന്യങ്ങളാണ് ഇ-വേസ്റ്റിൽ ഉൾപ്പെടുന്നത്?

3. ഏത് ജില്ലയിൽ നിന്നാണ് കൂടുതൽ ഇ-വേസ്റ്റ് ശേഖരിക്കുന്നത്, എങ്ങനെയാണ് അവ ഡിസ്പോസ് ചെയ്യുന്നത്?

<u>അധിക വിവരത്തിന്മേലുള്ള മറുപടി</u>

1. ഇ-മാലിന്യം സുരക്ഷിതമായി ശേഖരിക്കുന്നതും ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതും ഉറപ്പാക്കാനായി സംസ്ഥാന സർക്കാർ 1-1-2014-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് വിവിധ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വവും കൈക്കൊള്ളേണ്ട നടപടിയും ഈ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതു പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ ഇ-മാലിന്യ ശേഖരണ സംവിധാനം നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡ് നടത്തി വരുന്നു.

2. കേന്ദ്ര സർക്കാർ 2011-ൽ വിജ്ഞാപനം ചെയ്ത ഇ-വേസ്റ്റ് (മാനേജ്മെന്റ് & ഹാൻഡിലിംഗ്) ചട്ടങ്ങൾ പ്രകാരം ഉപയോഗശൂന്യമായ ഇലക്ട്രിക്കൽ/ഇലക്ട്രോണിക്ക് ഉപകരണങ്ങളും അവയുടെ അവശിഷ്ടങ്ങളെയുമാണ് ഇ-മാലിന്യങ്ങളായി പരിഗണിക്കുന്നത്.

3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ ഇ-മാലിന്യ ശേഖരണ സംവിധാനം നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിവരുന്നു. ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

<u>ശിപാർശ 47 (ഖണ്ഡിക 133)</u>

സന്നദ്ധ സംഘടനകൾ, സ്വയം സഹായ സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവയുടെ സഹായത്തോടെ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തി ഇ-സാക്ഷരത യജ്ഞത്തിന് തുടക്കം കുറിക്കുവാൻ വിവരസാങ്കേതികവിദ്യാ വകുപ്പ് തന്നെ നേതൃത്വം കൊടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വിവരസാങ്കേതികവിദ്യയുടെ ഗുണഫലങ്ങൾ സാധാരണക്കാർക്ക് പ്രാപ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് അക്ഷയ പദ്ധതി ആരംഭിച്ചത്. ഇപ്പോൾ കേരളത്തിൽ രണ്ടായിരത്തിലധികം അക്ഷയ സെന്ററുകൾവഴി വിവിധ തരം സർക്കാർ-സർക്കാരേതിര സേവനങ്ങൾ സുതാര്യവും സമയ ബന്ധിതവുമായി പൊതുജനങ്ങൾക്ക് ഉപകാരപ്രദമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഇ-വിദ്യ, ഇന്റൽ ലോൺ മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ തുടങ്ങിയ കമ്പ്യൂട്ടർ കോഴ്സുകൾ, ഇഗ്നോ, ഡൊയാക്, സി-ഡിറ്റ്, തുടങ്ങിയവയുടെ കമ്പ്യൂട്ടർ അനുബന്ധ കോഴ്സുകൾ, കാഴ്ച വൈകല്യമുള്ളവർക്കുള്ള ഇൻസൈറ്റ് പ്രോഗ്രാം, റേഷൻ കാർഡിനുള്ള അപേക്ഷ, വാറ്റ് റിട്ടേൺ ഇ-ഫയലിംഗ്, റെയിൽവേ ഇ-ടിക്കറ്റിംഗ്, ഇലക്ട്രിസിറ്റി ബില്ല്, വെള്ളക്കരം, ബി. എസ്. എൻ. എൽ. ലാൻഡ് മൊബൈൽ ബില്ലുകൾ

തുടങ്ങിയ ഇ-പേയ്മെന്റുകൾ, ഇ-ഡിസ്ട്രിക്ട് സേവനങ്ങൾ, എ.പി.എൽ. ബി.പി.എൽ. കാർഡുടമകളുടെ ആരോഗ്യ ഇൻഷ്വറൻസ് രജിസ്ട്രേഷൻ, യു.ഐ.ഡി.എ.ഐ. ആധാർ, ഇ-മണൽ, ഇഗ്രാൻഡ്സ് അപേക്ഷ കെ.എൻ.ആർ.കെ. യുടെ ഫണ്ട് സബ്സ്ക്രിപ്ഷൻ സമാഹരണം, കേരള എൻട്രൻസ് അഡ്മിറ്റ് കാർഡ്, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഹെൽപ്പ് ഡെസ്ക്, ജനമൈത്രി പോലീസ് സ്റ്റേഷനുകളിലെ ഹെൽപ്പ് ഡെസ്ക്, എൽ.ഐ.സി. മൈക്രോ ഇൻഷ്വറൻസ്, മലയാളം കമ്പ്യൂട്ടിംഗ് ട്രെയിനിംഗ്, എന്റെ ഗ്രാമം വെബ്പോർട്ടൽ, ഇ-കൃഷി തുടങ്ങിയവ അക്ഷയ കേന്ദ്രങ്ങൾ വഴി നടന്നു വരുന്നു.

<u>ശിപാർശ 48 (ഖണ്ഡിക 134)</u>

14 ജില്ലകളിലും അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുകയും ജന സേവന കേന്ദ്രങ്ങൾവഴി ലഭിക്കുന്ന സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങൾവഴി ലഭ്യമാക്കുകയും ചെയ്യുന്നത് കണക്കിലെടുത്ത് അക്ഷയ പദ്ധതിയുടെ കൂടുതൽ കേന്ദ്രങ്ങൾ എല്ലാ പഞ്ചായത്തിലും ആരംഭിക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

എല്ലാ ജില്ലകളിലും ആവശ്യമുള്ള അക്ഷയ കേന്ദ്രങ്ങൾക്കായി പുതിയ ലൊക്കേഷനുകളുടെ പട്ടിക തയ്യാറാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

<u>ശിപാർശ 49 (ഖണ്ഡിക 135)</u>

മലയാളം കമ്പ്യൂട്ടിംഗിന്റെ പ്രോത്സാഹനത്തിനായി വിവര സാങ്കേതിക വകുപ്പ് വളരെയേറെ കാര്യങ്ങൾ ചെയ്തതായി പറയുന്നുണ്ടെങ്കിലും പ്രായോഗിക തലത്തിൽ അതിന്റെ നിർവ്വഹണം ശരിയായ ദിശയിലല്ലാതിരുന്നതു കൊണ്ടുതന്നെ ഇതിന് വേണ്ടത്ര വിജയം കൈവരിക്കാൻ കഴിഞ്ഞില്ല എന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ മലയാളം കമ്പ്യൂട്ടിംഗ് വ്യാപകമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മലയാളം കമ്പ്യൂട്ടിംഗ് വ്യാപിപ്പിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

- യൂണിക്കോഡ് മലയാളം കമ്പ്യൂട്ടറിൽ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കാനുള്ള വിവിധ പ്രചരണ പരിപാടികൾ അക്ഷയ കേന്ദ്രങ്ങൾവഴി എല്ലാ ജില്ലകളിലും നടന്നു വരുന്നു.
- മലയാളം കമ്പ്യൂട്ടിംഗ് സാങ്കേതിക സഹായം ലഭ്യമാക്കാൻ <u>www.malayalam.kerala.gov.in</u> എന്നൊരു വെബ് സൈറ്റ് ആരംഭിച്ചിട്ടുണ്ട്.

- മലയാളത്തിൽ വിവിധ ഓൺലൈൻ ടൂളുകൾ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ www.tools.malayalam.kerala.gov.in എന്ന വെബ് സൈറ്റ് തുടങ്ങിയിട്ടുണ്ട്. ഇതിൽ മലയാളം-ഇംഗ്ലീഷ് നിഘണ്ടു, ഇംഗ്ലീഷ് - മലയാളം നിഘണ്ടു, നാനാർത്ഥ നിഘണ്ടു എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

- പദ്ധതിയുടെ ഭാഗമായി മലയാളം ടൈപ്പിംഗ് പഠന സഹായിയായി കീ ബോർഡ് സ്റ്റിക്കറുകൾ, ഹാന്റ് ബുക്കുകൾ എന്നിവയും സംസ്ഥാനത്താകമാനം വിവിധ തലങ്ങളിൽ ജില്ലാ അക്ഷയാ ഓഫീസുകൾവഴി വിതരണം ചെയ്തിട്ടുണ്ട്.

- മലയാളം കമ്പ്യൂട്ടിംഗ് പദ്ധതിയുടെ ഭാഗമായി യൂണിക്കോഡ് മലയാളത്തിൽ പ്രാവീണ്യം നൽകുന്നതിനായി സി-ഡിറ്റിന്റെ സഹകരണത്തോടുകൂടി ഒരു കോഴ്സ് സംഘടിപ്പിച്ചു. അക്ഷയ സെന്ററുകൾ, സി. ഇ. പി. സെന്ററുകൾ വഴിയാണ് ഈ കോഴ്സുകൾ സംഘടിപ്പിച്ചത്.

- യൂണിക്കോഡിൽ മലയാളം സർക്കാർ ഉദ്യോഗസ്ഥർക്ക് അക്ഷയ സെന്ററുകൾവഴി പരിശീലനം നടന്നുവരുന്നു. കൂടാതെ സർക്കാർ ഓഫീസുകളിൽ പദ്ധതിയുടെ ഭാഗമായി കമ്പ്യൂട്ടറുകളിൽ മലയാളം ലഭ്യമാക്കുകയും ചെയ്തു വരുന്നു.

- മലയാളം കമ്പ്യൂട്ടിംഗ് പദ്ധതി വ്യാപകമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് കോളേജുകളിലായി കലാലയം എന്ന പദ്ധതി 35 കോളേജുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

- ഇന്റർനെറ്റിൽ മലയാളം പ്രാദേശിക ഉള്ളടക്കം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി എന്റെ ഗ്രാമം എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ വെബ് അഡ്രസ്സ് www.entegramam.gov.in

- വിവിധ സർക്കാർ വകുപ്പുകളുടെ വെബ്സൈറ്റുകൾ മലയാളത്തിൽ ആക്കുമ്പോൾ യൂണിക്കോഡ് അധിഷ്ഠിതമായിരിക്കണമെന്ന് 2826/B1/09/ITD തീയതി 30-7-2009 സർക്കുലർ പ്രകാരം എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

- കമ്പ്യൂട്ടറിൽ മലയാളം ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി കേരളാ സ്റ്റേറ്റ് ഐ. ടി. മിഷൻ എല്ലാ സർക്കാർ ജീവനക്കാർക്കും യൂണിക്കോഡ് മലയാളം ഉപയോഗിക്കുന്നതിനായുള്ള പരിശീലനം അക്ഷയയുടെ സഹായത്തോടെ നല്കി വരുന്നു.

## ശിപാർശ 50 (ഖണ്ഡിക 136)

സ്വതന്ത്ര സോഫ്റ്റ് വെയറിന്റെ ഉപയോഗം വ്യാപകമാക്കുന്നതിനായി രൂപം കൊടുത്തിട്ടുള്ള ഐ.സി. ഫോർ ഫോസ് എന്ന സ്ഥാപനം സെക്യൂരിറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുകയും ഡയറക്ടറുടെ നിയമനം സംബന്ധിച്ച് തീരുമാനമാകുകയും

ചെയ്യുവെങ്കിലും ഇതുവരെ പ്രവർത്തനമാരംഭിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. കൂടുതൽ വില നൽകി പ്രൊപ്രൈറ്ററി സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തുകയും സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിനുള്ള കൂടുതൽ പരിശീലനം നൽകുകയും ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടികൾ

### വിവരസാങ്കേതികവിദ്യാ വകുപ്പിൽനിന്നും 6-11-2012 -ൽ ലഭിച്ച മറുപടി

ഐ. സി. ഫോസ് 1955-ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം 21-8-2009-ൽ രജിസ്റ്റർ ചെയ്യുകയും 1-3-2011-ൽ ഡയറക്ടറെ നിയമിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. പ്രൊപ്രൈറ്ററി സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തുകയും സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിനുള്ള കൂടുതൽ പരിശീലനം നൽകുന്നതിലേക്കുമായി സെമിനാറുകൾ, വർക്ക് ഷോപ്പുകൾ എന്നിവ ഐ. സി. ഫോസ് നടത്തുന്നുണ്ട്. പൊതുജനത്തിന്റെ ഉപയോഗത്തിനായി ശക്തവും, ചെലവില്ലാത്തതും, സ്വതന്ത്ര സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ ICFOSS പ്രോത്സാഹിപ്പിച്ചു വരുന്നുണ്ട്.

കൂടാതെ പുതിയ സാങ്കേതികവശങ്ങൾ നിർദ്ദേശിക്കുക, ആപ്ലിക്കേഷനുകൾ വിലയിരുത്തുകയും പരിശോധിക്കുകയും ചെയ്യുക, മലയാളത്തിലേക്കും മറ്റ് ഇൻഡ്യൻ ഭാഷകളിലേക്കും പരിഭാഷപ്പെടുത്തുക, പ്രൊമോഷനും കപ്പാസിറ്റി ബിൽഡിംഗും ലഭ്യമാക്കുക, പകരമായി ഉപയോഗിക്കാവുന്ന മോഡ്യൂളുകളായ ക്ലൗഡ് അധിഷ്ഠിതമായ സോഫ്റ്റ്‌വെയർ-ആസ്-എ-സർവ്വീസ് (സാസ്) പോലുള്ള മോഡലുകൾ കണ്ടെത്തുക എന്നിവയിലും ഐ. സി. ഫോസ് സഹായം നൽകുന്നു.

എൻജിനീയറിങ്ങ് കോളേജുകളിലെയും ഐ. ഐ. ഐ. റ്റി. എം. കെ. പോലുള്ള സ്ഥാപനങ്ങളിലേയും വിദ്യാർഥികൾക്ക് സ്വതന്ത്ര സോഫ്റ്റ്‌വെയർ അധിഷ്ഠിതമായ പ്രോജക്ടുകളിൽ ഐ. സി. ഫോസ് പരിശീലനം നൽകി വരുന്നു. വിദ്യാർത്ഥികളുടെ കഴിവ് വർദ്ധിപ്പിക്കുന്നതിനായി വിവിധ കോളേജുകളിൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ സെല്ലുകൾ ആരംഭിക്കുന്നതിനുള്ള നടപടി ഐ. സി. ഫോസ് ആരംഭിച്ച് കഴിഞ്ഞു. സ്വതന്ത്ര സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ പ്ലാറ്റ്ഫോമുകൾ ഉണ്ടാക്കുന്നതിന് വേണ്ടുന്ന ഫ്രീ ഇൻകുബേഷൻ സപ്പോർട്ട്, ആവശ്യമുള്ള എഞ്ചിനീയർമാർക്ക് നൽകി വരുന്നു.

പഠനം പൂർത്തിയാക്കി പുറത്തിറങ്ങുന്ന എഞ്ചിനീയർമാർക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രീ-ഇൻക്യുബേഷൻ, ഇൻക്യുബേഷൻ സപ്പോർട്ട് നൽകുന്നതിനുള്ള വിപുലമായ ഒരു പരിപാടി ഐ. സി. ഫോസ് തയ്യാറാക്കിയിട്ടുണ്ട്. ഇൻഡ്യയിലും വിദേശത്തുമുള്ള പ്രധാനപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി യോജിച്ചുകൊണ്ട് ഐ. സി. ഫോസ് വിദ്യാഭ്യാസ പരിപാടികൾ പഠന പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

കേന്ദ്ര സർക്കാരിന്റെ വിവരസാങ്കേതികവിദ്യാ വിനിമയ മന്ത്രാലയത്തിന്റെ കീഴിലുള്ള വിവരസാങ്കേതികവിദ്യാ വകുപ്പ് ഫണ്ട് നൽകുന്ന ഒരു ആർ & ഡി പദ്ധതി ഐ. സി. ഫോസ് നടത്തി വരുന്നു.

<u>വിവരസാങ്കേതികവിദ്യാ വകുപ്പിൽനിന്നും 26-11-2014-ൽ ലഭിച്ച മറുപടി</u>

2009 ആഗസ്റ്റ് 21-ാം തീയതി ഐ. സി. ഫോസ് നിലവിൽ വന്നു. വിവിധ മാർഗ്ഗങ്ങളിലൂടെ വിൻഡോസ് പ്ലാറ്റ്ഫോമിൽനിന്ന് സ്വതന്ത്ര സോഫ്റ്റ്വെയറിലേയ്ക്ക് പരിവർത്തനം നടത്തുന്നതിന് കേരള സർക്കാരിനു താഴെ പറയുന്ന വിധത്തിൽ ഐ. സി. ഫോസ് സഹായിച്ചു വരുന്നു:

- സഹായം ആവശ്യമുള്ള ഏതെങ്കിലും വകുപ്പുകൾക്ക് അത്തരം സാങ്കേതിക സഹായം നൽകൽ.
- ജീവനക്കാർക്ക് ആവശ്യപ്പെടുന്ന രീതിയിലുള്ള പരിശീലനം നൽകൽ.
- ഏതെങ്കിലും വകുപ്പുകൾക്കോ സ്ഥാപനങ്ങൾക്കോ ഉപയോഗിക്കാവുന്ന തരത്തിൽ പരിവർത്തനത്തിനു വേണ്ടിയുള്ള ലഘു പുസ്തകം നൽകൽ.
- ഏതെങ്കിലും സ്ഥാപനത്തിന്റെ പ്രത്യേകമായിട്ടുള്ള ആവശ്യകത നിറവേറ്റുന്ന തിനായി സോഫ്റ്റ്വെയർ വികസിപ്പിക്കുകയും കസ്റ്റമൈസ് ചെയ്യുകയും അല്ലെങ്കിൽ വികസിപ്പിക്കുകയോ കസ്റ്റമൈസ് ചെയ്യുകയോ ചെയ്യുന്നതിനായി സാങ്കേതിക വിദഗ്ദ്ധരേയും സോഫ്റ്റ്വെയർ നിർമ്മാതാക്കളെയും ഏർപ്പെടുത്തൽ (കേരള ലെജിസ്ലേറ്റീവ് അസംബ്ലിയുടെ കാര്യത്തിൽ നടത്തിയതു പോലെ) മേൽ പറഞ്ഞ നടപടികളിലൂടെ ഉടമസ്ഥാവകാശത്തിലുള്ള സോഫ്റ്റ് വെയറിൽനിന്ന് സ്വതന്ത്ര സോഫ്റ്റ് വെയറിലേയ്ക്കുള്ള പരിവർത്തനം ആഗ്രഹിക്കുന്ന ഏജൻസികൾക്ക് അതിനായുള്ള സഹായ സഹകരണങ്ങൾ നൽകുന്നതാണ്.

<u>ശിപാർശ 51 (ഖണ്ഡിക 138)</u>

ആഗോള സാമ്പത്തിക മാന്ദ്യം വികസിത രാജ്യങ്ങളുടെ സാമ്പത്തിക പുരോഗതിയെപ്പോലും പ്രതികൂലമായി ബാധിച്ചപ്പോൾ കേരളത്തിലെ ഐ.ടി. വ്യവസായരംഗത്തിന് അത്രത്തോളം തകർച്ച നേരിടേണ്ടി വന്നില്ല എന്നത് ശ്രദ്ധേയമാണ്. ഇന്നത്തെ സാഹചര്യത്തിൽ കേരളത്തെ ഐ.ടി. വ്യവസായങ്ങളുടെ ഒരു ഔട്ട്സോഴ്സിംഗ് കേന്ദ്രമായി മാറ്റുന്നത് ശരിയല്ല എന്ന അഭിപ്രായമാണ് സമിതിക്കുള്ളത്.

## സർക്കാർ സ്വീകരിച്ച നടപടി

ഐ. ടി. പാർക്കുകളിൽ പൊതുവെ ഐ. ടി. മേഖലയിലുള്ള ഔട്ട് സോഴ്സിംഗ് കമ്പനികൾ കുറവാണ്. ഏകദേശം 100% കമ്പനികളും പ്രോഡക്ടും സർവ്വീസും സംബന്ധമായ ഐ. ടി. മേഖലകളിലാണ് പ്രവർത്തിക്കുന്നത്. ആയതിനാൽ ആഗോള സാമ്പത്തിക മാന്ദ്യം കാലയളവിൽ കേരളത്തിലെ ഐ. ടി. പാർക്കുകൾക്ക് അത്രത്തോളം തകർച്ച നേരിടേണ്ടി വന്നിട്ടില്ല.

## ശിപാർശ 52 (ഖണ്ഡിക 140)

എസ്റ്റിമേറ്റ്സ് കമ്മിറ്റി ആദ്യമായാണ് താരതമ്യേന ഒരു പുതിയ വകുപ്പായ ഐ. ടി. പ്രവർത്തനങ്ങൾ പഠന വിധേയമാക്കുന്നത്. സമിതി മുൻപാകെ ലഭ്യമായ വിവരങ്ങൾ വച്ച് അവലോകനം ചെയ്യുമ്പോൾ ലക്ഷ്യം കൈവരിക്കുന്നതിൽ വകുപ്പ് വളരെയധികം മുന്നോട്ട് പോയിട്ടുണ്ടെങ്കിലും കാലത്തിന്റെ മാറ്റം ഉൾക്കൊണ്ട് പ്രവർത്തിക്കുന്നതിൽ വകുപ്പ് പൂർണ്ണമായി വിജയിച്ചു എന്ന് പറയുവാൻ കഴിയില്ല. ചില മേഖലകളിൽ വകുപ്പിന്റെ പ്രവർത്തനം ഇപ്പോഴും ശൈശവാവസ്ഥയിലാണെന്ന് സമിതി വിലയിരുത്തുന്നു. പ്രത്യേകിച്ച് ഇ-ഗവേണൻസിന്റെ കാര്യത്തിൽ ഭരണ സംവിധാനത്തെയും ജനങ്ങളേയും കൂട്ടിയിണക്കുന്ന ഒരു കണ്ണി എന്ന നിലയിൽ പ്രവർത്തിക്കേണ്ട ഇ-ഗവേണൻസ് സംവിധാനത്തിന്റെ നടത്തിപ്പിന്റെ വകുപ്പ് ഇനിയും ബഹുദൂരം മുന്നേറേണ്ടതായിട്ടുണ്ട്. ഐ. ടി. അധിഷ്ഠിത വ്യവസായം പ്രോത്സാഹിപ്പിക്കുക ജനങ്ങളിലേക്ക് ഐ. ടി. യുടെ പ്രയോജനം എത്തിക്കുക എന്നീ മേഖലകളിൽ വിജയം നേടുവാൻ കൂടുതൽ ക്രിയാത്മകവും ഗൗരവകരവുമായ പ്രവർത്തനങ്ങളുമായി വിവരസാങ്കേതികവിദ്യാ വകുപ്പ് മുന്നോട്ട് പോകുമെന്ന് സമിതി പ്രത്യാശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

ഐ. ടി. മേഖലയുടെ സമ്പൂർണ്ണവും സമഗ്രവുമായ വികസനത്തിന് ഉതകുന്ന നിരവധി കർമ്മ പരിപാടികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. ഇ-ഗവേണൻസ് മേഖലയിൽ രാജ്യത്ത് തന്നെ ഒന്നാം സ്ഥാനത്താണ് കേരളം എല്ലാ ജില്ലകളിലും e-District പദ്ധതി നടപ്പാക്കിയ ആദ്യ സംസ്ഥാനമാണ് കേരളം. റവന്യൂ വകുപ്പിന്റെ 23 സേവനങ്ങൾക്ക് പുറമേ RTI, സേവനങ്ങൾ, 500-ൽ പരം ബില്ലടക്കാനുള്ള സൗകര്യങ്ങൾ തുടങ്ങിയവ ഇ-ഡിസ്ട്രിക്റ്റ്വഴി നടപ്പാക്കി കഴിഞ്ഞു. രാജ്യത്തിന്റെ തന്നെ ശ്രദ്ധ പിടിച്ചുപറ്റിയ ഇൻകുബേഷൻ സെന്റർ, start up വില്ലേജ് തുടങ്ങിയ സംരംഭങ്ങൾ ഐ. ടി. പാർക്കുകളുടെ വികസനം, ഡാറ്റ ഷെയറിങ്, ആധാർ അധിഷ്ഠിത സേവനങ്ങൾ തുടങ്ങി നിരവധി പുതുസംരംഭങ്ങൾ ആണ് ശ്രദ്ധേയമായ ഐ. ടി. വികസനം സാധ്യമാക്കിയത്.

തിരുവനന്തപുരം,
2018 ജൂൺ 12.

എസ്. ശർമ്മ,
*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.